പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 241

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 241

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

304/2025.

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബിൽ

1974-ലെ കേരള സർവ്വകലാശാല ആക്റ്റും 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റും 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1974-ലെ കേരള സർവ്വകലാശാല ആക്റ്റും (1974-ലെ 17), 1975-ലെ കാലിക്കറ്റ് സർവ്വകലാശാല ആക്റ്റും (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റും (1985-ലെ 12), 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റും (1994-ലെ 5), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റും (1996-ലെ 22) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1974-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17),—

(എ) 2-ാം വകുപ്പിൽ, (32)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (33) " കോളേജ് കൗൺസിൽ" എന്നാൽ 53എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കോളേജ് കൗൺസിൽ എന്നർത്ഥമാകുന്നു;

(34) " കോൺസ്റ്റിറ്റ്യുവന്റ് കോളേജ്" എന്നാൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടതും 69റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് കോളേജായി സിൻഡിക്കേറ്റ് അംഗീകരിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(35) " കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ" എന്നാൽ 69 റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു സെന്റർ എന്നർത്ഥമാകുന്നു;

(36) " കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്" എന്നാൽ 69 റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു ഡിപ്പാർട്ട്മെന്റ് എന്നർത്ഥമാകുന്നു;

(37) " ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ ആക്ടിന്റെ 31 എ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(38) " ഗവേഷണ കൗൺസിൽ" എന്നാൽ 25 എ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു;

(39) " ഗവേഷണ പാർക്ക്" എന്നാൽ 80 ഡി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(40) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 80 ബി വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.".

(ബി) 4-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം റവന്യൂ ജില്ലകളിലും പത്തനംതിട്ട റവന്യൂ ജില്ലയിലെ അടൂർ താലൂക്കിലും കുട്ടനാട് താലൂക്ക് ഒഴികെയുള്ള ആലപ്പുഴ റവന്യൂ ജില്ലയിലും സർവ്വകലാശാലയുടെ അധികാരത്തിന് വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.".

(സി) 8-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 8. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(ഡി) 10-ാം വകുപ്പിൽ, (13)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (13) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്രവേഗം, അടിയന്തരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം

ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതനുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

(ഇ) 11-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.";

(ii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ ബിരുദവും പത്ത് വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്.";

(iii) (4) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iv) (5)-ാം ഉപവകുപ്പിൽ "ചാൻസലർ നിർണ്ണയിക്കേണ്ടതാണ്" , എന്നീ വാക്കുകൾക്ക് പകരം " സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

(എഫ്) 18-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (6) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലെ മൂന്നിലൊന്ന് അംഗങ്ങളെ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം, സെനറ്റ് രൂപീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും രജിസ്ട്രാർ, അത് ഒരു വിജ്ഞാപനം വഴി പ്രഖ്യാപിക്കേണ്ടതുമാണ്.".

(ജി) 19-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ,—

(i) (എ ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(iii) (ഇ) ഖണ്ഡത്തിൽ, " ലെക്ചറർമാരുടെ തസ്തികകളും" എന്നീ വാക്കുകൾക്ക് ശേഷം " അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകളും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ജെ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(എച്ച്) 21-ാം വകുപ്പിൽ,—

(i) " എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിൽ,—

(എ) (ഡി) ഇനം വിട്ടുകളയേണ്ടതാണ്;

(ബി) (എഫ്) ഇനം വിട്ടുകളയേണ്ടതാണ്;

(ii) " മറ്റംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിൽ,—

(എ) (എ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (എ) സെനറ്റ് അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് അംഗങ്ങൾ, അവരിൽ,—

(i) നാല് പേർ അദ്ധ്യാപകരല്ലാത്തവരും, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗ്രോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ് ;

(ii) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെ ഒരു പ്രിൻസിപ്പൽ; കൂടാതെ

(iii) പ്രിൻസിപ്പൽമാർ അല്ലാത്ത മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനും ഒരാൾ സർക്കാർ കോളേജജിലെ അദ്ധ്യാപകനും ഒരാൾ സ്വകാര്യ കോളേജിലെ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്.

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, " സ്വകാര്യ കോളേജ്" എന്നാൽ അൺ-എയ്ഡഡ് കോളേജുകൾ അല്ലാത്ത സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു.";

(ബി) (ബി) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (ബി) താഴെ പരാമർശിച്ചിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്ന് സെനറ്റ് തെരഞ്ഞെടുത്ത ഒരു വിദ്യാർത്ഥി അംഗം,-

(i) 17-ാം വകുപ്പിൽ " എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (15);

(ii) 17-ാം വകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (12); കൂടാതെ

(iii) 17-ാം വകുപ്പിൽ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (3).";

(സി) (ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (ഡി) റൊട്ടേഷൻ അടിസ്ഥാനത്തിൽ സീനിയോറിറ്റി അനുസരിച്ച് രണ്ട് വർഷക്കാലത്തേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ.".

(ഐ) 23-ാം വകുപ്പിൽ,—

(i) (xiv)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

" (xiv എ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക.";

(ii) (xv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

" (xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ബിരുദങ്ങൾ നൽകുകയും ചെയ്യുക;

(xv എ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും മറ്റ് അക്കാഡമിക ബഹുമതികളുമാണ് നൽകേണ്ടതെന്ന് നിശ്ചയിക്കുക;

(xv ബി) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും ആളിന് നൽകിയിട്ടുള്ള ഡിഗ്രിയോ ഡിപ്ലോമയോ പദവിയോ മറ്റേതെങ്കിലും ബഹുമതിയോ റദ്ദ് ചെയ്യുക;";

(iii) (xvii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

" (xvii) പാനലിലെ പരീക്ഷകരുടെ പ്രതിഫലം നിശ്ചയിക്കുക;";

(iv) (xx)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

" (xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടുചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് യോജിച്ച സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുവേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, സർവ്വകലാശാലയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങളോ സർക്കാരിന്റെ പൊതുനിർദ്ദേശങ്ങളോ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;";

(v) (xxiii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

" (xxiii എ) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ക്ലസ്റ്ററുകളുടെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോളേജുകളുടെ ക്ലസ്റ്റർ രൂപീകരിക്കുക;

(xxiii ബി) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളിനാലും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക;

(xxiii സി) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസർമാരുടെ തസ്തികകളും, റീഡർമാരുടെ തസ്തികകളും, ലക്ചറർമാരുടെ തസ്തികകളും, അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തികകളും, അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകളും അദ്ധ്യാപനത്തിനും ഗവേഷണത്തിനും ഉള്ള മറ്റ് തസ്തികകൾ എന്നിവയുടെ ഏർപ്പെടുത്തൽ നിശ്ചയിക്കുക;

(xxiii ഡി) ഫെലോഷിപ്പുകൾ, ട്രാവലിംഗ് ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ നിശ്ചയിക്കുകയും നൽകുകയും ചെയ്യുക;

(xxiii ഇ) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡിന്റെ അഭാവത്തിൽ സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക.".

(ജെ) 24-ാം വകുപ്പിൽ, (3) -ാം ഉപവകുപ്പിൽ,—

(i) (സി) ഇനം വിട്ടുകളയേണ്ടതാണ്;

(ii) (എൽ) ഇനം വിട്ടുകളയേണ്ടതാണ്;

(iii) (എം) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

" (എം) സർക്കാർ കോളേജ് പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത, സർക്കാർ കോളേജിലെ ഒരു പ്രിൻസിപ്പൽ;";

(iv) (എൻ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (എൻ) സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത, പ്രൈവറ്റ് കോളേജിലെ ഒരു പ്രിൻസിപ്പൽ:

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി 'സ്വകാര്യ കോളേജ്' എന്നാൽ അൺ എയ്ഡഡ് കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു.";

(v) (ഒ) ഇനം വിട്ടുകളയേണ്ടതാണ് ;

(vi) (ക്യൂ) ഇനം വിട്ടുകളയേണ്ടതാണ്;

(vii) (എസ്) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (റ്റി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ അഞ്ച് റെഗുലർ ഗവേഷണ പണ്ഡിതന്മാർ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപെട്ടതും ഒരാൾ ഭിന്നശേഷി വിഭാഗങ്ങളിൽപെട്ട ആളുമായിരിക്കേണ്ടതാണ്;

(യു) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.";

(viii) (4)-ാം ഉപവകുപ്പിൽ, നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ അദ്ദേഹം ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്.".

(കെ) 25-ാം വകുപ്പിൽ,—

(i) (v)-ാം ഖണ്ഡത്തിൽ, "കോഴ്സുകളിലും", എന്ന വാക്കിന് പകരം "പ്രോഗ്രാമുകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (vi)-ാം ഖണ്ഡത്തിൽ, "ക്രമങ്ങൾക്ക്", എന്ന വാക്കിന് പകരം "പ്രോഗ്രാമുകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (viii)-ാം ഖണ്ഡത്തിൽ, "നൽകുക", എന്ന വാക്കിന് പകരം " നൽകുകയും സ്വീകരിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ix) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(v) (x) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(vi) (xi)-ാം ഖണ്ഡത്തിൽ, "നിർദ്ദേശം നൽകുക", എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട നികായങ്ങൾ ശിപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vii) (xiii)-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (xiii) സർവ്വകലാശാല വകുപ്പുകൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ അദ്ധ്യാപനവും പഠനവും ഏകോപിപ്പിക്കുക;

(xiii എ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർ സർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(xiii ബി) മറ്റ് സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുക;".

(എൽ) 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 25 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതും അതിന്റെ തീരുമാനങ്ങൾക്ക് അനുസൃതമായി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ രണ്ട് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകൻ ആയിരിക്കേണ്ടതാണ്

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(ജി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് എക്സ്റ്റേണൽ വിദഗ്ദ്ധർ

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ പണ്ഡിതൻ;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) അക്കാഡമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു അംഗത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ രണ്ടിൽ ഒന്ന് ആയിരിക്കേണ്ടതാണ്.

(7) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.".

(എം) 26-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ ,—

(i) (ബി) ഖണ്ഡത്തിൽ, "രണ്ടംഗങ്ങളും" എന്ന വാക്കിന് പകരം "ഒരു അംഗവും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ.".

(എൻ) 28-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 28. പഠന ബോർഡുകൾ.—(1) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഓരോ പഠന വകുപ്പിനും ഒരു സംയോജിത പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ പഠന ബോർഡിനും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും, ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അധ്യാപകരില്ലാത്തപക്ഷം, ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) പഠന ബോർഡുകളുടെ അംഗങ്ങൾ കുറഞ്ഞത് പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകർ ആയിരിക്കേണ്ടതാണ്:

എന്നാൽ, പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അതിലുംകുറഞ്ഞ പ്രവർത്തിപരിചയമുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്.

(4) ഓരോ പഠന ബോർഡിനും പരമാവധി പതിനഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതും ഒരാളെങ്കിലും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിൽ നിന്നോ നൈപുണ്യ മേഖലയിൽ നിന്നോ ഉള്ള, സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതുമാണ്.

(5) പഠന ബോർഡുകളുടെ ചെയർപേഴ്സണും അംഗങ്ങളും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) പഠന ബോർഡുകളുടെ രൂപീകരണവും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

28 എ. വിദഗ്ധ സമിതി.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് ഒരു വിദഗ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ധ സമിതിക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും ചെയർപേഴ്സണ് കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്തപക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള എക്സ്റ്റേണൽ എക്സ്പേർട്ട് ആയിരിക്കേണ്ടതുമാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.".

(ഒ) 29-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (ബി) ഇനത്തിൽ "ചെയർമാൻ" എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(പി) 30-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" 30 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം

എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, നിയമാനുസൃതമായ ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30 ബി. <u>വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം</u>.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2 ) അങ്ങനെയുള്ള സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 സി. <u>അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.</u>—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം, വിലയിരുത്തൽ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെയും പണ്ഡിതരുടെയും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ ഉപയോഗപ്പെടുത്താൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് അനുയോജ്യമായ ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലേയും എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.”.

(ക്യൂ) 31-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ പ്രധാന ധനകാര്യ നികായമായിരിക്കേണ്ടതും സർവ്വകലാശാലയുടെ സാമ്പത്തിക കാര്യങ്ങളിൽ പൊതുവായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.”;

(ii) (2)-ാം ഉപവകുപ്പിൽ (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

“ (എച്ച്) രജിസ്ട്രാർ.”;

(iii) (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3 എ) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ വാർഷിക ബജറ്റിന്റെ പരിശോധനയും സൂക്ഷ്മപരിശോധനയും നടത്തേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് സാമ്പത്തിക കാര്യങ്ങളിൽ ശിപാർശകൾ നൽകേണ്ടതുമാണ്;

(3 ബി) ഫൈനാൻസ് കമ്മിറ്റി പുതിയ ചെലവുകൾക്കുള്ള പ്രൊപ്പോസലുകൾ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്

(3 സി) ഫൈനാൻസ് കമ്മിറ്റി, അക്കൗണ്ടുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കേണ്ടതും കാലാകാലങ്ങളിൽ സർവ്വകലാശാലയുടെ സാമ്പത്തികകാര്യങ്ങൾ പുന:പരിശോധന നടത്തേണ്ടതും പുനർവിനിയോഗ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കേണ്ടതും റിപ്പോർട്ടുകൾ ഓഡിറ്റ് ചെയ്യേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.”;

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“ (4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സാമ്പത്തികകാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.”.

(ആർ) 31-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 31 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(ഇ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കേണ്ടതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഓരോ മൂന്ന് മാസത്തിലും ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(എസ്) 33-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "ബധിരമൂകനോ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്

(ii) (ഡി) ഖണ്ഡത്തിൽ, "സദാചാരദൂഷ്യം", എന്ന വാക്കിന് പകരം " അസാന്മാർഗ്ഗികത" എന്ന് വാക്ക് ചേർക്കേണ്ടതാണ്.

(റ്റി) 35-ാം വകുപ്പിൽ, (5) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

" എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.".

(യു) 42-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

" (2) രജിസ്ട്രാർ, സർവ്വകലാശാലയുടെ എല്ലാ അധികാരസ്ഥങ്ങളിലേക്കോ നികായങ്ങളിലേക്കോ ഉള്ള തിരഞ്ഞെടുപ്പുകളുടെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ആയിരിക്കുന്നതും അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും തെരഞ്ഞെടുപ്പ് നടത്തേണ്ടതും ഫലം പ്രഖ്യാപിക്കേണ്ടതും സർവ്വകലാശാലയുടെ അതത് അധികാരസ്ഥാനങ്ങളോ നികായങ്ങളോ രൂപീകരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

(3) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളിന്മേലും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരസ്ഥാനം വൈസ്-ചാൻസലർ ആയിരിക്കുന്നതാണ്.".

(വി) 45-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ "സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ കീഴിലുള്ള ബാങ്കുകളിലോ" എന്ന വാക്കുകൾക്ക് പകരം " ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ കേരള ബാങ്കിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ഡബ്ല്യൂ) 45-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 45 എ. ഒരു ആവശ്യത്തിലേയ്ക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ മറ്റ് കാര്യങ്ങൾക്ക് വകമാറ്റുവാൻ പാടില്ലെന്ന്.— സർവ്വകലാശാല, സർക്കാരിന്റെ മുൻകൂർ അംഗീകാരമില്ലാതെ,—

(i) ഒരു ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ടുകൾ മറ്റേതെങ്കിലും ആവശ്യത്തിനായി വകമാറ്റുകയോ; അല്ലെങ്കിൽ

(ii) സംസ്ഥാന സർക്കാരിൽ നിന്നും സമാനമായ ഏതെങ്കിലും അംശദായം ഉൾക്കൊള്ളുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കുകയോ ; അല്ലെങ്കിൽ

(iii) സ്പോൺസറിംഗ് അതോറിറ്റിയിൽ നിന്നുള്ള സഹായമില്ലാതായതിനു ശേഷം സർക്കാരിൽ ഒരു ആവർത്തക ബാദ്ധ്യത ചുമത്തുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.".

(എക്സ്) 50-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (8) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(വൈ) 53-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 53 എ. കോളേജ് കൗൺസിൽ.—(1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് തലവന്മാർ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ

(ജി) സൂപ്രണ്ട്.

(3) പ്രത്യേക കാര്യങ്ങളിൽ നാഷണൽ കേഡറ്റ് കോർപ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ കോളേജ് പ്രത്യേക ചുമതലകൾ നൽകുന്ന മറ്റേതെങ്കിലും വ്യക്തികൾ എന്നിവരുടെ അഭിപ്രായം സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് മുതൽ രണ്ട് വർഷമായിരിക്കുന്നതാണ്:

എന്നാൽ, ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗം, പ്രസ്തുത കാലാവധി പൂർത്തിയായതിന് ശേഷം അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) റൊട്ടേഷൻ വഴി വകുപ്പ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.”.

(ഇസഡ്) 57-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഥവാ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (10)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (10) ഈ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും നിയമനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ ബോധിപ്പിക്കുന്നതിനടിസ്ഥാനമായ നിയമന ഉത്തരവ് നൽകിയതിനുശേഷമുള്ള മുപ്പത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അറുപത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, വൈസ്-ചാൻസലറുടെ തീരുമാനം അദ്ദേഹത്തിന് തൃപ്തികരമല്ലാത്തപക്ഷം, വൈസ് -ചാൻസലറുടെ ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണലിൽ അദ്ദേഹത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ”.

(ഇസഡ്എ) 60-ാം വകുപ്പിൽ, (3) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“ എന്നാൽ, ഒരു സ്വകാര്യ കോളേജിലെ ഒരു അദ്ധ്യാപകനെ മുപ്പത് ദിവസത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്യുമ്പോൾ, വിദ്യാഭ്യാസ ഏജൻസി വൈസ്-ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതാണ്.”

(ഇസഡ്ബി) 62-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (2 എ) ഒരു അദ്ധ്യാപകൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ മുനിസിപ്പൽ കോർപ്പറേഷന്റെ ചെയർപേഴ്സണോ കോർപ്പറേഷന്റെ മേയറോ ആകുന്നിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള പ്രസിഡന്റോ ചെയർപേഴ്സണോ മേയറോ ആയി സേവനമനുഷ്ഠിച്ച കാലയളവ് ശമ്പളവും ബത്തകളുമില്ലാത്ത അവധിയായി കണക്കാക്കുന്നതാണ്.”.

(ഇസഡ്സി) VIII ബി അദ്ധ്യായത്തിന് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

" അദ്ധ്യായം VIII സി

കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ

69 റ്റി. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ.—(1) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം, അതിന്റെ അനുമതിയോടെയും അനുവാദത്തോടെയും, നിലവിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനെയോ വകുപ്പിനെയോ കേന്ദ്രത്തെയോ ഏതെങ്കിലും വിജ്ഞാനശാഖയിലെ അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററായോ നിയോഗിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ യോജിച്ചുകൊണ്ട് അല്ലെങ്കിൽ സഹകരിച്ചുകൊണ്ട്, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം അതിന്റെ അനുമതിയോടെയോ അനുവാദത്തോടെയോ അതിന്റെ അധികാരപരിധിക്കകത്ത് സർവ്വകലാശാല ഭരണനിർവ്വഹണം നടത്തുന്നതും പരിപാലിക്കുന്നതുമായ ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററോ സ്ഥാപിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) സർവ്വകലാശാലയ്ക്ക്, അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററുകളിലോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ, ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടിലും റെഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ പ്രോഗ്രാമുകളും കോഴ്സുകളും ആരംഭിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജ് സ്ഥാപിക്കുന്നതിനോ കോൺസ്റ്റിറ്റ്യുവന്റ് കോളേജ് പദവി നൽകുന്നതിനോ ഉള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

(ഇസഡ്ഡി) 80 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 80 ബി. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കോ യൂണിറ്റുകൾക്കോ കൂടാതെ അഫിലിയേറ്റഡ് കോളേജുകളുടെയും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവത്ക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

80 സി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണ നിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബാധകമായേക്കാവുന്ന സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

80 ഡി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്കും അതിന്റെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനിക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

3. 1975-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5),—

(എ) (2)-ാം വകുപ്പിൽ, (32)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്.—

"(33) "കോളേജ് കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 53 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കോളേജ് കൗൺസിൽ എന്നർത്ഥമാകുന്നു;

(34) "കോൺസ്റ്റിറ്റ്യുവന്റ് കോളേജ്" എന്നാൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടതും ആക്റ്റിന്റെ 68 യു വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് കോളേജായി സിൻഡിക്കേറ്റ് അംഗീകരിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(35) "കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ" എന്നാൽ ആക്റ്റിന്റെ 68 യു വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു സെന്റർ എന്നർത്ഥമാകുന്നു;

(36) "കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്" എന്നാൽ സർവ്വകലാശാലയുടെ ഒരു വകുപ്പ് ആകുന്നതും ആക്റ്റിന്റെ 68 യു വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ആയി സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുള്ളതും എന്നർത്ഥമാകുന്നു;

(37) "ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ ആക്റ്റിന്റെ 31 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(38) "ഗവേഷണ കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 25 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട റിസർച്ച് കൗൺസിൽ എന്നർത്ഥമാകുന്നു;

(39) "ഗവേഷണ പാർക്ക്" എന്നാൽ ആക്റ്റിന്റെ 79 ഡി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(40) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ ആക്റ്റിന്റെ 79 ബി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.".

(ബി) 4-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സംസ്ഥാനത്തെ കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് റവന്യൂ ജില്ലയിലും വയനാട് ജില്ലയിലെ മാനന്തവാടി താലൂക്ക് ഒഴികെയുള്ള പ്രദേശത്തിലും സർവ്വകലാശാലയുടെ അധികാരത്തിന് വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.".

(സി) 8-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചു കൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(ഡി) 10-ാം വകുപ്പിൽ, (13)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(13) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്രവേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ അതിന്റെ അടുത്ത യോഗത്തിൽ തീരുമാനം എടുക്കുന്നതിനായി ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.".

(ഇ) 11-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.";

(ii) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാണ്.";

(iii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ ബിരുദവും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്.";

(iv) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(v) (5)-ാം ഉപവകുപ്പിൽ "ചാൻസലർ നിർണ്ണയിക്കേണ്ടതാണ്", എന്നീ വാക്കുകൾക്ക് പകരം "സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vi) (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

(എഫ്) 18-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലെ മൂന്നിലൊന്ന് അംഗങ്ങൾ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം, സെനറ്റ് രൂപീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും രജിസ്ട്രാർ, അത് ഒരു വിജ്ഞാപനം വഴി പ്രഖ്യാപിക്കേണ്ടതുമാണ്.".

(ജി) 19-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ,—

(i) (എ ) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(iii) (ഇ) ഖണ്ഡത്തിൽ, "ലെക്ചറർമാരുടെ തസ്തികകളും" എന്നീ വാക്കുകൾക്ക് ശേഷം "അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തികകളും അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകളും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ജെ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(എച്ച്) 21-ാം വകുപ്പിൽ,—

(i) "എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിൽ,—

(എ) (ഡി) ഇനം വിട്ടുകളയേണ്ടതാണ്;

(ബി) (എഫ്) ഇനം വിട്ടുകളയേണ്ടതാണ്;

(ii) "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിന് കീഴിൽ,—

(എ) (എ) ഇനത്തിന് പകരം താഴെപറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(എ) സെനറ്റ് അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് അംഗങ്ങൾ, അവരിൽ,—

(i) അദ്ധ്യാപകരല്ലാത്ത നാല് പേർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപ്പെട്ടയാൾ ആയിരിക്കേണ്ടതും ഒരാൾ വനിത ആയിരിക്കേണ്ടതുമാണ്;

(ii) അഫിലിയേറ്റഡ് കോളേജുകളിലെ ഒരു പ്രിൻസിപ്പൽ; കൂടാതെ

(iii) പ്രിൻസിപ്പൽമാർ അല്ലാത്ത മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനും ഒരാൾ സർക്കാർ കോളേജിലെ അദ്ധ്യാപകനും ഒരാൾ സ്വകാര്യ കോളേജിലെ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്.

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, "സ്വകാര്യ കോളേജ്" എന്നാൽ അൺ-എയ്ഡഡ് കോളേജുകൾ അല്ലാത്ത സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു.";

(ബി) (ബി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) താഴെ പരാമർശിച്ചിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്ന് സെനറ്റ് തെരഞ്ഞെടുത്ത ഒരു വിദ്യാർത്ഥി അംഗം,—

(i) 17-ാം വകുപ്പിൽ “ഔദ്യോഗികനിലയിലുള്ള അംഗങ്ങൾ” എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (15);

(ii) 17-ാം വകുപ്പിൽ "തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (12); കൂടാതെ

(iii) 17-ാം വകുപ്പിൽ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (4).”;

(സി) (ഡി) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“(ഡി) റൊട്ടേഷൻ അടിസ്ഥാനത്തിൽ സീനിയോറിറ്റി അനുസരിച്ച് രണ്ട് വർഷക്കാലത്തേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ.”.

(ഐ) 23-ാം വകുപ്പിൽ,—

(i) (xiv)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

“(xiv എ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക;”;

(ii) (xv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

“(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ബിരുദങ്ങൾ നൽകുകയും ചെയ്യുക;

(xv എ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും മറ്റ് അക്കാഡമിക ബഹുമതികളുമാണ് നൽകേണ്ടതെന്ന് നിശ്ചയിക്കുക;

(xv ബി) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി ഏതെങ്കിലും ആളിന് നൽകിയിട്ടുള്ള ഡിഗ്രിയോ ഡിപ്ലോമയോ പദവിയോ മറ്റേതെങ്കിലും ബഹുമതിയോ റദ്ദ് ചെയ്യുക;”;

(iii) (xvii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(xvii) പാനലിലെ പരീക്ഷകരുടെ പ്രതിഫലം നിശ്ചയിക്കുക;";

(iv) (xx)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടുചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് യോജിച്ച സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുവേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, സർവ്വകലാശാലയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങളോ സർക്കാരിന്റെ പൊതുനിർദ്ദേശങ്ങളോ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;";

(v) (xxiii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(xxiii എ) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ക്ലസ്റ്ററുകളുടെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോളേജുകളുടെ ക്ലസ്റ്റർ രൂപീകരിക്കുക;

(xxiii ബി) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളിനാലും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക;

(xxiii സി) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസർമാരുടെ തസ്തികകളും, റീഡർമാരുടെ തസ്തികകളും, ലക്ചറർമാരുടെ തസ്തികകളും, അസോസിയേറ്റ് പ്രൊഫസർമാരുടെ തസ്തികകളും, അസിസ്റ്റന്റ് പ്രൊഫസർമാരുടെ തസ്തികകളും അദ്ധ്യാപനത്തിനും ഗവേഷണത്തിനും ഉള്ള മറ്റ് തസ്തികകൾ എന്നിവയുടെ ഏർപ്പെടുത്തൽ നിശ്ചയിക്കുക;

(xxiii ഡി) ഫെലോഷിപ്പുകൾ, ട്രാവലിംഗ് ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ നിശ്ചയിക്കുകയും നൽകുകയും ചെയ്യുക;

(xxiii ഇ) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക.".

(ജെ) 24-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ,—

(i) (സി) ഇനം വിട്ടുകളയേണ്ടതാണ്;

(ii) (എൽ) ഇനം വിട്ടുകളയേണ്ടതാണ്;

(iii) (എം) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(എം) സർക്കാർ കോളേജ് പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത, സർക്കാർ കോളേജിലെ ഒരു പ്രിൻസിപ്പൽ;";

(iv) (എൻ) ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ് :—

"(എൻ) സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന, ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത, പ്രൈവറ്റ് കോളേജിലെ ഒരു പ്രിൻസിപ്പൽ.

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി 'സ്വകാര്യ കോളേജ് എന്നാൽ അൺ എയ്ഡഡ് കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു.";

(v) (ഒ) ഇനം വിട്ടുകളയേണ്ടതാണ്;

(vi) (ക്യൂ) ഇനം വിട്ടുകളയേണ്ടതാണ്;

(vii) (എസ്) ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്:—

"(റ്റി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ അഞ്ച് റെഗുലർ ഗവേഷണ പണ്ഡിതന്മാർ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗ വിഭാഗങ്ങളിലോപെട്ടതും ഒരാൾ ഭിന്നശേഷി വിഭാഗങ്ങളിൽപെട്ട ആളുമായിരിക്കേണ്ടതാണ്;

(യു) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.";

(viii) (4)-ാം ഉപവകുപ്പിൽ, നിലവിലെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നിരുന്നാലും, അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ അദ്ദേഹം ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്. ".

(കെ) 25-ാം വകുപ്പിൽ,—

(i) (v)-ാം ഖണ്ഡത്തിൽ, "കോഴ്സുകളിലും", എന്ന വാക്കിന് പകരം "പ്രോഗ്രാമുകളിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (vi)-ാം ഖണ്ഡത്തിൽ, "ക്രമങ്ങൾക്ക്", എന്ന വാക്കിന് പകരം "പ്രോഗ്രാമുകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (viii)-ാം ഖണ്ഡത്തിൽ, "നൽകുക", എന്ന വാക്കിന് പകരം “നൽകുകയും സ്വീകരിക്കുകയും ചെയ്യുക” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ix)-ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(v) (x) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(vi) (xi)-ാം ഖണ്ഡത്തിൽ, "നിർദ്ദേശങ്ങൾ നൽകുക", എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട നികായങ്ങൾ ശിപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vii) (xiii)-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ് :—

“(xiii) സർവ്വകലാശാല വകുപ്പുകൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, അഫിലിയേറ്റഡ് കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ അദ്ധ്യാപനവും പഠനവും ഏകോപിപ്പിക്കുക;

(xiii എ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(xiii ബി) മറ്റ് സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ആർജ്ജിച്ച ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമുകളിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുക;”.

(എൽ) 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"25 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയിൽ ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ രണ്ട് അദ്ധ്യാപക അംഗങ്ങൾ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകൻ ആയിരിക്കേണ്ടതാണ്;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(ജി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗത്ഭ്യം ലഭിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് എക്സ്റ്റേണൽ വിദഗ്ദ്ധർ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ പണ്ഡിതൻ;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) അക്കാഡമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ

അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു അംഗത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.".

(എം) 26-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ ,—

(i) (ബി) ഖണ്ഡത്തിൽ, "രണ്ടംഗങ്ങളും", എന്ന വാക്കിന് പകരം "ഒരു അംഗവും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ.".

(എൻ) 28-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"28. <u>പഠന ബോർഡുകൾ</u>.—(1) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഓരോ പഠന വകുപ്പിനും ഒരു സംയോജിത പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ പഠന ബോർഡിനും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും, ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അധ്യാപകരില്ലാത്ത പക്ഷം, ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) പഠന ബോർഡുകളുടെ അംഗങ്ങൾ കുറഞ്ഞത് പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകർ ആയിരിക്കേണ്ടതാണ്:

എന്നാൽ, പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അതിലുംകുറഞ്ഞ പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്.

(4) ഓരോ പഠന ബോർഡിനും പരമാവധി പതിനഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതും ഒരാളെങ്കിലും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിൽ നിന്നോ നൈപുണ്യ മേഖലയിൽ നിന്നോ ഉള്ള, സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതുമാണ്.

(5) പഠന ബോർഡുകളുടെ ചെയർപേഴ്സണും അംഗങ്ങളും അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) പഠന ബോർഡുകളുടെ രൂപീകരണവും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

28 എ. <u>വിദഗ്ധ സമിതി</u>.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് ഒരു വിദഗ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ധ സമിതിക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും ചെയർപേഴ്സണ് കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്തപക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള എക്സ്റ്റേണൽ എക്സ്പേർട്ട് ആയിരിക്കേണ്ടതുമാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.".

(ഒ) 29-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "ഔദ്യോഗികനിലയിലുള്ള അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, (ബി) ഇനത്തിൽ "ചെയർമാൻ", എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(പി) 30-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"30 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം

എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, നിയമാനുസൃതമായ ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം, വിലയിരുത്തൽ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെയും പണ്ഡിതരുടെയും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് അനുയോജ്യമായ ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലേയും എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.".

(ക്യൂ) 31-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ പ്രധാന ധനകാര്യ നികായമായിരിക്കേണ്ടതും സർവ്വകലാശാലയുടെ സാമ്പത്തിക കാര്യങ്ങളിൽ പൊതുവായ മേൽനോട്ടം വഹിക്കേണ്ടതുമാണ് ." ;

(ii) (2)-ാം ഉപവകുപ്പിൽ (ജി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്) രജിസ്ട്രാർ.";

(iii) (3)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3 എ) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ വാർഷിക ബജറ്റിന്റെ പരിശോധനയും സൂക്ഷ്മപരിശോധനയും നടത്തേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് സാമ്പത്തികകാര്യങ്ങളിൽ ശിപാർശകൾ നൽകേണ്ടതുമാണ്;

(3 ബി) ഫൈനാൻസ് കമ്മിറ്റി പുതിയ ചെലവുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്;

(3 സി) ഫൈനാൻസ് കമ്മിറ്റി, അക്കൗണ്ടുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കേണ്ടതും കാലാകാലങ്ങളിൽ സർവ്വകലാശാലയുടെ സാമ്പത്തികകാര്യങ്ങൾ പുനഃപരിശോധന നടത്തേണ്ടതും പുനർവിനിയോഗ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കേണ്ടതും റിപ്പോർട്ടുകൾ ഓഡിറ്റ് ചെയ്യേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.".

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സാമ്പത്തിക കാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

(ആർ) 31-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"31 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(ഇ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കേണ്ടതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഓരോ മൂന്ന് മാസത്തിലും ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.".

(എസ്) 33-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "ബധിരമൂകനോ" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിൽ, "സദാചാരദൂഷ്യം" എന്ന വാക്കിന് പകരം "അസാന്മാർഗ്ഗികത" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(റ്റി) 35-ാം വകുപ്പിൽ, (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.".

(യു) 42-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) രജിസ്ട്രാർ, സർവ്വകലാശാലയുടെ എല്ലാ അധികാരസ്ഥങ്ങളിലേക്കോ നികായങ്ങളിലേക്കോ ഉള്ള തിരഞ്ഞെടുപ്പുകളുടെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ആയിരിക്കുന്നതും അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും തിരഞ്ഞെടുപ്പ് നടത്തേണ്ടതും

ഫലം പ്രഖ്യാപിക്കേണ്ടതും സർവ്വകലാശാലയുടെ അതത് അധികാര സ്ഥാനങ്ങളോ നികായങ്ങളോ രൂപീകരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

(3) തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളിന്മേലും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരസ്ഥാനം വൈസ്-ചാൻസലർ ആയിരിക്കുന്നതാണ്.".

(വി) 45-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിൽ "സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ കീഴിലുള്ള ബാങ്കുകളിലോ" , എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ കേരള ബാങ്കിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ഡബ്ല്യൂ) 45-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"45 എ. ഒരു ആവശ്യത്തിലേയ്ക്കായി നീക്കിവച്ചിരിക്കുന്ന ഫണ്ടുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരമില്ലാതെ മറ്റ് കാര്യങ്ങൾക്ക് വകമാറ്റുവാൻ പാടില്ലെന്ന്.— സർവ്വകലാശാല, സർക്കാരിന്റെ മുൻകൂർ അംഗീകാരമില്ലാതെ,—

(i) ഒരു ആവശ്യത്തിനായി നീക്കിവച്ചിട്ടുള്ള ഫണ്ടുകൾ മറ്റേതെങ്കിലും ആവശ്യത്തിനായി തിരിച്ചുവിടുകയോ; അല്ലെങ്കിൽ

(ii) സംസ്ഥാന സർക്കാരിൽ നിന്നും സമാനമായ ഏതെങ്കിലും അംശദായം ഉൾക്കൊള്ളുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കുകയോ ; അല്ലെങ്കിൽ

(iii) സ്പോൺസറിംഗ് അതോറിറ്റിയിൽ നിന്നുള്ള സഹായമില്ലാതായതിനു ശേഷം സർക്കാരിൽ ഒരു ആവർത്തക ബാദ്ധ്യത ചുമത്തുന്ന ഏതെങ്കിലും പദ്ധതി നടപ്പാക്കുകയോ,

ചെയ്യാൻ പാടുള്ളതല്ല.".

(എക്സ്) 50-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.".

(വൈ) 53-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"53 എ. കോളേജ് കൗൺസിൽ.—(1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് തലവന്മാർ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജി) സൂപ്രണ്ട്.

(3) പ്രത്യേക കാര്യങ്ങളിൽ നാഷണൽ കേഡറ്റ് കോർപ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ കോളേജ് പ്രത്യേക ചുമതലകൾ നൽകുന്ന മറ്റേതെങ്കിലും വ്യക്തികൾ എന്നിവരുടെ അഭിപ്രായം സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്നത് മുതൽ രണ്ട് വർഷമായിരിക്കുന്നതാണ്:

എന്നാൽ, ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗം, പ്രസ്തുത കാലാവധി പൂർത്തിയായതിന് ശേഷം അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) റൊട്ടേഷൻ വഴി വകുപ്പ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്." .

(ഇസഡ്) 57-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഥവാ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (10)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(10) ഈ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും നിയമനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ ബോധിപ്പിക്കുന്നതിനടിസ്ഥാനമായ നിയമന ഉത്തരവ് നൽകിയതിനുശേഷമുള്ള മുപ്പത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അറുപത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, വൈസ്-ചാൻസലറുടെ തീരുമാനം അദ്ദേഹത്തിന് തൃപ്തികരമല്ലാത്തപക്ഷം, വൈസ് -ചാൻസലറുടെ ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണലിൽ അദ്ദേഹത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ".

(ഇസഡ്എ) 60-ാം വകുപ്പിൽ, (3) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു സ്വകാര്യ കോളേജിലെ ഒരു അദ്ധ്യാപകനെ മുപ്പത് ദിവസത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്യുമ്പോൾ, വിദ്യാഭ്യാസ ഏജൻസി വൈസ്-ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതാണ്.".

(ഇസഡ്ബി) 62-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2 എ) ഒരു അദ്ധ്യാപകൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ മുനിസിപ്പൽ കോർപ്പറേഷന്റെ ചെയർപേഴ്സണോ കോർപ്പറേഷന്റെ മേയറോ ആകുന്നിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള പ്രസിഡന്റോ ചെയർപേഴ്സണോ മേയറോ ആയി സേവനമനുഷ്ഠിച്ച കാലയളവ് ശമ്പളവും ബത്തകളുമില്ലാത്ത അവധിയായി കണക്കാക്കുന്നതാണ്.".

(ഇസഡ്സി) VIII ബി-ാം അദ്ധ്യായത്തിന് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം VIII സി

കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ

68 യു. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ.—(1) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം, അതിന്റെ അനുമതിയോടെയും അനുവാദത്തോടെയും, നിലവിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനെയോ വകുപ്പിനെയോ കേന്ദ്രത്തെയോ ഏതെങ്കിലും വിജ്ഞാനശാഖയിലെ അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററായോ നിയോഗിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ യോജിച്ചുകൊണ്ട് അല്ലെങ്കിൽ സഹകരിച്ചുകൊണ്ട്, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം അതിന്റെ അനുമതിയോടെയോ അനുവാദത്തോടെയോ അതിന്റെ അധികാരപരിധിക്കകത്ത് സർവ്വകലാശാല ഭരണനിർവ്വഹണം നടത്തുന്നതും പരിപാലിക്കുന്നതുമായ ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററോ സ്ഥാപിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) സർവ്വകലാശാലയ്ക്ക്, അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററുകളിലോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ, ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടിലും റെഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ പ്രോഗ്രാമുകളും കോഴ്സുകളും ആരംഭിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജ് സ്ഥാപിക്കുന്നതിനോ കോൺസ്റ്റിറ്റ്യുവന്റ് കോളേജ് പദവി നൽകുന്നതിനോ ഉള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

(ഇസഡ്ഡി) 79 എ വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"79 ബി. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കോ യൂണിറ്റുകൾക്കോ കൂടാതെ അഫിലിയേറ്റഡ് കോളേജുകളുടെയും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവത്ക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

79 സി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാല, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷനുകൾക്ക് അല്ലെങ്കിൽ ബാധകമായേക്കാവുന്ന സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

79 ഡി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്കും അതിന്റെ അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനിക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

4. <u>1985-ലെ 12-ാം ആക്റ്റിനുള്ള ഭേദഗതി</u>.—1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12),—

(എ) 2-ാം വകുപ്പിൽ, (34)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(35) "കോളേജ് കൗൺസിൽ" എന്നാൽ 53 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കോളേജ് കൗൺസിൽ എന്നർത്ഥമാകുന്നു;

(36) "കോൺസ്റ്റിറ്റ്യൂവന്റ് കോളേജ്" എന്നാൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടതും അദ്ധ്യായം X-ലെ വ്യവസ്ഥകൾ പ്രകാരം കോൺസ്റ്റിറ്റ്യൂവന്റ് കോളേജായി സിൻഡിക്കേറ്റ് അംഗീകരിച്ചതും ആയ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(37) "കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി സെന്റർ" എന്നാൽ അദ്ധ്യായം X -ലെ വ്യവസ്ഥകൾ പ്രകാരം കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി സെന്റർ ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു സെന്റർ എന്നർത്ഥമാകുന്നു;

(38) " കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്" എന്നാൽ അദ്ധ്യായം X -ലെ വ്യവസ്ഥകൾ പ്രകാരം കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു ഡിപ്പാർട്ട്മെന്റ് എന്നർത്ഥമാകുന്നു;

(39) "ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ ആക്റ്റിന്റെ 31 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(40) "ഗവേഷണ കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 25 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു;

(41) "ഗവേഷണ പാർക്ക്" എന്നാൽ ആക്റ്റിന്റെ 89 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(42) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ 89 എ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.".

(ബി) 8-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"8. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്." .

(സി) 10-ാം വകുപ്പിൽ, (17)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(17) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്രവേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലുകളോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്." .

(ഡി) 11-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്." ;

(ii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും ഡോക്ടറൽ ബിരുദവും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്." ;

(iii) (4) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(iv) (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്." .

(ഇ) 17-ാം വകുപ്പിൽ, " മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ ഇനം (3)- ന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(3 എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള നാലിൽ അധികരിക്കാത്ത അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്." .

(എഫ്) 18-ാം വകുപ്പിൽ, (8)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലെ മൂന്നിലൊന്ന് അംഗങ്ങളെ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം, സെനറ്റ് രൂപീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും രജിസ്ട്രാർ, അത് ഒരു വിജ്ഞാപനം വഴി പ്രഖ്യാപിക്കേണ്ടതുമാണ്." .

(ജി) 19-ാം വകുപ്പിൽ, (ഡി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കാവുന്നതാണ്, അതായത് :—

"(ഇ) സ്വമേധയായോ സിൻഡിക്കേറ്റ് ആവശ്യപ്പെടുന്നതുപ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(എഫ്) സെനറ്റിലെ മൊത്തം അംഗത്വത്തിന്റെ ഭൂരിപക്ഷത്തോടെയും ഹാജരായതും വോട്ട് രേഖപ്പെടുത്തിയതുമായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെയും, സിൻഡിക്കേറ്റ് പാസ്സാക്കിയ ഏതൊരു ഓർഡിനൻസോ അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റെഗുലേഷനോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുക :

എന്നാൽ, സെനറ്റ് ഉദ്ദേശിക്കുന്ന റദ്ദാക്കലോ ഭേദഗതിയോ, അക്കാഡമിക് കൗൺസിലിന് അതിന്റെ അഭിപ്രായം പറയുന്നതിനുള്ള ഒരവസരം നൽകാതെ യാതൊരു റെഗുലേഷനും റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ പാടുള്ളതല്ല." .

(എച്ച്) 21-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"21. സിൻഡിക്കേറ്റ്.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യഭരണ നിർവ്വഹണ നികായമായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

എക്സ് -ഒഫിഷ്യോ അംഗങ്ങൾ:

(എ) വൈസ് -ചാൻസലർ;

(ബി) പ്രോ-വൈസ് -ചാൻസലർ;

(സി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

മറ്റ് അംഗങ്ങൾ:

"(എ) സെനറ്റ് അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് അംഗങ്ങൾ, അവരിൽ,—

(i) അദ്ധ്യാപകരല്ലാത്ത നാല് പേർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗ്രോത്രവർഗ്ഗത്തിലോപെട്ടയാൾ ആയിരിക്കേണ്ടതാണ് ;

(ii) അഫിലിയേറ്റഡ് കോളേജുകളിലെ ഒരു പ്രിൻസിപ്പൽ; കൂടാതെ

(iii) പ്രിൻസിപ്പൽമാർ അല്ലാത്ത മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനും ഒരാൾ സർക്കാർ കോളേജിലെ അദ്ധ്യാപകനും ഒരാൾ സ്വകാര്യ കോളേജിലെ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്.

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, "സ്വകാര്യ കോളേജ് എന്നാൽ അൺ-എയ്ഡഡ് കോളേജുകൾ അല്ലാത്ത സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു.

(ബി) താഴെ പരാമർശിച്ചിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്ന് സെനറ്റ് തെരഞ്ഞെടുത്ത ഒരു വിദ്യാർത്ഥി അംഗം—

(i) 17-ാം വകുപ്പിൽ " എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (15);

(ii) 17-ാം വകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള ഇനം (12); കൂടാതെ

(iii) 17-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം (3).

(സി) റൊട്ടേഷൻ അടിസ്ഥാനത്തിൽ സീനിയോറിറ്റി അനുസരിച്ച് രണ്ട് വർഷക്കാലത്തേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ.

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, 17-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള (3 എ) ഇനത്തിൽ പരാമർശിച്ചിരിക്കുന്ന അംഗങ്ങൾ." .

(ഐ) 22-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"22. സിൻഡിക്കേറ്റിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവരെ തെരഞ്ഞെടുത്ത തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു പ്രത്യേക നികായത്തിലെ അംഗം എന്ന നിലയിലോ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ആൾ എന്ന നിലയിലോ തെരഞ്ഞെടുക്കപ്പെടുന്ന യാതൊരാളും, ആ നികായത്തിലെ അങ്ങനെയുള്ള അംഗമോ ആ ഔദ്യോഗികസ്ഥാനത്തിലെ അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളോ അല്ലാതായിത്തീർന്നതിനുശേഷം മൂന്നു മാസത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്, അതിനിടയിൽ താൻ വീണ്ടും ആ നികായത്തിലെ ഒരു അംഗമോ ആ ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളോ ആയിത്തീരാത്ത പക്ഷം, സിൻഡിക്കേറ്റിലെ അംഗം ആയിരിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, 21-ാം വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള (ബി) ഇനത്തിൽ പരാമർശിച്ചിട്ടുള്ള അംഗം, അദ്ദേഹത്തെ തെരഞ്ഞെടുത്ത തീയതി മുതൽ ഒരു വർഷക്കാലയളവിലേയ്ക്കോ അദ്ദേഹം സെനറ്റിലെ ഒരു അംഗമാകാതിരിക്കുകയോ ചെയ്യുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നിരുന്നാലും, സിൻഡിക്കേറ്റിന്റെ കാലാവധി സെനറ്റിന്റെ കാലാവധി അവസാനിക്കുന്നതുവരെ ആയിരിക്കുന്നതാണ് :

എന്നിരുന്നാലും, എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത യാതൊരാളും രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി ഔദ്യോഗികസ്ഥാനം വഹിക്കാൻ അർഹനായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 21-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (എ) ഇനത്തിന്റെ (ii)-ാം ഉപഇനത്തിലോ ആ ഇനത്തിന്റെ (iii)-ാം ഉപഇനത്തിലോ പരാമർശിച്ചിട്ടുള്ള, ഒരു സ്വകാര്യ കോളേജിലെയോ ഒരു സർക്കാർ കോളേജിലെയോ അദ്ധ്യാപകനായ, സിൻഡിക്കേറ്റിലെ ഒരു അംഗം,—

(എ) സർവ്വകലാശാലയുടെ പ്രാദേശിക പരിധിക്ക് പുറത്ത് സ്ഥിതിചെയ്യുന്നതും സംസ്ഥാനത്തിനകത്തുള്ളതും ആയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്ക് മാറ്റുകയോ; അല്ലെങ്കിൽ

(ബി) അദ്ദേഹം പ്രിൻസിപ്പലോ അദ്ധ്യാപകനോ ആയ കോളേജ് മറ്റൊരു സർവ്വകലാശാലയിലേയ്ക്ക് മാറ്റുകയോ,

ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ മാത്രം അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതല്ല.".

(ജെ) 23-ാം വകുപ്പിൽ ,—

(i) (ii) -ാം ഇനത്തിൽ "സ്റ്റാറ്റ്യൂട്ടുകളും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (xii)-ാം ഇനത്തിൽ "ഫെല്ലോഷിപ്പുകൾ" , എന്ന വാക്കിന് ശേഷം "ട്രാവലിംഗ് ഫെല്ലോഷിപ്പുകൾ, " എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(iii) (xiv)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(xiv എ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക." ;

(iv) (xv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ബിരുദങ്ങൾ നൽകുകയും ചെയ്യുക;" ,

(v) (xvii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

"(xvii) പാനലിലെ പരീക്ഷകരുടെ പ്രതിഫലം നിശ്ചയിക്കുക;" ,

(vi) (xx)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടുചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് യോജിച്ച സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുവേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, സർവ്വകലാശാലയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങളോ സർക്കാരിന്റെ പൊതുനിർദ്ദേശങ്ങളോ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;" ;

(vii) (xxvi)-ാം ഇനത്തിൽ,—

(എ) "ലക്ചറർഷിപ്പുകൾ" എന്ന വാക്കിന് ശേഷം "അസോസിയേറ്റ് പ്രൊഫസർഷിപ്പുകൾ, അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധനയിൽ "ലക്ചറർഷിപ്പോ", എന്ന വാക്കിന് ശേഷം "അസോസിയേറ്റ് പ്രൊഫസർഷിപ്പ്, അസിസ്റ്റന്റ് പ്രൊഫസർഷിപ്പ്," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(viii) (xxxiv)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

"(xxxiv എ) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ക്ലസ്റ്ററുകളുടെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോളേജുകളുടെ ക്ലസ്റ്റർ രൂപീകരിക്കുക;

(xxxiv ബി) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളിനാലും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക;

(xxxivc) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡിന്റെ അഭാവത്തിൽ സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക." .

(കെ) 24-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"24. <u>അക്കാഡമിക് കൗൺസിൽ</u>.—(1) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ പരമോന്നത അക്കാഡമിക് നികായം ആയിരിക്കുന്നതാണ്.

(2) അക്കാഡമിക് കൗൺസിൽ, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയ്ക്കകത്ത് നിയന്ത്രണവും പൊതു ക്രമീകരണവും ഏർപ്പെടുത്തേണ്ടതും ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരീക്ഷകളുടെയും നിലവാരം നിലനിർത്തുന്നതിന് ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

(ഇ) ഗവേഷണവും പഠനവും സംബന്ധിച്ച ഡയറക്ടർ;

(എഫ്) കായിക വിദ്യാഭ്യാസ ഡയറക്ടർ;

(ജി) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(എച്ച്) ഫാക്കൽറ്റികളുടെ ഡീനുകൾ;

(ഐ) സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി;

(ജെ) ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത പഠനത്തിന്റെയും ഗവേഷണത്തിന്റെയും സർവ്വകലാശാല വകുപ്പുകളുടെ തലവന്മാർ;

(കെ) അക്കാഡമിക് കൗൺസിലിൽ മറ്റുവിധത്തിൽ അംഗങ്ങളല്ലാത്ത സിൻഡിക്കേറ്റിലെ എല്ലാ അംഗങ്ങളും;

(എൽ) സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത ഒരു സർക്കാർ കോളേജിലെ പ്രിൻസിപ്പൽ;

(എം) സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത ഒരു സ്വകാര്യ കോളേജിലെ പ്രിൻസിപ്പൽ:

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, 'സ്വകാര്യ കോളേജ് എന്നാൽ അൺ എയ്ഡഡ് കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു." ;

(എൻ) ഫാക്കൽറ്റികളുടെ ഡീനുകളോ സർവ്വകലാശാല വകുപ്പിന്റെ തലവനോ പ്രിൻസിപ്പലോ അല്ലാത്ത ഓരോ പഠനവിഷയത്തിലെയും അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആ വിഷയത്തിലെ ഒരു അംഗം;

(ഒ) ഫാക്കൽറ്റിയിലെ മുഴുവൻ സമയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ ഫാക്കൽറ്റിയെയും പ്രതിനിധീകരിക്കുന്ന ഒരു അംഗം;

(പി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പുറത്ത് നിന്നുള്ള അഞ്ച് വിദഗ്ദ്ധർ, അവരിൽ ഒരാളെങ്കിലും വ്യവസായ മേഖലയിൽ നിന്നുള്ള ഒരു വിദഗ്ദ്ധനായിരിക്കേണ്ടതാണ്;

(ക്യൂ) സർവ്വകലാശാലയിലെ അഞ്ച് ഗവേഷണ പണ്ഡിതർ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ഭിന്നശേഷി വിഭാഗങ്ങളിൽപെട്ട ആളും ആയിരിക്കേണ്ടതാണ്;

(4) (3)-ാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംഗങ്ങൾ ഒഴികെയുള്ള അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ, അതതുസംഗതിപോലെ, അവരെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന തീയതി മുതൽ നാല് വർഷകാലയളവിലേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു വിദ്യാർത്ഥി എന്ന നിലയിൽ അക്കാഡമിക് കൗൺസിലിലെ അംഗമായിട്ടുള്ള ഒരാൾ, അയാൾ വിദ്യാർത്ഥിയല്ലാതായിത്തീരുന്നിടത്ത് ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതാണ്:

എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്." .

(എൽ) 25-ാം വകുപ്പിൽ,—

(i) (v)-ാം ഖണ്ഡത്തിൽ, "കോഴ്സുകളിലും", എന്ന വാക്കിന് പകരം "പ്രോഗ്രാമുകളിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (vi)-ാം ഖണ്ഡത്തിൽ, "ക്രമങ്ങൾക്ക്", എന്ന വാക്കിന് പകരം "പ്രോഗ്രാമുകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (viii)-ാം ഖണ്ഡത്തിൽ, "നൽകുക", എന്ന വാക്കിന് പകരം "നൽകുകയും സ്വീകരിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ix) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(v) (x) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(vi) (xi)-ാം ഖണ്ഡത്തിൽ, "നിർദ്ദേശം നൽകുക", എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട നികായങ്ങൾ ശിപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vii) (xiii)-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xiii) സർവ്വകലാശാല വകുപ്പുകൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, അഫിലിയേറ്റഡ് കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ അദ്ധ്യാപനവും പഠനവും ഏകോപിപ്പിക്കുക;

(xiii എ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(xiii ബി) മറ്റ് സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുക;" .

(എം) 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"25 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതും അതിന്റെ തീരുമാനങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട നികായങ്ങൾ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ രണ്ട് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകൻ ആയിരിക്കേണ്ടതാണ്;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(ജി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗൽഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് എക്സ്റ്റേണൽ വിദഗ്ദ്ധർ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ പണ്ഡിതൻ;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) അക്കാഡമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു അംഗത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുന:സംഘടിപ്പിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്." .

(എൻ) 26-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ ,—

(i) (ബി) ഖണ്ഡത്തിൽ, "രണ്ട് അംഗങ്ങൾ", എന്നീ വാക്കുകൾക്ക് പകരം "ഒരു അംഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ." .

(ഒ) 28-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"28. <u>പഠന ബോർഡുകൾ</u>.—(1) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഓരോ പഠനവകുപ്പിനും ഒരു സംയോജിത പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ പഠന ബോർഡിനും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും, ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം, ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) പഠന ബോർഡുകളുടെ അംഗങ്ങൾ കുറഞ്ഞത് പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകർ ആയിരിക്കേണ്ടതാണ്:

എന്നാൽ, പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അതിലുംകുറഞ്ഞ പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്.

(4) ഓരോ പഠന ബോർഡിനും പരമാവധി പതിനഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഒരാളെങ്കിലും സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ദ്ധൻ ആയിരിക്കേണ്ടതും ഒരാളെങ്കിലും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ബന്ധപ്പെട്ട മേഖലയിൽ നിന്നോ നൈപുണ്യ മേഖലയിൽ നിന്നോ ഉള്ള, സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ദ്ധൻ ആയിരിക്കേണ്ടതുമാണ്.

(5) പഠന ബോർഡുകളുടെ ചെയർപേഴ്സണും അംഗങ്ങളും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) പഠന ബോർഡുകളുടെ രൂപീകരണവും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

"28 എ. <u>വിദഗ്ദ്ധ സമിതി</u>.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ദ്ധ സമിതിക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും ചെയർപേഴ്സണ് കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്ത പക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ദ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്ത പക്ഷം, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്.

(4) ഓരോ വിദഗ്ദ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള എക്സ്റ്റേണൽ എക്സ്പേർട്ട് ആയിരിക്കേണ്ടതുമാണ്.

(5) വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ദ്ധ സമിതിയുടെ കാലാവധി സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്." .

(പി) 29-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, "എക്സ് ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ, (ബി) ഇനത്തിൽ "ചെയർമാൻ", എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ക്യു) 30-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"30 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനയ്ക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം

എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപ്പര്യാർത്ഥം, നിയമാനുസൃതമായ ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

30 <u>ബി</u>. <u>വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം</u>.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 <u>സി</u>. <u>അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും</u>.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം, വിലയിരുത്തൽ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെയും പണ്ഡിതരുടെയും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് അനുയോജ്യമായ ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്." .

(ആർ) 31-ാം വകുപ്പിൽ,—

(i)(1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ പ്രധാന ധനകാര്യ നികായമായിരിക്കേണ്ടതും സർവ്വകലാശാലയുടെ സാമ്പത്തിക കാര്യങ്ങളിൽ പൊതുവായ മേൽനോട്ടം വഹിക്കേണ്ടതുമാണ്." ;

(ii) (2)-ാം ഉപവകുപ്പിൽ (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്) രജിസ്ട്രാർ." ;

(iii) (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3 എ) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ വാർഷിക ബജറ്റിന്റെ പരിശോധനയും സൂക്ഷ്മപരിശോധനയും നടത്തേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് സാമ്പത്തിക കാര്യങ്ങളിൽ ശിപാർശകൾ നൽകേണ്ടതുമാണ്;

(3 ബി) ഫൈനാൻസ് കമ്മിറ്റി പുതിയ ചെലവുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്;

(3 സി) ഫൈനാൻസ് കമ്മിറ്റി, അക്കൗണ്ടുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കേണ്ടതും കാലാകാലങ്ങളിൽ സർവ്വകലാശാലയുടെ സാമ്പത്തികകാര്യങ്ങൾ പുനഃപരിശോധന നടത്തേണ്ടതും പുനർവിനിയോഗ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കേണ്ടതും റിപ്പോർട്ടുകൾ ഓഡിറ്റ് ചെയ്യേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്." ;

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സാമ്പത്തിക കാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്." .

(എസ്) 31-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"31 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഉപഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(ഇ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കേണ്ടതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഓരോ മൂന്ന് മാസത്തിലും ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.” .

(റ്റി) 34-ാം വകുപ്പിൽ, (1) -ാം ഉപവകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "ബധിരനോ മൂകനോ", എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിൽ, "സദാചാരദൂഷ്യം", എന്ന വാക്കിന് പകരം “അസാന്മാർഗ്ഗികത” എന്ന് വാക്ക് ചേർക്കേണ്ടതാണ്.

(യു) 36-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“36. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) സെനറ്റിന് സ്വമേധയാ സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നതിനു മുൻപ്, സെനറ്റ്, സിൻഡിക്കേറ്റിന്റെ ഉപദേശം നേടുകയും പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(2) സിൻഡിക്കേറ്റിന് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കരട് സെനറ്റിന്റെ പരിഗണനയ്ക്കായി നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള കരട് സെനറ്റ് അതിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ്.

(3) സെനറ്റിന്, സിൻഡിക്കേറ്റ് നിർദ്ദേശിച്ച ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരട് അംഗീകരിക്കുകയും സ്റ്റാറ്റ്യൂട്ട് പാസ്സാക്കുകയും ചെയ്യുകയോ അല്ലെങ്കിൽ അത് തള്ളിക്കളയുകയോ സെനറ്റ് നിർദ്ദേശിച്ചേക്കാവുന്ന ഭേദഗതികൾ സഹിതം പൂർണ്ണമായോ ഭാഗികമായോ പുനഃപരിഗണനയ്ക്കായി സിൻഡിക്കേറ്റിന് മടക്കി നൽകുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിന് കീഴിൽ സെനറ്റ് മടക്കിയയച്ചിട്ടുള്ള ഏതെങ്കിലും കരട്, സെനറ്റ് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഭേദഗതി സഹിതം സിൻഡിക്കേറ്റ് വീണ്ടും പരിഗണിച്ചതിനുശേഷം അതിന്മേലുള്ള സിൻഡിക്കേറ്റിന്റെ റിപ്പോർട്ടോടുകൂടി അത് വീണ്ടും സെനറ്റ് മുൻപാകെ വെയ്ക്കേണ്ടതും അതിനുശേഷം സെനറ്റിന്, അതിന് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും രീതിയിൽ കരട് കൈകാര്യം ചെയ്യാവുന്നതുമാണ്.

(5) സെനറ്റ് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്ന സാഹചര്യത്തിൽ, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും ചാൻസലർക്ക്, സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണിക്കുന്നതിനായി സെനറ്റിന് റഫർ ചെയ്യാവുന്നതോ അനുമതി നൽകാവുന്നതോ തന്റെ അനുമതി തടഞ്ഞുവയ്ക്കാവുന്നതോ ആണ്:

എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.

(6) സെനറ്റ് പാസ്സാക്കുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയോ അധികാരങ്ങളോ അല്ലെങ്കിൽ സംവിധാനത്തെയോ ബാധിക്കുന്ന സ്റ്റാറ്റ്യൂട്ടിന്റെയോ സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയുടെയോ കരട് നിർദ്ദേശത്തിന്മേലുള്ള അങ്ങനെയുള്ള അധികാര സ്ഥാനത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് ഒരവസരം നൽകുന്നതുവരെ നിർദ്ദേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രകടിപ്പിക്കുന്ന ഏതൊരഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും സെനറ്റ് പരിഗണിക്കേണ്ടതുമാണ്.

(8) സ്വകാര്യ കോളേജുകളുടെ അഫിലിയേഷനുമായി ബന്ധപ്പെട്ട നിബന്ധനകളോ നടപടിക്രമമോ വ്യവസ്ഥ ചെയ്യുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയല്ലാതെ സെനറ്റ് പാസ്സാക്കാൻ പാടുള്ളതല്ല.” .

(വി) 46-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ "സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ സബ്സിഡിയറികളിലോ”, എന്നീ വാക്കുകൾക്ക് പകരം “ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ കേരള ബാങ്കിലോ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ഡബ്ല്യൂ) 52-ാം വകുപ്പിൽ, (8)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(9) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്.” .

(എക്സ്) 55-ാം വകുപ്പിന് ശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“55 എ കോളേജ് കൗൺസിൽ.—(1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് തലവന്മാർ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജി) സൂപ്രണ്ട്.

(3) നാഷണൽ കേഡറ്റ് കോർപ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ കോളേജ് പ്രത്യേക ചുമതലകൾ നൽകിയിട്ടുള്ള മറ്റേതെങ്കിലും വ്യക്തികളുടെ അഭിപ്രായം പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്:

എന്നാൽ, ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗം, പ്രസ്തുത കാലാവധി പൂർത്തിയായതിന് ശേഷം അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്.

(6) റൊട്ടേഷൻ വഴി വകുപ്പുകളുടെ തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(വൈ) 59-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഥവാ സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (9)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(9) ഈ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും നിയമനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ ബോധിപ്പിക്കുന്നതിനടിസ്ഥാനമായ നിയമന ഉത്തരവ് നൽകിയതിനുശേഷമുള്ള മുപ്പത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അറുപത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, വൈസ്-ചാൻസലറുടെ തീരുമാനം അദ്ദേഹത്തിന് തൃപ്തികരമല്ലാത്തപക്ഷം, വൈസ് -ചാൻസലറുടെ ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണലിൽ അദ്ദേഹത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. " .

(ഇസഡ്) 63-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു സ്വകാര്യ കോളേജിലെ ഒരു അദ്ധ്യാപകനെ മുപ്പത് ദിവസത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്യുമ്പോൾ, വിദ്യാഭ്യാസ ഏജൻസി വൈസ്-ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതാണ്." .

(ഇസഡ്എ) 66-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) ഒരു അദ്ധ്യാപകൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ മുനിസിപ്പൽ കോർപ്പറേഷന്റെ ചെയർപേഴ്സണോ കോർപ്പറേഷന്റെ മേയറോ ആകുന്നിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള പ്രസിഡന്റോ ചെയർപേഴ്സണോ മേയറോ ആയി സേവനമനുഷ്ഠിച്ച കാലയളവ് ശമ്പളവും ബത്തകളുമില്ലാത്ത അവധിയായി കണക്കാക്കുന്നതാണ്." .

(ഇസഡ്ബി) 89-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

89 എ <u>സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം</u>.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ്

സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കോ യൂണിറ്റുകൾക്കോ കൂടാതെ അഫിലിയേറ്റഡ് കോളേജുകളുടെയും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

89 ബി. <u>റൂൾസ് ഓഫ് ബിസിനസ്സ്</u>.—(1) സർവ്വകലാശാല, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷനുകൾക്കും ബാധകമായേക്കാവുന്ന സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

89 സി. <u>ഗവേഷണ പാർക്കുകൾ</u>.—(1) സർവ്വകലാശാലയ്ക്കും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനിക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.” .

(ഇസഡ്സി) IX-ാം അദ്ധ്യായത്തിന് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കേണ്ടതാണ്, അതായത്:—

"അദ്ധ്യായം X

കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ

122. <u>കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ.</u>—(1) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം, അതിന്റെ അനുമതിയോടെയും അനുവാദത്തോടെയും, നിലവിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനെയോ വകുപ്പിനെയോ കേന്ദ്രത്തെയോ ഏതെങ്കിലും വിജ്ഞാനശാഖയിലെ അതിന്റെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജായോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റായോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി സെന്ററായോ നിയോഗിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ യോജിച്ചുകൊണ്ട് അല്ലെങ്കിൽ സഹകരിച്ചുകൊണ്ട്, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം അതിന്റെ അനുമതിയോടെയോ അനുവാദത്തോടെയോ അതിന്റെ അധികാരപരിധിക്കകത്ത് സർവ്വകലാശാല ഭരണനിർവ്വഹണം നടത്തുന്നതും പരിപാലിക്കുന്നതുമായ ഒരു കോൺസ്റ്റിറ്റ്യൂവന്റ് കോളേജോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി സെന്ററോ സ്ഥാപിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) സർവ്വകലാശാലയ്ക്ക്, അതിന്റെ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളിലോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലോ കോൺസ്റ്റിറ്റ്യൂവന്റ് യൂണിവേഴ്സിറ്റി സെന്ററുകളിലോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ, ഈ ആക്ടിലും സ്റ്റാറ്റ്യൂട്ടിലും റെഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ പ്രോഗ്രാമുകളും കോഴ്സുകളും ആരംഭിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു കോൺസ്റ്റിറ്റ്യൂവന്റ് കോളേജ് സ്ഥാപിക്കുന്നതിനോ കോൺസ്റ്റിറ്റ്യൂവന്റ് കോളേജ് പദവി നൽകുന്നതിനോ ഉള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്." .

5. 1994-ലെ 5-ാം ആക്ടിനുള്ള ഭേദഗതി.—1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5),—

(എ) 2-ാം വകുപ്പിൽ, (ഡബ്ല്യു) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(എക്സ്) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ ആക്റ്റിന്റെ 21എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(വൈ) "ഗവേഷണ കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 18എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു;

(ഇസഡ്) "ഗവേഷണ പാർക്ക്" എന്നാൽ ആക്റ്റിന്റെ 52സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(ഇസഡ്എ) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ ആക്റ്റിന്റെ 52എ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു.".

(ബി) 9-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"9. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ

ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.”.

(സി) 12-ാം വകുപ്പിൽ,—

(i) “എക്സ്-ഒഫിഷ്യോ അംഗങ്ങൾ” എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം (iv) വിട്ടുകളയേണ്ടതാണ്;

(ii) "തിരഞ്ഞെടുക്കപ്പെട്ട അംഗം" എന്ന ശീർഷകത്തിന് പകരം "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന് ചേർക്കേണ്ടതും, "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ നിലവിലുള്ള വ്യവസ്ഥ (i)-ാം ഇനമായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (i)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതുമാണ്, അതായത്:—

“ (ii) അവർക്കിടയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന സർവ്വകലാശാലയിലെ രണ്ട് സ്ഥിരം അദ്ധ്യാപകർ.” ;

(iii) “ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ” എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) (i)-ാം ഇനത്തിൽ, “ നാല് പ്രഗൽഭ പണ്ഡിതൻമാർ” , എന്നീ വാക്കുകൾക്ക് പകരം “ രണ്ട് പ്രഗൽഭ പണ്ഡിതന്മാർ” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (ii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“ (ii) നാലു വർഷക്കാലയളവിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള വിദ്യാഭ്യാസ വിദഗ്ധരോ പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണരോ ആയ നാല് പേർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനായിരിക്കേണ്ടതും ഒരാൾ പട്ടികജാതികളിലോ പട്ടികഗ്രോത്രവർഗ്ഗങ്ങളിലോപെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;”;

(സി) ഇനം (iv) പകരം ചേർക്കേണ്ടതാണ്, അതായത്:—

“ (iv) റൊട്ടേഷൻ അടിസ്ഥാനത്തിൽ സീനിയോറിറ്റി അനുസരിച്ച് രണ്ട് വർഷക്കാലത്തേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ.”.

(ഡി) ഇനം (v) വിട്ടുകളയേണ്ടതാണ്.

(ഡി) 14-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ (വൈ) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

“ (വൈഎ) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡിന്റെ അഭാവത്തിൽ സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് വിദഗ്ധ സമിതികൾ രൂപീകരിക്കുക.”.

(ഇ) 16-ാം വകുപ്പിൽ (3) -ാം ഉപവകുപ്പിൽ,—

(i) “ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ” എന്ന ശീർഷകത്തിൻ കീഴിൽ, നിലവിലുള്ള വ്യവസ്ഥ (i)-ാം ഇനമായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (i)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതുമാണ്, അതായത്:—

“ (ii) അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും ഒരു ഗവേഷണ പണ്ഡിതനും:

എന്നാൽ, ഒരു വിദ്യാർത്ഥി അല്ലെങ്കിൽ ഗവേഷണ പണ്ഡിതൻ എന്ന നിലയിൽ അക്കാഡമിക് കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ അദ്ദേഹം ഒരു വിദ്യാർത്ഥിയോ ഗവേഷണ പണ്ഡിതനോ അല്ലാതായിത്തീരുന്നിടത്ത് ഔദ്യോഗികസ്ഥാനം ഒഴിയേണ്ടതും അങ്ങനെയുള്ള ഒഴിവുകളിലേയ്ക്ക് മൂന്ന് മാസങ്ങൾക്കകം പുതിയ തിരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്.";

(ii) " നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,—

(എ) ഇനം (i) വിട്ടുകളയേണ്ടതാണ്;

(ബി) ഇനം (ii)-ൽ, " അഞ്ച്" , എന്ന വാക്കിന് പകരം " രണ്ട്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(എഫ്) 17-ാം വകുപ്പിൽ, —

(i) (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

" (സിഎ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(സിബി) മറ്റ് സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുക;" .

(ജി) 18-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 18 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർ പ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കുന്നതാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ ഒരു അദ്ധ്യാപക അംഗം;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ രണ്ട് ഡീൻമാർ;

(ജി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗത്ഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് എക്സ്റ്റേണൽ എക്സ്പേർട്ടുകൾ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ പണ്ഡിതൻ;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.

(3) ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു അംഗത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ രണ്ട് മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(എച്ച്) 21-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ 21 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിൽ ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ:

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഓരോ മൂന്ന് മാസത്തിലും ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(7) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.” .

(ഐ) 26-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (7) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്ര വേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം തൊട്ടടുത്ത യോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലുകളോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.” .

(ജെ) 27-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.” ;

(ii) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ് -ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല." ;

(iii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഡോക്ടറൽ ബിരുദത്തോടെയുള്ള ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്." ;

(iv) (4)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(v) (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (6) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാല പരീക്ഷകളുടെ തലവൻ ആയിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്.".

(കെ) 31-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിൽ, " വൈസ് ചാൻസലർ", എന്നീ വാക്കുകൾക്ക് പകരം "സിൻഡിക്കേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(എൽ) 38-ാം വകുപ്പിൽ, (10)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (11) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്." .

(എം) 40-ാം വകുപ്പിൽ, (4)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“ എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപതു ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം, അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.” .

(എൻ) 47-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ 47 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനയ്ക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം

എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപ്പര്യാർത്ഥം, നിയമാനുസൃതമായ ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

47 ബി. <u>വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം</u>.—(1) സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2 ) അത്തരം സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

47 സി. <u>അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും</u>.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം, വിലയിരുത്തൽ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെയും പണ്ഡിതരുടെയും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാഡമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് അനുയോജ്യമായ ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനയ്ക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്ടുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്.” .

(ഓ) 52-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ 52 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കോ യൂണിറ്റുകൾക്കോ കൂടാതെ അഫിലിയേറ്റഡ് കോളേജുകളുടെയും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ

ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവത്ക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

52 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും സർവ്വകലാശാല ധനസഹായ കമ്മീഷന്റെ റെഗുലേഷനുകൾക്കും ബാധകമായേക്കാവുന്ന സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

52 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്ക് ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനിക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.” .

6. 1996-ലെ 22-ാം ആക്റ്റിനുള്ള ഭേദഗതി.—1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22),—

(എ) 2-ാം വകുപ്പിൽ, (xxxiii)-ാം ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

“ (xxxiv) “ കോളേജ് കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 58 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കോളേജ് കൗൺസിൽ എന്നർത്ഥമാകുന്നു;

(xxxv) “ കോൺസ്റ്റിറ്റ്യൂവന്റ് കോളേജ്” എന്നാൽ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്യപ്പെട്ടതും ആക്റ്റിന്റെ 74 റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യൂവന്റ് കോളേജായി സിൻഡിക്കേറ്റ് അംഗീകരിച്ചതുമായ ഒരു കോളേജ് എന്നർത്ഥമാകുന്നു;

(xxxvi) "കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ" എന്നാൽ ആക്റ്റിന്റെ 74 റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്റർ ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു സെന്റർ എന്നർത്ഥമാകുന്നു;

(xxxvii) " കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ്" എന്നാൽ ആക്റ്റിന്റെ 74 റ്റി വകുപ്പ് പ്രകാരം കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് ആയി സിൻഡിക്കേറ്റ് അംഗീകരിച്ച സർവ്വകലാശാലയുടെ ഒരു ഡിപ്പാർട്ട്മെന്റ് എന്നർത്ഥമാകുന്നു;

(xxxviii) " ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ" എന്നാൽ ആക്റ്റിന്റെ 33 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ എന്നർത്ഥമാകുന്നു;

(xxxix) " ഗവേഷണ കൗൺസിൽ" എന്നാൽ ആക്റ്റിന്റെ 27 എ വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഗവേഷണ കൗൺസിൽ എന്നർത്ഥമാകുന്നു;

(xL) " ഗവേഷണ പാർക്ക്" എന്നാൽ ആക്റ്റിന്റെ 91 സി വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട ഗവേഷണ പാർക്ക് എന്നർത്ഥമാകുന്നു;

(xLi) "സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം" എന്നാൽ ആക്റ്റിന്റെ 91 എ വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം എന്നർത്ഥമാകുന്നു." .

(ബി) 8-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 8. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഹേതുവായി, സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) പ്രോ-ചാൻസലർ, സന്നിഹിതനായിരിക്കുമ്പോൾ, ചാൻസലറുടെ അഭാവത്തിൽ സെനറ്റിന്റെ യോഗങ്ങളിലും സർവ്വകലാശാലയുടെ ഏതൊരു ബിരുദദാന ചടങ്ങിലും ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) പ്രോ-ചാൻസലർക്ക് സർവ്വകലാശാലയുടെ അക്കാഡമികവും ഭരണപരവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു വിവരവും വിളിച്ചുവരുത്തുവാൻ അവകാശം ഉണ്ടായിരിക്കുന്നതും അങ്ങനെയുള്ള അർത്ഥന സർവ്വകലാശാല പാലിക്കേണ്ടതുമാണ്.

(4) പ്രോ-ചാൻസലർക്ക്, പ്രധാനപ്പെട്ടതെന്ന് അദ്ദേഹം കരുതുന്ന ഏതൊരു കാര്യമോ സർക്കാരിന്റെ നയത്തിൽപെടുന്ന ഏതൊരു സംഗതിയോ, ചാൻസലറുടെയോ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഉചിതമായ നടപടി സ്വീകരിക്കാൻ ആവശ്യപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(5) പ്രോ-ചാൻസലർക്ക് അദ്ദേഹം നിർദ്ദേശിച്ചേക്കാവുന്ന പ്രകാരമുള്ള വ്യക്തിയെക്കൊണ്ടോ വ്യക്തികളെക്കൊണ്ടോ സർവ്വകലാശാലയെയും അതിന്റെ കെട്ടിടങ്ങളെയും ലബോറട്ടറികളെയും ഉപകരണങ്ങളെയും സർവ്വകലാശാല പരിപാലിക്കുന്ന ഏതെങ്കിലും കോളേജിനെയോ സ്ഥാപനത്തെയോ; കൂടാതെ പരീക്ഷകളെയും അദ്ധ്യാപനത്തെയും സർവ്വകലാശാല നടത്തിയിട്ടുള്ളതോ ചെയ്തിട്ടുള്ളതോ ആയ മറ്റു പ്രവൃത്തിയെയും സംബന്ധിച്ച് പരിശോധന നടത്തിപ്പിക്കുന്നതിനും സർവ്വകലാശാലയുടെയും കോളേജുകളുടെയും സ്ഥാപനങ്ങളുടെയും ഭരണപരമോ സാമ്പത്തികപരമോ ആയ ഏതൊരു സംഗതിയുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ച് സമാനരീതിയിൽ അന്വേഷണം നടത്തിപ്പിക്കുന്നതിനും അവകാശം ഉണ്ടായിരിക്കുന്നതാണ്.

(6) പ്രോ-ചാൻസലർക്ക് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(7) പ്രോ-ചാൻസലർ, രേഖാമൂലമുള്ള ഉത്തരവിലൂടെ ചാൻസലർ ഏല്പിച്ചുകൊടുത്തേക്കാവുന്ന ചാൻസലറുടെ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും, അപ്രകാരമുള്ള ഏല്പിച്ചുകൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.".

(സി) 11-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തിരാവസ്ഥ ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും, കഴിയുന്നത്ര വേഗം, അടിയന്തിരാവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും, അതതുസംഗതിപോലെ, സാധാരണഗതിയിൽ ആ വിഷയം കൈകാര്യം ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ തൊട്ടടുത്ത് വരുന്ന യോഗത്തിൽ രേഖാമൂലം റിപ്പോർട്ട്

ചെയ്യേണ്ടതും ബന്ധപ്പെട്ട അധികാരസ്ഥാനം, നികായം അല്ലെങ്കിൽ കൗൺസിൽ അതിന്റെ തൊട്ടടുത്ത യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള ഒരു അടിയന്തിരാവസ്ഥ നിലനിൽക്കുന്നുണ്ടെന്നുള്ള കാര്യത്തിലോ സ്വീകരിച്ച നടപടിയിലോ അല്ലെങ്കിൽ രണ്ടിലുമോ വൈസ്-ചാൻസലറും, അതതുസംഗതിപോലെ, അധികാരസ്ഥാനമോ നികായമോ കൗൺസിലുകളോ തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്ന സന്ദർഭത്തിൽ പ്രസ്തുത വിഷയം അപ്പലേറ്റ് ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അതിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.”.

(ഡി) 13-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (1) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്. പ്രോ-വൈസ്-ചാൻസലർ, വൈസ്-ചാൻസലറുടെ ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.” ;

(ii) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാണ് .” ;

(iii) (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ അക്കാഡമിക-ഭരണനിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കുന്നതും പത്തു വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയത്തോടെയോ ഡോക്ടറൽ ബിരുദത്തോടെയുള്ള ഗവേഷണ പരിചയത്തോടെയോ ഒരു കോളേജിന്റെയോ സ്ഥാപനത്തിന്റെയോ പ്രൊഫസർ അല്ലെങ്കിൽ പ്രിൻസിപ്പൽ തസ്തിക വഹിച്ചിരുന്ന ആൾ ആയിരിക്കേണ്ടതുമാണ്.” ;

(iv) (4) -ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്;

(v) (5)-ാം ഉപവകുപ്പിൽ “ ചാൻസലർ നിശ്ചയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്” , എന്നീ വാക്കുകൾക്ക് പകരം “ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്” എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vi) (6)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (6) പ്രോ-വൈസ്-ചാൻസലർ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതും വൈസ്-ചാൻസലർ ഏല്പിച്ചുകൊടുക്കുന്നതുമായ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ്." .

(ഇ) 19-ാം വകുപ്പിൽ, " മറ്റ് അംഗങ്ങൾ", എന്ന ശീർഷകത്തിൻകീഴിൽ, (iii)-ാം ഇനത്തിന് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

" (iii എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള നാലിൽ അധികരിക്കാത്ത അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്." .

(എഫ്) 20-ാം വകുപ്പിൽ, (7)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (8) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിലെ മൂന്നിലൊന്ന് അംഗങ്ങളെ തെരഞ്ഞെടുക്കപ്പെടുന്നപക്ഷം, സെനറ്റ് രൂപീകരിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും രജിസ്ട്രാർ, അത് ഒരു വിജ്ഞാപനം വഴി പ്രഖ്യാപിക്കേണ്ടതുമാണ്." .

(ജി) 21-ാം വകുപ്പിൽ, (ഡി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (ഇ) സ്വമേധയായോ സിൻഡിക്കേറ്റിന്റെ ആവശ്യപ്പെടുന്നതുപ്രകാരമോ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

(എഫ്) സെനറ്റിലെ മൊത്തം അംഗത്വത്തിന്റെ ഭൂരിപകഷത്തോടെയും ഹാജരായതും വോട്ട് രേഖപ്പെടുത്തിയതുമായ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെയും, സിൻഡിക്കേറ്റ് പാസ്സാക്കിയ ഏതൊരു ഓർഡിനൻസോ അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഏതെങ്കിലും റെഗുലേഷനോ റദ്ദാക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്യുക :

എന്നാൽ, റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള നിർദ്ദേശത്തിന്മേൽ അക്കാഡമിക് കൗൺസിലിന് അതിന്റെ അഭിപ്രായം പറയുന്നതിനുള്ള ഒരവസരം നൽകാതെ യാതൊരു റെഗുലേഷനും സെനറ്റ് റദ്ദാക്കുവാനോ ഭേദഗതി ചെയ്യുവാനോ പാടുള്ളതല്ല." .

(എച്ച്) 23-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 23. <u>സിൻഡിക്കേറ്റ്</u>.—(1) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതിയായിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

<u>എക്സ് ഒഫിഷ്യോ അംഗങ്ങൾ:</u>

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

<u>മറ്റ് അംഗങ്ങൾ:</u>

(എ) സെനറ്റ് അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന എട്ട് അംഗങ്ങൾ, അവരിൽ,—

(i) അദ്ധ്യാപകരല്ലാത്ത നാല് പേർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗ്രോത്രവർഗ്ഗത്തിലോപെട്ടയാൾ ആയിരിക്കേണ്ടതാണ് ;

(ii) അഫിലിയേറ്റഡ് കോളേജുകളിലെ ഒരു പ്രിൻസിപ്പൽ; കൂടാതെ

(iii) പ്രിൻസിപ്പൽമാർ അല്ലാത്ത മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകനും ഒരാൾ സർക്കാർ കോളേജിലെ അദ്ധ്യാപകനും ഒരാൾ സ്വകാര്യ കോളേജിലെ അദ്ധ്യാപകനും ആയിരിക്കേണ്ടതാണ്.

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, " സ്വകാര്യ കോളേജ്" എന്നാൽ അൺ-എയ്ഡഡ് കോളേജുകൾ അല്ലാത്ത സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു." ;

(ബി) താഴെ പരാമർശിച്ചിട്ടുള്ള അംഗങ്ങൾക്കിടയിൽ നിന്ന് സെനറ്റ് തെരഞ്ഞെടുത്ത ഒരു വിദ്യാർത്ഥി അംഗം—

(i) 19-ാം വകുപ്പിൽ " എക്സ്-ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം (xiv);

(ii) 19-ാം വകുപ്പിൽ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം (xi) ;

(iii) 19-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള ഇനം (iii);

(സി) 19-ാം വകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിലുള്ള (iii എ) ഇനത്തിൽ പരാമർശിച്ചിട്ടുള്ള, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ.

(ഡി) റൊട്ടേഷൻ അടിസ്ഥാനത്തിൽ സീനിയോറിറ്റി അനുസരിച്ച് രണ്ട് വർഷക്കാലത്തേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റിയുടെ ഒരു ഡീൻ." .

(ഐ) 24-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 24. <u>സിൻഡിക്കേറ്റിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—(1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള സിൻഡിക്കേറ്റിലെ അംഗങ്ങൾ, അവരെ തെരഞ്ഞെടുത്തതോ നാമനിർദ്ദേശം ചെയ്തതോ ആയ തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു പ്രത്യേക നികായത്തിലെ അംഗം എന്ന നിലയിലോ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്ന ആൾ എന്ന നിലയിലോ തെരഞ്ഞെടുക്കപ്പെടുന്ന യാതൊരാളും, ആ നികായത്തിലെ അങ്ങനെയുള്ള അംഗമോ ആ ഔദ്യോഗികസ്ഥാനത്തിലെ അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളോ അല്ലാതായിത്തീർന്നതിനു ശേഷം മൂന്നു മാസത്തിൽ കവിഞ്ഞ കാലത്തേയ്ക്ക്, അതിനിടയിൽ താൻ വീണ്ടും ആ നികായത്തിലെ ഒരു അംഗമോ ആ ഔദ്യോഗികസ്ഥാനം വഹിക്കുന്ന ആളോ ആയിത്തീരാത്ത പക്ഷം, സിൻഡിക്കേറ്റിലെ അംഗം ആയിരിക്കാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, 23-ാം വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിലുള്ള (ബി) ഇനത്തിൽ പരാമർശിച്ചിട്ടുള്ള അംഗം, അദ്ദേഹത്തെ തെരഞ്ഞെടുത്ത തീയതി മുതൽ ഒരു വർഷക്കാലയളവിലേയ്ക്കോ അദ്ദേഹം സെനറ്റിലെ ഒരു അംഗമാകാതിരിക്കുകയോ ചെയ്യുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നിരുന്നാലും, സിൻഡിക്കേറ്റിന്റെ കാലാവധി സെനറ്റിന്റെ കാലാവധി അവസാനിക്കുന്നതുവരെ ആയിരിക്കുന്നതാണ് :

എന്നിരുന്നാലും, എക്സ്-ഒഫിഷ്യോ അംഗമല്ലാത്ത യാതൊരാളും രണ്ടിൽ കൂടുതൽ തവണ തുടർച്ചയായി ഔദ്യോഗികസ്ഥാനം വഹിക്കാൻ അർഹനായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 23-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (എ) ഇനത്തിന്റെ (ii)-ാം ഉപഇനത്തിലോ (എ) ഇനത്തിന്റെ (iii)-ാം ഉപഇനത്തിലോ പരാമർശിച്ചിട്ടുള്ള, ഒരു സ്വകാര്യ കോളേജിലെയോ ഒരു സർക്കാർ കോളേജിലെയോ അദ്ധ്യാപകനായ, സിൻഡിക്കേറ്റിലെ ഒരു അംഗം,—

(എ) സർവ്വകലാശാലയുടെ പ്രാദേശിക പരിധിക്ക് പുറത്ത് സ്ഥിതിചെയ്യുന്നതും സംസ്ഥാനത്തിനകത്തുള്ളതും ആയ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലേയ്ക്ക് മാറ്റുകയോ; അല്ലെങ്കിൽ

(ബി) അദ്ദേഹം പ്രിൻസിപ്പലോ അദ്ധ്യാപകനോ ആയ കോളേജ് മറ്റൊരു സർവ്വകലാശാലയിലേയ്ക്ക് മാറ്റുകയോ,

ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽ മാത്രം അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതല്ല.".

(ജെ) 25-ാം വകുപ്പിൽ,—

(i) (ii) -ാം ഇനത്തിൽ "സ്റ്റാറ്റ്യൂട്ടുകളും" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ii) (xv)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

“ (xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ബിരുദങ്ങൾ നൽകുകയും ചെയ്യുക;

(xv എ) അത് നിശ്ചയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കായും ഇൻഡ്യയിലും വിദേശത്തും ഉള്ള മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും യോജിച്ച് പ്രവർത്തിക്കുകയും സഹകരിക്കുകയും ചെയ്യുക;” ;

(iii) (xvii)-ാം ഇനത്തിന് പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

“ (xvii) പാനലിലെ പരീക്ഷകരുടെ പ്രതിഫലം നിശ്ചയിക്കുക;” ;

(iv) (xx)-ാം ഇനത്തിന് പകരം താഴെപറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

“ (xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടുചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് യോജിച്ച സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുവേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, സർവ്വകലാശാലയുടെ അങ്ങനെയുള്ള നിർദ്ദേശങ്ങളോ സർക്കാരിന്റെ പൊതുനിർദ്ദേശങ്ങളോ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;” ;

(v) (xxvi)-ാം ഇനത്തിൽ,—

(എ) “ ലക്ച്ചറർ തസ്തികകളും” എന്നീ വാക്കുകൾക്ക് ശേഷം “ അസോസിയേറ്റ് പ്രൊഫസർഷിപ്പുകൾ, അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകൾ” എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(ബി) ക്ലിപ്തനിബന്ധനയിൽ “ ലക്ചറർ തസ്തികയോ” എന്നീ വാക്കുകൾക്ക് ശേഷം “ അസോസിയേറ്റ് പ്രൊഫസർഷിപ്പോ, അസിസ്റ്റന്റ് പ്രൊഫസർഷിപ്പോ” എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(vi) (xxxiv)-ാം ഇനത്തിന് ശേഷം താഴെപറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത് :—

“ (xxxiv എ) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ക്ലസ്റ്ററുകളുടെ ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോളേജുകളുടെ ക്ലസ്റ്റർ രൂപീകരിക്കുക;

(xxxiv ബി) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളിനാലും നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്കും നിബന്ധനകൾക്കും അനുസൃതമായി കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക;

(xxxiv സി) ഫെലോഷിപ്പുകൾ, ട്രാവലിംഗ് ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ്ഷിപ്പുകൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ നൽകുന്നത് നിശ്ചയിക്കുക;

(xxxiv ഡി) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡിന്റെ അഭാവത്തിൽ സർവ്വകലാശാല ആരംഭിച്ച പ്രത്യേക പഠന മേഖലകളിൽ അങ്ങനെയുള്ള പ്രോഗ്രാമുകൾക്കായോ കോഴ്സുകൾക്കായോ പഠന ബോർഡുകളുടെ അധികാരങ്ങളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് വിദഗ്ദ്ധ സമിതികൾ രൂപീകരിക്കുക.” .

(കെ) 26-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 26. <u>അക്കാഡമിക് കൗൺസിൽ</u>.—(1) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ പരമോന്നത അക്കാഡമിക നികായം ആയിരിക്കുന്നതാണ്.

(2) അക്കാഡമിക് കൗൺസിൽ, ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയ്ക്കകത്ത് നിയന്ത്രണവും പൊതു ക്രമീകരണവും ഏർപ്പെടുത്തേണ്ടതും ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരീക്ഷകളുടെയും നിലവാരം നിലനിർത്തുന്നതിന് ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) വൈസ് -ചാൻസലർ;

(ബി) പ്രോ-വൈസ് -ചാൻസലർ;

(സി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(ഡി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

(ഇ) ഗവേഷണവും പഠനവും സംബന്ധിച്ച ഡയറക്ടർ;

(എഫ്) കായിക വിദ്യാഭ്യാസ ഡയറക്ടർ;

(ജി) ഫാക്കൽറ്റികളുടെ ഡീനുകൾ;

(എച്ച്) സർവ്വകലാശാല യൂണിയൻ ജനറൽ സെക്രട്ടറി;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജെ) ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത പഠനത്തിന്റെയും ഗവേഷണത്തിന്റെയും സർവ്വകലാശാല വകുപ്പുകളുടെ തലവന്മാർ;

(കെ) അക്കാഡമിക് കൗൺസിലിലെ മറ്റുവിധത്തിൽ അംഗങ്ങളല്ലാത്ത സിൻഡിക്കേറ്റിലെ എല്ലാ അംഗങ്ങളും;

(എൽ) സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത ഒരു സർക്കാർ കോളേജിലെ പ്രിൻസിപ്പൽ;

(എം) സ്വകാര്യ കോളേജുകളിലെ പ്രിൻസിപ്പൽമാർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത ഒരു സ്വകാര്യ കോളേജിലെ പ്രിൻസിപ്പൽ;

വിശദീകരണം:—ഈ ഇനത്തിന്റെ ആവശ്യത്തിലേയ്ക്കായി, 'സ്വകാര്യ കോളേജ് എന്നാൽ അൺ എയ്ഡഡ് കോളേജുകൾ ഒഴികെയുള്ള സ്വകാര്യ കോളേജ് എന്നർത്ഥമാകുന്നു." ;

(എൻ) ഫാക്കൽറ്റികളുടെ ഡീനുകളോ സർവ്വകലാശാല വകുപ്പിന്റെ തലവനോ പ്രിൻസിപ്പലോ അല്ലാത്ത ഓരോ പഠന വിഷയത്തിലെയും അദ്ധ്യാപകർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ആ വിഷയത്തിലെ ഒരു അംഗം;

(ഒ) ഫാക്കൽറ്റിയിലെ മുഴുവൻ സമയ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഓരോ ഫാക്കൽറ്റിയെയും പ്രതിനിധീകരിക്കുന്ന ഒരു അംഗം;

(പി) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പുറത്ത് നിന്നുള്ള അഞ്ച് വിദഗ്ധർ, അവരിൽ ഒരാളെങ്കിലും വ്യവസായ മേഖലയിൽ നിന്നുള്ള ഒരു വിദഗ്ധനായിരിക്കേണ്ടതാണ്;

(ക്യൂ) സർവ്വകലാശാലയിലെ അഞ്ച് ഗവേഷണ പണ്ഡിതർ, അവരിൽ ഒരാൾ വിദ്യാർത്ഥിനിയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ടയാളും ഒരാൾ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന, ഭിന്നശേഷി വിഭാഗങ്ങളിൽപെട്ട ആളും ആയിരിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പിലെ (എ) മുതൽ (ജെ) വരെയുള്ള ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംഗങ്ങൾ ഒഴികെയുള്ള അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ, അതതുസംഗതിപോലെ, അവരെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന തീയതി മുതൽ നാല് വർഷക്കാലയളിവിലേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു വിദ്യാർത്ഥി എന്ന നിലയിൽ അക്കാഡമിക് കൗൺസിലിലെ അംഗമായിട്ടുള്ള ഒരാൾ, അയാൾ വിദ്യാർത്ഥിയല്ലാതായിത്തീരുന്നിടത്ത് ഔദ്യോഗിക സ്ഥാനം ഒഴിയേണ്ടതാണ്:

എന്നുമാത്രമല്ല, അദ്ദേഹത്തിന്റെ പിൻഗാമി അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നതുവരെ അദ്ദേഹം ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്." .

(എൽ) 27-ാം വകുപ്പിൽ,—

(i) (v)-ാം ഖണ്ഡത്തിൽ, "കോഴ്സുകളിലും" എന്ന വാക്കിന് പകരം "പ്രോഗ്രാമുകളിലും" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (vi)-ാം ഖണ്ഡത്തിൽ, "കോഴ്സുകൾക്ക്" എന്ന വാക്കിന് പകരം "പ്രോഗ്രാമുകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (viii)-ാം ഖണ്ഡത്തിൽ, "നൽകുക" എന്ന വാക്കിന് പകരം " നൽകുകയും സ്വീകരിക്കുകയും ചെയ്യുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ix) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(v) (x) -ാം ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(vi) (xi)-ാം ഖണ്ഡത്തിൽ, "നിർദ്ദേശം നൽകുക" എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട നികായങ്ങൾ ശിപാർശ ചെയ്യുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുക" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(vii) (xiii)-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

" (xiii) സർവ്വകലാശാല വകുപ്പുകൾ, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ, അഫിലിയേറ്റഡ് കോളേജുകൾ, അംഗീകൃത സ്ഥാപനങ്ങൾ എന്നിവയിൽ അദ്ധ്യാപനവും പഠനവും ഏകോപിപ്പിക്കുക;

(xiii എ) ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി അങ്ങനെയുള്ള റെഗുലേഷനുകൾ ഉണ്ടാക്കുക;

(xiii ബി) മറ്റ് സ്ഥാപനത്തിൽ നിന്നോ സർവ്വകലാശാലയിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുക;" .

(എം) 27-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“27 എ. ഗവേഷണ കൗൺസിൽ.—(1) ഗവേഷണം, നൂതന കണ്ടെത്തലുകൾ, അക്കാഡമിക് സഹകരണം, സാങ്കേതികശാസ്ത്ര കൈമാറ്റം, ഗവേഷണവുമായി ബന്ധപ്പെട്ട തുടർപ്രവൃത്തികൾ എന്നിവയുമായി ബന്ധപ്പെട്ട ഏതൊരു കാര്യത്തിന്മേലും ചർച്ച ചെയ്യുന്നതിനും ആലോചിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി സർവ്വകലാശാലയ്ക്ക് ഒരു ഗവേഷണ കൗൺസിൽ ഉണ്ടായിരിക്കേണ്ടതും അതിന്റെ തീരുമാനങ്ങൾക്ക് അനുസൃതമായി ബന്ധപ്പെട്ട നികായങ്ങൾ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്.

(2) ഗവേഷണ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) റിസർച്ച് ഡയറക്ടർ, അദ്ദേഹം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രൊഫസർ ആയിരിക്കേണ്ടതാണ്;

(ഇ) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ രണ്ട് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലയിലെ അദ്ധ്യാപകൻ ആയിരിക്കേണ്ടതാ ണ്;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ മൂന്ന് ഡീൻമാർ;

(ജി) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഗവേഷണത്തിൽ പ്രാഗത്ഭ്യം തെളിയിച്ച സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള രണ്ട് എക്സ്റ്റേണൽ വിദഗ്ദ്ധർ;

(എച്ച്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലെ ഒരു ഗവേഷണ പണ്ഡിതൻ;

(ഐ) ഡയറക്ടർ, ഇന്റേണൽ ക്വാളിറ്റി അക്ഷ്വറൻസ് സെൽ;

(ജെ) അക്കാഡമിക് കൗൺസിൽ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ട് അംഗങ്ങൾ.

(3) വൈസ്-ചാൻസലർ ഗവേഷണ കൗൺസിലിന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതും റിസർച്ച് ഡയറക്ടർ കൺവീനർ ആയിരിക്കുന്നതുമാണ്. ചെയർപേഴ്സന്റെ അഭാവത്തിൽ, ഹാജരായ അംഗങ്ങൾ അവർക്കിടയിൽ നിന്നും ഒരു അംഗത്തെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ്.

(4) ഗവേഷണ കൗൺസിലിലെ അംഗങ്ങൾ, അത് രൂപീകരിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്കോ പുനഃസംഘടിപ്പിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(5) ഗവേഷണ കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(6) ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.".

(എൻ) 28-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ ,—

(i) (ബി) ഖണ്ഡത്തിൽ, "രണ്ട് അംഗങ്ങൾ" എന്നീ വാക്കുകൾക്ക് പകരം "ഒരു അംഗം" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (സി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അംഗങ്ങൾ;".

(ഒ) 30-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"30. പഠന ബോർഡുകൾ.—(1) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവകലാശാലയിലെ ഓരോ പഠനവകുപ്പിനും ഒരു സംയോജിത പഠന ബോർഡ് ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ പഠന ബോർഡിനും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും, ചെയർപേഴ്സൺ കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള ഒരു അദ്ധ്യാപകൻ ആയിരിക്കേണ്ടതുമാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസുള്ള അധ്യാപകരില്ലാത്തപക്ഷം, ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) പഠന ബോർഡുകളുടെ അംഗങ്ങൾ കുറഞ്ഞത് പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകർ ആയിരിക്കേണ്ടതാണ്:

എന്നാൽ, പത്ത് വർഷത്തെ റെഗുലർ സർവ്വീസുള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അതിലുംകുറഞ്ഞ പ്രവൃത്തിപരിചയമുള്ള അദ്ധ്യാപകരെ പരിഗണിക്കേണ്ടതാണ്.

(4) ഓരോ പഠന ബോർഡിനും പരമാവധി പതിനഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതും ഒരാളെങ്കിലും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ബന്ധപ്പെട്ട

മേഖലയിൽ നിന്നോ നൈപുണ്യ മേഖലയിൽ നിന്നോ ഉള്ള, സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള ഒരു വിദഗ്ധൻ ആയിരിക്കേണ്ടതുമാണ്.

(5) പഠന ബോർഡുകളുടെ ചെയർപേഴ്സണും അംഗങ്ങളും അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(6) പഠന ബോർഡുകളുടെ രൂപീകരണവും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

30 എ. <u>വിദഗ്ധ സമിതി</u>.—(1) ഔപചാരികമായി രൂപീകരിച്ച പഠന ബോർഡുകളുടെ അഭാവത്തിൽ പഠന ബോർഡുകളുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനുമായി സിൻഡിക്കേറ്റ് ഒരു വിദഗ്ധ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ഓരോ വിദഗ്ധ സമിതിക്കും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു ചെയർപേഴ്സൺ ഉണ്ടായിരിക്കേണ്ടതും ചെയർപേഴ്സണ് കുറഞ്ഞത് പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, പതിനഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്ത പക്ഷം ഏറ്റവും സീനിയറായ അദ്ധ്യാപകൻ ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്.

(3) വിദഗ്ധ സമിതിയിലെ അംഗങ്ങൾക്ക് കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, കുറഞ്ഞത് അഞ്ച് വർഷത്തെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരില്ലാത്തപക്ഷം, അഞ്ച് വർഷത്തിൽ താഴെ റെഗുലർ സർവ്വീസ് ഉള്ള അദ്ധ്യാപകരെയും പരിഗണിക്കാവുന്നതാണ്.

(4) ഓരോ വിദഗ്ധ സമിതിയിലും കുറഞ്ഞത് പത്ത് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അതിൽ ഏറ്റവും കുറഞ്ഞത് ഒരാളെങ്കിലും സർവകലാശാലയ്ക്ക് പുറത്ത് നിന്നുള്ള എക്സ്റ്റേണൽ എക്സ്പേർട്ട് ആയിരിക്കേണ്ടതുമാണ്.

(5) വിദഗ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(6) വിദഗ്ധ സമിതിയുടെ കാലാവധി സിൻഡിക്കേറ്റ് തീരുമാനിക്കേണ്ടതാണ് :

എന്നാൽ, അങ്ങനെയുള്ള കാലാവധി രണ്ട് വർഷത്തിൽ അധികരിക്കാൻ പാടില്ലാത്തതാണ്.".

(പി) 31-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിൽ, “എക്സ് ഒഫീഷ്യോ അംഗങ്ങൾ” എന്ന ശീർഷകത്തിൻകീഴിൽ, (ബി) ഇനത്തിൽ "ചെയർമാൻ", എന്ന വാക്കിന് പകരം "ചെയർപേഴ്സൺ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(ക്യൂ) 32-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ 32 എ. വിദ്യാർത്ഥികളുടെ അവകാശങ്ങൾ.—(1) വിദ്യാർത്ഥികൾക്ക്, അവർ പഠനം തുടരാനാഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പ്രോസ്പെക്ടസ് ലഭിക്കുന്നതിനും കോഴ്സ് തെരഞ്ഞെടുപ്പിനെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും യുക്തമായ തീരുമാനങ്ങൾ എടുക്കുന്നതിന് സഹായകരമായ വിവരങ്ങൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) വിദ്യാർത്ഥികൾക്ക്, അവർ രജിസ്റ്റർ ചെയ്ത ഓരോ കോഴ്സിനും വിശദവും പൂർണ്ണവുമായ കോഴ്സ് രൂപരേഖ ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അത് ക്ലാസിന്റെ ആദ്യ ആഴ്ചയിൽ നൽകേണ്ടതുമാണ്. ഈ വിവരങ്ങളിൽ,—

(എ) കോഴ്സിൽ പരിഗണിക്കേണ്ട വിഷയങ്ങളുടെ വിവരണം;

(ബി) ആവശ്യമായതും ശിപാർശ ചെയ്യപ്പെട്ടതുമായ, വായനക്കോ പഠനത്തിനോ ഉള്ള സാമഗ്രികളുടെ ഒരു ലിസ്റ്റ്;

(സി) കോഴ്സിൽ ഉപയോഗിക്കേണ്ടതായ മൂല്യനിർണ്ണയ രീതികളുടെ വിവരണം; കൂടാതെ

(ഡി) ഇൻസ്ട്രക്ടറെ ബന്ധപ്പെടാനുള്ള വിവരങ്ങൾ, ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം, ഓഫീസ് സമയം

എന്നിവ ഉൾപ്പെടേണ്ടതാണ്.

(3) വിദ്യാർത്ഥികൾക്ക്, തൃപ്തികരമായ അക്കാഡമിക് വിദ്യാഭ്യാസം നേടുന്നതിനും അവരുടെ നിർദ്ദിഷ്ട പഠനലക്ഷ്യങ്ങളും ക്രെഡിറ്റ് ആവശ്യകതയും കൈവരിക്കുന്നതിനായി മുഖാമുഖമായോ ഓൺലൈനായോ പഠനം നടത്താനാവശ്യമായ അദ്ധ്യാപന മണിക്കൂറുകൾ ലഭിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(4) വിദ്യാർത്ഥികൾക്ക്, അവരുടെ താൽപര്യാർത്ഥം, നിയമാനുസൃതമായ ഏതെങ്കിലും സംഘടനയിൽ അംഗമാകുന്നതിന് അവകാശമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള ഒരു സംഘടനയിൽ അവർ ഉൾപ്പെടുന്നുവെന്ന കാരണത്താൽ സർവ്വകലാശാല, അവരെ മുൻവിധിയോടെയുള്ള പെരുമാറ്റത്തിന് വിധേയരാക്കാൻ പാടില്ലാത്തതുമാണ്.

(5) വിദ്യാർത്ഥികളുടെ ഒരു കൂട്ടത്തിന്, സംഘടിക്കുന്നതിനും അതിലെ അംഗങ്ങളുടെ താല്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ, അങ്ങനെയുള്ള ഒരു സംഘത്തിന്റെ ആവശ്യങ്ങൾ നിയമാനുസൃതമായിരിക്കേണ്ടതാണ്. അങ്ങനെയുള്ള ഓരോ സംഘത്തിനും പരസ്യപ്പെടുത്തുന്നതിനും യോഗങ്ങൾ നടത്തുന്നതിനും ഏത് വിഷയവും ചർച്ച ചെയ്യുന്നതിനും നിയമാനുസൃതവും സമാധാനപരവുമായ പ്രകടനത്തിൽ ഏർപ്പെടുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(6) സർവ്വകലാശാലയും അതിൻകീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളുടെ ഒരു ഔപചാരിക പ്രാതിനിധ്യ സമിതി രൂപീകരിക്കേണ്ടതും, ആ സമിതിയിൽ, സർവ്വകലാശാലയുടെ തീരുമാനത്തിനനുസരിച്ച് വിദ്യാർത്ഥികളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായി തെരഞ്ഞെടുപ്പുകൾ പതിവായി നടത്തേണ്ടതുമാണ്.

(7) സർവ്വകലാശാലയുടെ പഠന വകുപ്പുകളും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികൾക്കുള്ള ഈ അവകാശങ്ങൾ നിരീക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

(8) ഓരോ വിദ്യാർത്ഥിക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നിർദ്ദിഷ്ട വിദ്യാർത്ഥികളുടെ അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

32 ബി. വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനം.—(1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾക്കും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി വിദ്യാർത്ഥികളുടെ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

32 സി. അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും.—(1) അദ്ധ്യാപകർക്ക് അക്കാഡമിക സ്വാതന്ത്ര്യത്തിനും അന്വേഷണം, അഭിപ്രായപ്രകടനം, സംഘംചേരൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യത്തിനും അവകാശമുണ്ടായിരിക്കുന്നതാണ്.

(2) അദ്ധ്യാപകർക്ക്, ഈ ആക്ടിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി, അക്കാഡമിക പ്രോഗ്രാമുകൾ, പാഠ്യപദ്ധതി, സിലബസ്, മൂല്യനിർണ്ണയം, വിലയിരുത്തൽ എന്നിവ രൂപകല്പന ചെയ്യുന്നതിനുള്ള അക്കാഡമിക സ്വയംഭരണാധികാരം ഉണ്ടായിരിക്കുന്നതാണ്.

(3) അദ്ധ്യാപകർക്കോ അവരുടെ സംഘങ്ങൾക്കോ സംഘടനകൾക്കോ സർവ്വകലാശാലയുടെ മുൻകൂർ അനുമതിയില്ലാതെ, ലിഖിതമായതോ അച്ചടിച്ചതോ ഇലക്ട്രോണിക് രൂപത്തിലുള്ളതോ

ആയ മെറ്റീരിയലുകൾ കാമ്പസിൽ വിതരണം ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യാവുന്നതാണ്. എന്നാൽ, അപ്രകാരം വിതരണം ചെയ്യുന്ന മെറ്റീരിയൽ സർവ്വകലാശാലയുടെ നയത്തിനും സംസ്ഥാന നിയമത്തിനും വിരുദ്ധമാകാൻ പാടുള്ളതല്ല. അങ്ങനെയുള്ള മെറ്റീരിയലിൽ അതിന് ഉത്തരവാദിയായ വ്യക്തിയെയോ വ്യക്തികളെയോ വ്യക്തമായി സൂചിപ്പിക്കേണ്ടതാണ്.

(4) അദ്ധ്യാപകർക്ക്, വിഭവങ്ങളുടെ ലഭ്യതയ്ക്ക് അനുസൃതമായി, അദ്ധ്യാപകരുടെയും പണ്ഡിതരുടെയും ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട അവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ നൈപുണ്യം വികസിപ്പിക്കുന്നതിനും തുടർപഠന അവസരങ്ങൾ പിന്തുടരാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(5) അദ്ധ്യാപകർക്ക്, അവരുടെ മറ്റ് അക്കാദമിക ചുമതലകളുടെ തൃപ്തികരമായ പ്രവർത്തനങ്ങൾക്ക് വിധേയമായി, ഗവേഷണത്തിലും ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നതിലും പൂർണ്ണ സ്വാതന്ത്ര്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(6) അദ്ധ്യാപകരുടെ അദ്ധ്യാപന ചുമതലകളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു:—

(എ) കോഴ്സ് നൽകുന്നതിനുള്ള രീതിക്ക് അനുയോജ്യമായ ക്ലാസ് മുറി അല്ലെങ്കിൽ ഓൺലൈൻ പ്രവർത്തനങ്ങൾ, ആസൂത്രണം ചെയ്യുക;

(ബി) കോഴ്സ് സിലബസ് തയ്യാറാക്കുക;

(സി) അസൈൻമെന്റുകളും പരീക്ഷകളും രൂപകല്പന ചെയ്യുക;

(ഡി) ഓഫീസ് സമയം സ്ഥിരമായി പാലിക്കുക അല്ലെങ്കിൽ കൂടിയാലോചനക്ക് ലഭ്യമായിരിക്കുക;

(ഇ) വിദ്യാർത്ഥികൾ ഏറ്റെടുത്തിട്ടുള്ള സ്വതന്ത്ര ജോലിയിൽ മേൽനോട്ടം വഹിക്കുക;

(എഫ്) തീസിസുകളും പ്രബന്ധങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുക;

(ജി) വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം നടത്തുക;

(എച്ച്) വിദ്യാർത്ഥികളുടെ പഠനത്തെ വിലയിരുത്തുകയും രേഖപ്പെടുത്തുകയും ചെയ്യുക;

(ഐ) ഉപദേശം നൽകുക, പാഠ്യപദ്ധതി വികസിപ്പിക്കുകയും നിർണ്ണയിക്കുകയും ചെയ്യുക;

(ജെ) വിദ്യാർത്ഥി മെന്റർ പ്രോഗ്രാമുകൾ, അദ്ധ്യാപക സേവനങ്ങൾ, പഠന നൈപുണ്യ ശില്പശാലകൾ, പ്രത്യേക ഇവന്റുകൾ, ഗവേഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണം നടത്തൽ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും പ്രോജക്റ്റുകൾക്കോ തുടർപ്രവർത്തനങ്ങൾക്കോ ഉള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക.

(7) അക്കാഡമിക ഉപദേശം നൽകൽ, അദ്ധ്യാപകന്റെ ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണ്.

(8) അദ്ധ്യാപന ഉത്തരവാദിത്വം എന്നതിൽ കോഴ്സ് പ്രദാനം ചെയ്യേണ്ട രീതിക്ക് അനുയോജ്യമായി ക്ലാസ് മുറിയിൽ നേരിട്ടോ ഓൺലൈനായോ നിശ്ചയിക്കപ്പെട്ട ക്ലാസ് സമയങ്ങളിലെ കൃത്യവും സ്ഥിരമായതുമായ സാന്നിദ്ധ്യം ഉൾപ്പെടുന്നതാണ്.

(9) ഒരു അദ്ധ്യാപകൻ വിദ്യാർത്ഥികളോട് പ്രൊഫഷണൽ മര്യാദയോടെ പെരുമാറേണ്ടതും അക്കാഡമിക സ്വാതന്ത്ര്യവും 'വിദ്യാർത്ഥി അവകാശങ്ങളിൽ' പ്രതിപാദിച്ചിരിക്കുന്ന, അവകാശങ്ങളും ഉൾപ്പെടെയുള്ള അവരുടെ എല്ലാ അവകാശങ്ങളെയും മാനിക്കേണ്ടതുമാണ്.

(10) സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും എല്ലാ അദ്ധ്യാപകർക്കും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്." .

(ആർ) 33-ാം വകുപ്പിൽ,—

(i)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ പ്രധാന ധനകാര്യ നികായമായിരിക്കേണ്ടതും സർവ്വകലാശാലയുടെ സാമ്പത്തിക കാര്യങ്ങളിൽ പൊതുവായ മേൽനോട്ടം വഹിക്കേണ്ടതുമാണ്.";

(ii) (2)-ാം ഉപവകുപ്പിൽ (ജി) ഖണ്ഡത്തിന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എച്ച്) രജിസ്ട്രാർ." ;

(iii) (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3 എ) ഫൈനാൻസ് കമ്മിറ്റി സർവ്വകലാശാലയുടെ വാർഷിക ബജറ്റിന്റെ പരിശോധനയും സൂക്ഷ്മപരിശോധനയും നടത്തേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് സാമ്പത്തിക കാര്യങ്ങളിൽ ശിപാർശകൾ നൽകേണ്ടതുമാണ്.

(3 ബി) ഫൈനാൻസ് കമ്മിറ്റി പുതിയ ചെലവുകൾക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.

(3 സി) ഫൈനാൻസ് കമ്മിറ്റി, അക്കൗണ്ടുകളുടെ ആനുകാലിക സ്റ്റേറ്റ്മെന്റ് പരിഗണിക്കേണ്ടതും കാലാകാലങ്ങളിൽ സർവ്വകലാശാലയുടെ സാമ്പത്തികകാര്യങ്ങൾ പുനഃപരിശോധന നടത്തേണ്ടതും പുനർവിനിയോഗ സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കേണ്ടതും റിപ്പോർട്ടുകൾ ഓഡിറ്റ് ചെയ്യേണ്ടതും ബന്ധപ്പെട്ട നികായങ്ങൾക്ക് ശിപാർശകൾ നൽകേണ്ടതുമാണ്.";

(iv) (4)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" (4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും സാമ്പത്തിക കാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയി ക്കേണ്ടതാണ്." .

(എസ്) (33)-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

" 33 എ. ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ.—(1) സർവ്വകലാശാലയിലും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകളിലും ഒരു ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരിക്കേണ്ടതാണ്.

(2) സർവ്വകലാശാലയിലെ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ്-ചാൻസലർ;

(സി) രജിസ്ട്രാർ;

(ഡി) ഫൈനാൻസ് ഓഫീസർ;

(ഇ) സിൻഡിക്കേറ്റ് അംഗങ്ങൾ അവർക്കിടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേർ;

(എഫ്) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ജി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എച്ച്) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ.

(3) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ വൈസ്-ചാൻസലർ ആയിരിക്കേണ്ടതും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം ഡയറക്ടർ ആയിരിക്കേണ്ടതുമാണ്.

(4) അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജിലെയും ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ;

(ബി) മാനേജ്മെന്റിന്റെ ഒരു പ്രതിനിധി;

(സി) കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് അദ്ധ്യാപകർ;

(ഡി) ലോക്കൽ സൊസൈറ്റി, വിദ്യാർത്ഥികൾ, അലുമിനി എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(ഇ) തൊഴിലുടമകൾ, വ്യവസായികൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്നും പ്രിൻസിപ്പൽ നാമനിർദ്ദേശം ചെയ്യുന്ന ഓരോ ആളുകൾ;

(എഫ്) കോളേജ് സൂപ്രണ്ട്;

(ജി) ലൈബ്രേറിയൻ.

(5) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ചെയർപേഴ്സൺ പ്രിൻസിപ്പൽ ആയിരിക്കേണ്ടതും കോളേജ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യാപക അംഗം കോ-ഓർഡിനേറ്റർ ആയിരിക്കേണ്ടതുമാണ്.

(6) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അംഗങ്ങൾ അവർ ഔദ്യോഗിക സ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലയളവിലേയ്ക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(7) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.

(8) ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ ഓരോ മൂന്ന് മാസത്തിലും ഒരു തവണയെങ്കിലുമോ ആവശ്യമുള്ളപ്പോഴെല്ലാമോ ഓഫ്‌ലൈൻ, ഓൺലൈൻ അല്ലെങ്കിൽ ഹൈബ്രിഡ് മോഡിൽ യോഗം ചേരേണ്ടതാണ്.

(9) യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ആയിരിക്കുന്നതാണ്.” .

(റ്റി) 36-ാം വകുപ്പിൽ, (1)-ാം വകുപ്പിൽ,—

(i) (ബി) ഖണ്ഡത്തിൽ, "ബധിരനോ മൂകനോ", എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്;

(ii) (ഡി) ഖണ്ഡത്തിൽ, "സദാചാരദൂഷ്യം", എന്ന വാക്കിന് പകരം “അസാന്മാർഗ്ഗികത” എന്ന് വാക്ക് ചേർക്കേണ്ടതാണ്.

(യു) 38-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“38. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) സെനറ്റിന് സ്വമേധയാ സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണനക്കെടുക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ സ്റ്റാറ്റ്യൂട്ട് പാസാക്കുന്നതിനുമുൻപ്, സെനറ്റ്, സിൻഡിക്കേറ്റിന്റെ ഉപദേശം നേടുകയും പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(2) സിൻഡിക്കേറ്റിന് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കരട് സെനറ്റിന്റെ പരിഗണനയ്ക്കായി നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള കരട് സെനറ്റ് അതിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ്.

(3) സെനറ്റിന്, സിൻഡിക്കേറ്റ് നിർദ്ദേശിച്ച ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരട് അംഗീകരിക്കുകയും സ്റ്റാറ്റ്യൂട്ട് പാസാക്കുകയും ചെയ്യുകയോ അല്ലെങ്കിൽ അത് തള്ളിക്കളയുകയോ സെനറ്റ് നിർദ്ദേശിച്ചേക്കാവുന്ന ഭേദഗതികൾ സഹിതം പൂർണ്ണമായോ ഭാഗികമായോ പുനഃപരിഗണനക്കായി സിൻഡിക്കേറ്റിന് മടക്കി നൽകുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിന് കീഴിൽ സെനറ്റ് മടക്കിയയച്ചിട്ടുള്ള ഏതെങ്കിലും കരട്, സെനറ്റ് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും ഭേദഗതി സഹിതം സിൻഡിക്കേറ്റ് വീണ്ടും പരിഗണിച്ചതിനുശേഷം അതിന്മേലുള്ള സിൻഡിക്കേറ്റിന്റെ റിപ്പോർട്ടോടുകൂടി അത് വീണ്ടും സെനറ്റ് മുൻപാകെ വയ്ക്കേണ്ടതും അതിനുശേഷം സെനറ്റിന്, അതിന് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും രീതിയിൽ കരട് കൈകാര്യം ചെയ്യാവുന്നതുമാണ്.

(5) സെനറ്റ് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസാക്കുന്ന സാഹചര്യത്തിൽ, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും ചാൻസലർക്ക്, സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണിക്കുന്നതിനായി സെനറ്റിന് റഫർ ചെയ്യാവുന്നതോ അനുമതി നൽകാവുന്നതോ തന്റെ അനുമതി തടഞ്ഞു വയ്ക്കാവുന്നത് ആണ്:

എന്നാൽ, സ്റ്റാറ്റ്യൂട്ട് ചാൻസലർക്ക് സമർപ്പിച്ച തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം അതിന്മേൽ അദ്ദേഹം തീരുമാനമെടുക്കാത്തപക്ഷം അതിന് അനുമതി നൽകിയതായി കരുതപ്പെടേണ്ടതാണ്.

(6) സെനറ്റ് പാസാക്കുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ പദവിയോ അധികാരങ്ങളോ അല്ലെങ്കിൽ സംവിധാനത്തെയോ ബാധിക്കുന്ന സ്റ്റാറ്റ്യൂട്ടിന്റെയോ സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയുടെയോ കരട് നിർദ്ദേശത്തിന്മേലുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ അഭിപ്രായം പ്രകടിപ്പിക്കുന്നതിന് ഒരവസരം നൽകുന്നതുവരെ നിർദ്ദേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രകടിപ്പിക്കുന്ന ഏതൊരഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും സെനറ്റ് പരിഗണിക്കേണ്ടതുമാണ്.

(8) സ്വകാര്യ കോളേജുകളുടെ അഫിലിയേഷനുമായി ബന്ധപ്പെട്ട നിബന്ധനകളോ നടപടിക്രമമോ വ്യവസ്ഥ ചെയ്യുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയല്ലാതെ സെനറ്റ് പാസാക്കാൻ പാടുള്ളതല്ല.".

(vi) 45-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

" (2) രജിസ്ട്രാർ, സർവ്വകലാശാലയുടെ എല്ലാ അധികാരസ്ഥാനങ്ങളിലേക്കോ നികായങ്ങളിലേക്കോ ഉള്ള തിരഞ്ഞെടുപ്പുകളുടെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ആയിരിക്കുന്നതും അദ്ദേഹം വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും തെരഞ്ഞെടുപ്പ് നടത്തേണ്ടതും ഫലം പ്രഖ്യാപിക്കേണ്ടതും സർവ്വകലാശാലയുടെ അതത് അധികാരസ്ഥാനങ്ങളോ നികായങ്ങളോ രൂപീകരിക്കുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുമാണ്.

(3) തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളിന്മേലും അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള അധികാരസ്ഥാനം വൈസ്-ചാൻസലർ ആയിരിക്കുന്നതാണ്.".

(ഡബ്ല്യു) 48-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ, "സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ സബ്സിഡിയറികളിലോ", എന്നീ വാക്കുകൾക്ക് പകരം " ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ കേരള ബാങ്കിലോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(എക്സ്) 55-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രത്യേക പദ്ധതികൾക്കോ പ്രോഗ്രാമുകൾക്കോ വേണ്ടി എക്സ്റ്റേണൽ ഫണ്ടിംഗ് ഏജൻസികൾ അനുവദിച്ച ഫണ്ടുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ, ഫണ്ട് ചെയ്യുന്ന ഏജൻസി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള രീതിയിൽ മാത്രം ഓഡിറ്റ് ചെയ്യേണ്ടതാണ്." .

(വൈ) 58-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"58 എ. കോളേജ് കൗൺസിൽ.—(1) സർവ്വകലാശാലയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഒരു കോളേജ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്.

(2) കോളേജ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) പ്രിൻസിപ്പൽ- ചെയർപേഴ്സൺ;

(ബി) വൈസ്-പ്രിൻസിപ്പൽ;

(സി) എല്ലാ വകുപ്പുകളിലും നിന്നുള്ള വകുപ്പ് തലവന്മാർ;

(ഡി) തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ;

(ഇ) കോളേജ് ലൈബ്രേറിയൻ;

(എഫ്) കോ-ഓർഡിനേറ്റർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ;

(ജി) സൂപ്രണ്ട്.

(3) നാഷണൽ കേഡറ്റ് കോർപ്സ് ഓഫീസർമാർ, നാഷണൽ സർവ്വീസ് സ്കീം ഓഫീസർമാർ, ഹോസ്റ്റൽ വാർഡൻ, കോളേജ് യൂണിയൻ ചെയർപേഴ്സൺ അല്ലെങ്കിൽ

കോളേജ് പ്രത്യേക ചുമതലകൾ നൽകിയിട്ടുള്ള മറ്റേതെങ്കിലും വ്യക്തികളുടെ അഭിപ്രായം പ്രത്യേക കാര്യങ്ങളിൽ സ്വീകരിക്കേണ്ടത് യുക്തമാണെന്ന് കോളേജ് കൗൺസിൽ കരുതുന്നപക്ഷം അവരെ കോളേജ് കൗൺസിലിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

(4) ഓരോ മുപ്പത് അദ്ധ്യാപകർക്കും അല്ലെങ്കിൽ അവരുടെ വിഭാഗത്തിനും, കോളേജ് കൗൺസിലിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഉണ്ടായിരിക്കേണ്ടതാണ്.

(5) തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ കാലാവധി അവർ ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്ന തീയതി മുതൽ രണ്ട് വർഷക്കാലമായിരിക്കുന്നതാണ്:

എന്നാൽ, ഒരു തെരഞ്ഞെടുക്കപ്പെട്ട അംഗം, പ്രസ്തുത കാലാവധി പൂർത്തിയായതിന് ശേഷം അദ്ദേഹത്തിന്റെ പിൻഗാമി ഔദ്യോഗികസ്ഥാനം ഏറ്റെടുക്കുന്നത് വരെ അദ്ദേഹത്തിന്റെ ഔദ്യോഗികസ്ഥാനം വഹിക്കുന്നത് തുടരേണ്ടതാണ്.

(6) റൊട്ടേഷൻ വഴി വകുപ്പുകളുടെ തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കേണ്ടതാണ്.” .

(ഇസഡ്) 62-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "അഥവാ സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ് ;

(ii) (9)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“(9) ഈ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും നിയമനത്തിന്മേൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അപ്പീൽ ബോധിപ്പിക്കുന്നതിനടിസ്ഥാനമായ നിയമന ഉത്തരവ് നൽകിയതിനുശേഷമുള്ള മുപ്പത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അറുപത് ദിവസത്തിനുള്ളിൽ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ടതുമാണ്:

എന്നാൽ, വൈസ്-ചാൻസലറുടെ തീരുമാനം അദ്ദേഹത്തിന് തൃപ്തികരമല്ലാത്തപക്ഷം, വൈസ് -ചാൻസലറുടെ ഉത്തരവിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണലിൽ അദ്ദേഹത്തിന് അപ്പീൽ ബോധിപ്പിക്കാവുന്നതും അപ്പലേറ്റ് ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്. ”.

(ഇസഡ് എ) 66-ാം വകുപ്പിൽ, (3) ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

“എന്നാൽ, ഒരു സ്വകാര്യ കോളേജിലെ ഒരു അദ്ധ്യാപകനെ മുപ്പത് ദിവസത്തിൽ അധികരിക്കുന്ന ഒരു കാലയളവിലേയ്ക്ക് സസ്പെന്റ് ചെയ്യുമ്പോൾ, വിദ്യാഭ്യാസ ഏജൻസി വൈസ്-ചാൻസലറുടെ മുൻകൂട്ടിയുള്ള അനുമതി നേടിയിരിക്കേണ്ടതാണ്.”.

(ഇസഡ് ബി) 69-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

“ (2 എ) ഒരു അദ്ധ്യാപകൻ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റോ മുനിസിപ്പൽ കോർപ്പറേഷന്റെ ചെയർപേഴ്സണോ കോർപ്പറേഷന്റെ മേയറോ ആകുന്നിടത്ത്, അതതുസംഗതിപോലെ, അങ്ങനെയുള്ള പ്രസിഡന്റോ ചെയർപേഴ്സണോ മേയറോ ആയി സേവനമനുഷ്ഠിച്ച കാലയളവ് ശമ്പളവും ബത്തകളുമില്ലാത്ത അവധിയായി കണക്കാക്കുന്നതാണ്.” .

(ഇസഡ് സി) VIII എ അദ്ധ്യായത്തിന് ശേഷം താഴെപ്പറയുന്ന അദ്ധ്യായം ചേർക്കാവുന്നതാണ്, അതായത്:—

“ അദ്ധ്യായം VIII ബി

കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ

74 റ്റി. കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ.—(1) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ അതതുസംഗതി പോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം, അതിന്റെ അനുമതിയോടെയും അനുവാദത്തോടെയും, നിലവിലുള്ള അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിനെയോ വകുപ്പിനെയോ കേന്ദ്രത്തെയോ ഏതെങ്കിലും വിജ്ഞാനശാഖയിലെ അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റായോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററായോ നിയോഗിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സർവ്വകലാശാലയ്ക്ക്, സർക്കാർ, അർദ്ധ സർക്കാർ അല്ലെങ്കിൽ പ്രശസ്തമായ വിദ്യാഭ്യാസ ഏജൻസികളുമായോ യോജിച്ചുകൊണ്ട് അല്ലെങ്കിൽ സഹകരിച്ചുകൊണ്ട്, അതതുസംഗതിപോലെ, അനുയോജ്യമായ ധാരണാപത്രത്തിലോ കരാറിലോ ഏർപ്പെട്ടുകൊണ്ട്, ഉചിതമായ നടപടിക്രമം പാലിച്ചുകൊണ്ടും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾ ഏതെങ്കിലും ഉള്ളപക്ഷം അതിന്റെ അനുമതിയോടെയോ അനുവാദത്തോടെയോ അതിന്റെ അധികാരപരിധിക്കകത്ത് സർവ്വകലാശാല ഭരണനിർവ്വഹണം നടത്തുന്നതും പരിപാലിക്കുന്നതുമായ ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററോ സ്ഥാപിക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(3) സർവ്വകലാശാലയ്ക്ക്, അതിന്റെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലോ കോൺസ്റ്റിറ്റ്യുവന്റ് യൂണിവേഴ്സിറ്റി സെന്ററുകളിലോ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെ, ഈ ആക്റ്റിലും സ്റ്റാറ്റ്യൂട്ടിലും റെഗുലേഷനുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ പ്രോഗ്രാമുകളും കോഴ്സുകളും ആരംഭിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജ് സ്ഥാപിക്കുന്നതിനോ കോൺസ്റ്റിറ്റ്യുവന്റ് കോളേജ് പദവി നൽകുന്നതിനോ ഉള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

(ഇസഡ് ഡി) 91-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 91 എ. സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റം.—(1) സർവ്വകലാശാലയ്ക്ക് അതിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കായി, അതിന്റെ ഏതെങ്കിലും ഏജൻസി മുഖേന സോഫ്റ്റ്‌വെയർ അടിസ്ഥാനത്തിലുള്ള സമഗ്രമായ ഒരു റിസോഴ്സ് പ്ലാനിംഗ് മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയോ സർക്കാർ സ്ഥാപിച്ചിട്ടുള്ള അങ്ങനെയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമാകുകയോ ചെയ്യേണ്ടതും അത് സർവ്വകലാശാലയ്ക്കകത്തുള്ള വിവിധ വകുപ്പുകൾക്കോ യൂണിറ്റുകൾക്കോ കൂടാതെ അഫിലിയേറ്റഡ് കോളേജുകളുടെയും കീഴിലെ പ്രധാനമായ ഭരണപരം, അക്കാദമികം, മാനവവിഭവശേഷി, സാമ്പത്തികം, പരീക്ഷ, മറ്റു നടപടികൾ എന്നിവയുടെ ഭരണനിർവ്വഹണത്തിനുള്ള കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി സംയോജിപ്പിക്കുകയും യന്ത്രവൽക്കരിക്കുകയും സ്ട്രീംലൈൻ ചെയ്യുകയും ചെയ്യേണ്ടതുമാണ്.

(2) സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും പ്രോഗ്രാമും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നതാണ്.

91 ബി. റൂൾസ് ഓഫ് ബിസിനസ്സ്.—(1) സർവ്വകലാശാല, പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായും വിവരസാങ്കേതികവിദ്യയുടെ അടിസ്ഥാനത്തിലുള്ള ഭരണനിർവ്വഹണത്തിന്റെ ഫലപ്രദമായ ഉപയോഗത്തിനായും പുനർനിർമ്മാണം അടിസ്ഥാനമാക്കിയുള്ള റൂൾസ് ഓഫ് ബിസിനസ്സ് ഉണ്ടാക്കേണ്ടതാണ്.

(2) റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതും ബാധകമായേക്കാവുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷനുകൾക്കും അല്ലെങ്കിൽ ബാധകമായേക്കാവുന്ന സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി കാലാകാലങ്ങളിൽ പുതുക്കേണ്ടതുമാണ്.

91 സി. ഗവേഷണ പാർക്കുകൾ.—(1) സർവ്വകലാശാലയ്ക്കും അതിന്റെ അഫിലിയേറ്റഡ് കോളേജുകളിലും ആങ്കർ ക്ലയന്റുകൾ, അലുമിനി, പൊതുസമൂഹം എന്നിവയിൽ നിന്നുള്ള നിക്ഷേപം ഉപയോഗിച്ച് 2013-ലെ കമ്പനീസ് ആക്റ്റിന്റെ (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) 8-ാം വകുപ്പ് പ്രകാരമുള്ള കമ്പനികളായി സ്ഥാപിക്കപ്പെടാവുന്ന സ്വതന്ത്ര ഗവേഷണ പാർക്കുകളോ മറ്റ് സമാന സ്ഥാപനങ്ങളോ സ്ഥാപിക്കാവുന്നതാണ്.

(2) ഓരോ ഗവേഷണ പാർക്കിനും കമ്പനിക്കും ഒരു സ്വതന്ത്ര ഗവേണിംഗ് ബോഡി ഉണ്ടായിരിക്കേണ്ടതാണ്. ഗവേഷണ പാർക്കിന്റെ നയവും പ്രോഗ്രാമും ഗവേണിംഗ് ബോഡിയുടെ ഘടനയും കാലാകാലങ്ങളിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.".

7. നിലവിലുള്ള സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ, പഠന ബോർഡുകൾ, ഫാക്കൽറ്റി എന്നിവ സംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,-

(1) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും പഠനബോർഡുകളും ഫാക്കൽറ്റിയും പ്രസ്തുത സിൻഡിക്കേറ്റിന്റെയും അക്കാഡമിക് കൗൺസിലിന്റെയും പഠന ബോർഡുകളുടെയും ഫാക്കൽറ്റിയുടെയും കാലാവധി അവസാനിക്കുന്നതു വരെയോ ഈ ആക്റ്റിൻ കീഴിൽ ഒരു പുതിയ സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും പഠന ബോർഡുകളും ഫാക്കൽറ്റിയും രൂപീകരിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം പ്രവർത്തിക്കുന്നത് തുടരേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാബല്യതീയതിയ്ക്ക് തൊട്ടുമുൻപ് അപ്രകാരം പ്രവർത്തിച്ചിരുന്ന ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും, പ്രസ്തുത സിൻഡിക്കേറ്റിന്റെയും അക്കാഡമിക് കൗൺസിലിന്റെയും കാലാവധി അവസാനിക്കുന്നതുവരെയോ ഈ ആക്റ്റിൻ കീഴിൽ ഒരു പുതിയ സിൻഡിക്കേറ്റും അക്കാഡമിക് കൗൺസിലും രൂപീകരിക്കുന്നതു വരെയോ, ഏതാണോ ആദ്യം, അതുവരെ അപ്രകാരം പ്രവർത്തിക്കുന്നത് തുടരേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സർക്കാർ, ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനും സർവ്വകലാശാല നിയമങ്ങളിൽ വരുത്തേണ്ട പരിഷ്കരണങ്ങൾ നിർദ്ദേശിക്കുന്നതിനായി കേരള സംസ്ഥാന സർവ്വകലാശാല നിയമ പരിഷ്കരണ കമ്മീഷനും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മീഷനുകൾ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകളിൽ, സർവ്വകലാശാലകൾ, അറിവ് കൈമാറുന്നതും സൃഷ്ടിക്കുന്നതും

വ്യാഖ്യാനിക്കുന്നതുമായ ഒരു സംവിധാനമായി മാറുന്നതിന് പകരം പരീക്ഷകൾ നടത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഡിഗ്രി നൽകുന്ന സ്ഥാപനങ്ങളായാണ് നിലവിൽ മാറിയിരിക്കുന്നതെന്ന് നിരീക്ഷിക്കുകയും സർവ്വകലാശാലകളെ അറിവ് സൃഷ്ടിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിനുള്ള പ്രധാന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി, സർവകലാശാലകളുടെ നിയമപരമായ ചട്ടക്കൂടിൽ കമ്മീഷനുകൾ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ പരിശോധനയിൽ പ്രോ-ചാൻസലറുടെ പ്രാധാന്യം വർദ്ധിപ്പിക്കുക, പ്രോ-വൈസ്-ചാൻസലറിൽ ചില അധികാരങ്ങൾ നിക്ഷിപ്തമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും അക്കാദമിക സ്വാതന്ത്ര്യം നൽകുക, ചില അധികാരസ്ഥാനങ്ങൾ പുനഃക്രമീകരിക്കുക, പുതിയ അധികാരസ്ഥാനങ്ങൾ രൂപീകരിക്കുക, കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ രൂപീകരിക്കുക, റിസർച്ച് പാർക്കുകൾ സ്ഥാപിക്കുക തുടങ്ങിയ സംഗതികളിൽ കമ്മീഷനുകൾ നൽകിയ ശിപാർശകൾ നടപ്പിലാക്കേണ്ടതാണെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടു. ആയതിനാൽ, സംസ്ഥാനത്തെ അനുയോജ്യമായ സാമൂഹ്യ-സാമ്പത്തിക ഘടനയുള്ള ഒരു വിജ്ഞാനസമൂഹമായി രൂപാന്തരപ്പെടുത്തുന്നതിന് അനുരൂപമായ വിധത്തിൽ സർവ്വകലാശാലകളുടെ നിയമങ്ങൾ പുതുക്കുന്നതിനുള്ള നീക്കത്തിന്റെ ഭാഗമായി, 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ് (1994-ലെ 5), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22) എന്നിവയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 8-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 8-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) പകരം ചേർക്കാനുദ്ദേശിക്കുന്ന 8-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം

1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 9-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ബി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 8-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ പ്രോ-ചാൻസലറുടെ അധികാരങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

2. ബില്ലിലെ 2-ാം ഖണ്ഡം (ഇ) ഉപഖണ്ഡം ഇനം (iv) പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇ) ഉപഖണ്ഡം ഇനം (v) പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഡി) ഉപഖണ്ഡം ഇനം (v) പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 13-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് എന്നിവ പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

3. ബില്ലിലെ 2-ാം ഖണ്ഡം (ഇ) ഇനം (v) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇ) ഉപഖണ്ഡം ഇനം (vi) പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഡി) ഉപഖണ്ഡം ഇനം (iv) പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) പകരം ചേർക്കാനുദ്ദേശിക്കുന്ന 11-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ജെ) ഉപഖണ്ഡം ഇനം (v) പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 27-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഡി) ഉപഖണ്ഡം ഇനം (vi) പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 13-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

4. ബില്ലിലെ 2-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 18-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 18-ാം

വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 18-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 20-ാം വകുപ്പിന്റെ (8)-ാം ഉപവകുപ്പ് എന്നിവ വിജ്ഞാപനത്തിലൂടെ സെനറ്റ് രൂപീകരിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

5. ബില്ലിലെ 2-ാം ഖണ്ഡം (ഐ) ഉപഖണ്ഡം ഇനം (v) പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxiii എ), ബില്ലിലെ 3-ാം ഖണ്ഡം (ഐ) ഉപഖണ്ഡം ഇനം (v) പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxiii എ), ബില്ലിലെ 4-ാം ഖണ്ഡം (ജെ) ഉപഖണ്ഡം ഇനം (viii) പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxxiv എ), ബില്ലിലെ 6-ാം ഖണ്ഡം (ജെ) ഉപഖണ്ഡം ഇനം (vi) പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xxxiva) ഇനം എന്നിവ കോളേജുകളുടെ ക്ലസ്റ്റർ രൂപീകരിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

6. ബില്ലിലെ 2-ാം ഖണ്ഡം (ഐ) ഉപഖണ്ഡം ഇനം (v) പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxiii ബി), ബില്ലിലെ 3-ാം ഖണ്ഡം (ഐ) ഉപഖണ്ഡം ഇനം (v) പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxiii ബി), ബില്ലിലെ 4-ാം ഖണ്ഡം (ജെ) ഉപഖണ്ഡം ഇനം (viii) പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 23-ാം വകുപ്പിന്റെ ഇനം (xxxiv ബി), ബില്ലിലെ 6-ാം ഖണ്ഡം (ജെ) ഉപഖണ്ഡം ഇനം (vi) പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xxxiv ബി) ഇനം എന്നിവ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

7. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii എ) ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1975-ലെ

കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii എ) ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii എ) ഖണ്ഡം, ബില്ലിലെ 5-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സിഎ) ഖണ്ഡം, ബില്ലിലെ 6-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 27-ാം വകുപ്പിന്റെ (xiii എ) ഖണ്ഡം എന്നിവ ഇൻഡ്യയിലെയും വിദേശത്തെയും വിവിധ സർവ്വകലാശാലകളിലേയ്ക്കും സ്ഥാപനങ്ങളിലേയ്ക്കും ക്രെഡിറ്റ് കൈമാറ്റത്തോടെ വിദ്യാർത്ഥികളുടെ അന്തർസർവ്വകലാശാല സ്ഥലംമാറ്റവും മൊബിലിറ്റിയും പ്രോത്സാഹിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

8. ബില്ലിലെ 2-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii ബി) ഖണ്ഡം, ബില്ലിലെ 3-ാം ഖണ്ഡം (കെ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii ബി) ഖണ്ഡം, ബില്ലിലെ 4-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25-ാം വകുപ്പിന്റെ (xiii ബി) ഖണ്ഡം, ബില്ലിലെ 5-ാം ഖണ്ഡം (എഫ്) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് (സിബി) ഖണ്ഡം, ബില്ലിലെ 6-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 27-ാം വകുപ്പിന്റെ (xiii ബി) ഖണ്ഡം എന്നിവ മറ്റ് സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ആർജ്ജിച്ചിട്ടുള്ള ക്രെഡിറ്റുകൾ സർവ്വകലാശാലയുടെ അതേ പ്രോഗ്രാമിലേയ്ക്കോ വ്യത്യസ്ത പ്രോഗ്രാമിലേയ്ക്കോ കൈമാറ്റം ചെയ്യുന്നതിലേയ്ക്കായി റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

9. ബില്ലിലെ 2-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എൽ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25 എ

വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (എം) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ജി) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 18എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (എം) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 27എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ ഗവേഷണ കൗൺസിലിന്റെ ഏല്പിച്ചുകൊടുക്കാവുന്ന അധികാരങ്ങൾ ഉൾപ്പെടെയുള്ള അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

10. ബില്ലിലെ 2-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 28-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 28-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 28-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 30-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ പഠന ബോർഡിന്റെ രൂപീകരണവും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

11. ബില്ലിലെ 2-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 28എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 28എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 28എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ് എന്നിവ വിദഗ്ദ്ധ സമിതിയുടെ ഘടനയും അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

12. ബില്ലിലെ 2-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 47 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 32 എ വകുപ്പിന്റെ (8)-ാം ഉപവകുപ്പ് എന്നിവ വിദ്യാർത്ഥികളുടെ അവകാശങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

13. ബില്ലിലെ 2-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 47 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 32 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ വിദ്യാർത്ഥികളുടെ പരാതി പരിഹാര സംവിധാനത്തിന്റെ രൂപീകരണം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

14. ബില്ലിലെ 2-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (പി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12)

കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 30 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (എൻ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 47 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 32 സി വകുപ്പിന്റെ (10)-ാം ഉപവകുപ്പ് എന്നിവ അദ്ധ്യാപകരുടെ അവകാശങ്ങളും ഉത്തരവാദിത്വങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

15. ബില്ലിലെ 2-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 31-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ക്യൂ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 31-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ആർ) ഉപഖണ്ഡം (iv)-ാം ഇനം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) പകരം ചേർക്കാനുദ്ദേശിക്കുന്ന 31-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ആർ) ഉപഖണ്ഡം (iv)-ാം ഇനം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 33-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് എന്നിവ ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും പ്രവർത്തികളും ധനകാര്യങ്ങളിലുള്ള അതിന്റെ നടപടിയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

16. ബില്ലിലെ 2-ാം ഖണ്ഡം (ആർ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 31 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ആർ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 31 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (എസ്) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 31 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (എച്ച്) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 21 എ വകുപ്പിന്റെ (5)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (എസ്) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 33 എ വകുപ്പിന്റെ (7)-ാം ഉപവകുപ്പ് എന്നിവ ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 2-ാം ഖണ്ഡം (യു) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 42-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (യു) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 42-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (വി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 45-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ തിരഞ്ഞെടുപ്പ് നടത്തുന്നതിനും ഫലം പ്രഖ്യാപിക്കുന്നതിനും സർവകലാശാലയുടെ അതത് അധികാരസ്ഥാനങ്ങളോ നികായങ്ങളോ രൂപീകരിക്കുന്നതിനുമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് രജിസ്ട്രാറെ അധികാരപ്പെടുത്തുന്നു.

18. ബില്ലിലെ 2-ാം ഖണ്ഡം (വൈ) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 53 എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (വൈ) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 53 എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (എക്സ്) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 55 എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (വൈ) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 58 എ വകുപ്പിന്റെ (6)-ാം ഉപവകുപ്പ് എന്നിവ റൊട്ടേഷൻ വഴി ഡിപ്പാർട്ട്മെന്റ് തലവനെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള നടപടിക്രമം, കോളേജ് കൗൺസിലിലേയ്ക്കുള്ള അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, കോളേജ് കൗൺസിലിന്റെ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

19. ബില്ലിലെ 2-ാം ഖണ്ഡം (ഇസഡ്) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) പകരം ചേർക്കാനുദ്ദേശിക്കുന്ന 57-ാം വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇസഡ്) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) പകരം ചേർക്കാനുദ്ദേശിക്കുന്ന 57-ാം വകുപ്പിന്റെ (10)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (വൈ) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) പകരം ചേർക്കാനുദ്ദേശിക്കുന്ന 59-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഇസഡ്) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) പകരം ചേർക്കാനുദ്ദേശിക്കുന്ന 62-ാം വകുപ്പിന്റെ (9)-ാം ഉപവകുപ്പ് എന്നിവ വൈസ്-ചാൻസലർ അപ്പീൽ തീർപ്പാക്കേണ്ട രീതി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

20. ബില്ലിലെ 2-ാം ഖണ്ഡം (ഇസഡ്സി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 69 റ്റി വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇസഡ്സി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 68 യു വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഇസഡ്സി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 122-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഇസഡ്സി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 74 റ്റി വകുപ്പിന്റെ (4)-ാം ഉപവകുപ്പ് എന്നിവ ഒരു കോൺസ്റ്റിറ്റ്യുവന്റ് കോളേജ് സ്ഥാപിക്കുന്നതിനോ കോൺസ്റ്റിറ്റ്യുവന്റ് കോളേജ് പദവി നൽകുന്നതിനോ ഉള്ള നടപടിക്രമം സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

21. ബില്ലിലെ 2-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 80 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 79 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഇസഡ്ബി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 89 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 52 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 91 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ സർവ്വകലാശാല റിസോഴ്സ് പ്ലാനിംഗ് സിസ്റ്റത്തിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

22. ബില്ലിലെ 2-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 80 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 79 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഇസഡ്ബി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന

89 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 52 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 91 ബി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ റൂൾസ് ഓഫ് ബിസിനസ്സ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

23. ബില്ലിലെ 2-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ (1974-ലെ 17) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 80 ഡി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 3-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ (1975-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 79 ഡി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 4-ാം ഖണ്ഡം (ഇസഡ്ബി) ഉപഖണ്ഡം പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ (1985-ലെ 12) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 89 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 5-ാം ഖണ്ഡം (ഒ) ഉപഖണ്ഡം പ്രകാരം 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ (1994-ലെ 5) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 52 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ബില്ലിലെ 6-ാം ഖണ്ഡം (ഇസഡ്ഡി) ഉപഖണ്ഡം പ്രകാരം 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിൽ (1996-ലെ 22) കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 91 സി വകുപ്പിന്റെ (2)-ാം ഉപവകുപ്പ് എന്നിവ ഗവേഷണ പാർക്കിന്റെ നയവും അവ നടപ്പിലാക്കുന്ന രീതിയും ഗവേണിംഗ് ബോഡിയുടെ ഘടനയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലയെ അധികാരപ്പെടുത്തുന്നു.

24. ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകളും വിജ്ഞാപനങ്ങളും പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന സ്റ്റാറ്റ്യൂട്ടുകളും പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളും നിയമസഭയുടെ സൂക്ഷ്മപരിശോധനക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. ആർ. ബിന്ദു.

(ശരിത്തർജ്ജമ)

# 1974-ലെ കേരള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1974-ലെ 17)

** ** ** **

1. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്ത പക്ഷം,—

** ** ** **

(32) "വൈസ്-ചാൻസലർ" എന്നതിന് സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

4. <u>പ്രാദേശിക പരിധികൾ</u>.—(1) സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ റവന്യൂ ജില്ലകളിൽ സർവ്വകലാശാലയുടെ അധികാരത്തിന് വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

** ** ** **

8. <u>പ്രോ-വൈസ്ചാൻസലർ</u>.—(1) തൽക്കാലം സംസ്ഥാനത്ത് വിദ്യാഭ്യാസ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി സർവ്വകലാശാലയുടെ പ്രോ-ചാൻസലാറായിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തനശേഷിയില്ലാത്തപ്പോഴോ പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും എല്ലാ ജോലികളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

10. <u>വൈസ്ചാൻസലർ</u>.— (1) ** **

** ** ** **

(13) സിൻഡിക്കേറ്റോ അക്കാഡമിക് കൗൺസിലോ സമ്മേളിച്ചിരിക്കുമ്പോളൊഴികെ എപ്പോഴെങ്കിലും വൈസ് ചാൻസലർക്ക് ഈ ആക്റ്റ് മൂലമോ അഥവാ ആക്റ്റു പ്രകാരമോ സിൻഡിക്കേറ്റിലോ അക്കാഡമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗം ഉൾക്കൊള്ളുന്ന നടപടിയെടുക്കുവാൻ തന്നോട്

ആവശ്യപ്പെടുന്ന ഒരു അടിയന്തരാവസ്ഥ സംജാതമായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ വൈസ് ചാൻസലർക്ക് യുക്തമെന്നു തോന്നുന്ന നടപടി എടുക്കാവുന്നതും, അപ്രകാരം താനെടുത്ത നടപടി അതതുസംഗതിപോലെ സിൻഡിക്കേറ്റിന്റേയോ അക്കാഡമിക് കൗൺസിലിന്റേയോ അടുത്ത സമ്മേളനത്തിൽ ആ അധികാരസ്ഥാനത്തിന് ആവശ്യമെന്നു കരുതുന്ന നടപടിക്കുവേണ്ടി ആ അധികാരസ്ഥാനത്തിലേക്ക് റിപ്പോർട്ടു ചെയ്യേണ്ടതുമാകുന്നു.

** ** ** **

11. <u>പ്രോ-വൈസ്ചാൻസലർ</u>.—(1) ചാൻസലർക്ക്, അദ്ദേഹം ആവശ്യമെന്നു കരുതുകയാണെങ്കിൽ, ഒരു പ്രോ-വൈസ്ചാൻസലറെ നിയമിക്കാവുന്നതാണ്.

(2) അൻപത്തിയാറ് വയസ്സിൽ കവിഞ്ഞ പ്രായമുള്ള ആരെയും പ്രോ-വൈസ്ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാണ്.

(3) പ്രോ-വൈസ്ചാൻസലർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(4) പ്രോ-വൈസ്ചാൻസലർ നാല് വർഷക്കാലം സ്ഥാനം വഹിക്കാവുന്നതും പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാകുന്നു.

(5) പ്രോ-വൈസ്ചാൻസലറുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും ചാൻസലർ നിർണ്ണയിക്കേണ്ടതാണ്.

(6) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്ചാൻസലറുടെ അധികാരങ്ങളും കൃത്യങ്ങളും വൈസ്ചാൻസലറുമായി ആലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതാണ്.

** ** ** **

18. <u>സെനറ്റിന്റെ പുനഃസംഘടന</u>.—(1) ** **

** ** ** **

(5) ഒരാൾ സെനറ്റിലെ അംഗമല്ലാതായിതീരുമ്പോൾ അദ്ദേഹം സെനറ്റിലെ അംഗത്വം ഹേതുവായി സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്താണോ അംഗമായിരിക്കുന്നത് ആ അധികാരസ്ഥാനത്തെ അംഗമല്ലാതായിതീരുന്നതാകുന്നു.

** ** ** **

19. <u>സെനറ്റിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) ** **

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമൊഴികെ സെനറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും വിദ്യാ സംബന്ധമായ മറ്റു ബഹുമതികളുമാണ് നൽകേണ്ടതെന്ന് നിർണ്ണയിക്കുക;

** ** ** **

(ഡി) ഈ ആക്റ്റിലെയും പരിനിയമങ്ങളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസരിച്ച് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും വിദ്യാർത്ഥികൾക്ക് സഹായ വേതനങ്ങളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുകയും പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക;

(ഇ) പ്രൊഫസർമാരുടെ തസ്തികകളും റീഡർമാരുടെ തസ്തികകളും ലെക്ചറർമാരുടെ തസ്തികകളും ആവശ്യമെന്നു കരുതാവുന്ന അദ്ധ്യാപനപരമോ ഗവേഷണപരമോ ആയ മറ്റ് തസ്തികകളും ഏർപ്പെടുത്തുക;

** ** ** **

(ജെ) പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ഡിഗ്രിയോ, ഡിപ്ലോമയോ സ്ഥാനമോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദു ചെയ്യുക;

** ** ** **

21. <u>സിൻഡിക്കേറ്റ്</u>.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതിയായിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>.—

** ** ** **

(ഡി) വിദ്യാഭ്യാസ ഡയറക്ടർ

** ** ** **

(എഫ്) വിവരസാങ്കേതിക വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന വിവര സാങ്കേതിക വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഒരു ഉദ്യോഗസ്ഥൻ;

മറ്റംഗങ്ങൾ.—

(എ) സെനറ്റ് അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന പന്ത്രണ്ട് അംഗങ്ങൾ, അവരിൽ,—

(i) ആറ് പേർ അദ്ധ്യാപകരല്ലാത്തവരും, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ടയാളും ആയിരിക്കേണ്ടതാണ് ;

(ii) രണ്ട് പേർ കോളേജ് പ്രിൻസിപ്പൽമാരും അതിൽ ഒരാൾ ഒരു ഗവൺമെന്റ് കോളേജിൽ നിന്നായിരിക്കേണ്ടതും ഒരാൾ അൺ എയ്ഡഡ് അല്ലാത്ത സ്വകാര്യ കോളേജിൽ നിന്ന് ആയിരിക്കേണ്ടതാണ്;

(iii) പ്രിൻസിപ്പൽമാരല്ലാത്ത നാല് അദ്ധ്യാപകരും അതിൽ ഒരാൾ ഒരു സർവ്വകലാശാലാദ്ധ്യാപകനും ഒരാൾ ഒരു ഗവൺമെന്റ് കോളേജദ്ധ്യാപകനും ആയിരിക്കേണ്ടതാണ്.

(ബി) 17-ാം വകുപ്പിൽ,—

(i) "എക്സ്ഒഫിഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ള (15)-ാം ഇനത്തിലും,

(ii) "തെരെഞ്ഞടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ള (12)-ാം ഇനത്തിലും,

(iii) "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ള (3)-ാം ഇനത്തിലും

പരാമർശിച്ചിട്ടുള്ള അംഗങ്ങളുടെ ഇടയിൽനിന്നും സെനറ്റ് തെരെഞ്ഞെടുക്കുന്ന ഒരംഗം.

(സി) 17-ാം വകുപ്പിലെ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (4)-ാം ഇനത്തിൽ പരാമർശിക്കപ്പെട്ട സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ;

(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി നാമനിർദ്ദേശം ചെയ്ത അംഗം.

(ഇ) 17-ാം വകുപ്പിലെ "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ 5-ാം ഇനത്തിൽ പരാമർശിക്കപ്പെട്ട അംഗങ്ങൾ.

** ** ** **

23. സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ.—ഈ ആക്റ്റിലെയും, പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ വകയായുള്ള സ്ഥാപനങ്ങളുടെ മേലുള്ള പൊതുവായ മേലന്വേഷണവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അതേ പ്രകാരത്തിൽ വിധേയമായി സിൻഡിക്കേറ്റിനു താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

** ** ** **

(xiv) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും ഈ ആവശ്യാർത്ഥം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് അവ സെനറ്റിന് സമർപ്പിക്കുകയും ചെയ്യുക;

(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

** ** ** **

(xvii) പരീക്ഷകൻമാരുടെ പാനൽ അംഗീകരിക്കുകയും അവർക്ക് പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;

** ** ** **

(xx) സ്വകാര്യകോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും, അവയിലെ ജീവനക്കാർക്ക് ശരിയായ സേവനവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനു വേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക. അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ സംയോജനമോ അംഗീകാരമോ സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ അതിനായി ശരിയെന്നു തോന്നുന്ന മറ്റു നടപടികൾ എടുക്കുകയോ ചെയ്യുക;

** ** ** **

(xiii) 5-ാം വകുപ്പ് (xxvii)-ാം ഖണ്ഡപ്രകാരമുള്ള സർവ്വകലാശാലയുടെ അധികാരങ്ങൾ വിനിയോഗിക്കുക;

** ** ** **

24. <u>അക്കാഡമിക് കൗൺസിൽ</u>.—(1) ** **

** ** ** **

(3) അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്—

** ** ** **

(സി) വിദ്യാഭ്യാസ ഡയറക്ടർ;

** ** ** **

(എൽ) സാങ്കേതിക കോളേജ് പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ) അതിൽ, ഒരാളെങ്കിലും ഒരു ഗവൺമെന്റ് സാങ്കേതിക കോളേജിലെ പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(എം) പൗരസ്ത്യഭാഷാ കോളേജുകളല്ലാത്ത ഒന്നാം ഗ്രേഡ് കോളേജ് പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന ഏഴംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ) അതിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(എൻ) ജൂനിയർ കോളേജ് പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തെരെഞ്ഞടുക്കുന്ന രണ്ടംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ);

(ഒ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നതും സീനിയോറിറ്റി അനുസരിച്ച് മാറി മാറി വരുന്നതും, ഫാക്കൽറ്റി ഡീനല്ലാത്തയാളുമായ പൗരസ്ത്യഭാഷാ കോളേജിലെ ഒരു പ്രിൻസിപ്പൽ;

** ** ** **

(ക്യൂ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലാപ്രദേശത്തെ സെക്കൻഡറി സ്കൂളുകളിലെ ഒരു ഹെഡ്മാസ്റ്ററും ഒരു അദ്ധ്യാപകനും;

** ** ** **

(എസ്) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പുറമെയുള്ള അഞ്ച് വിദഗ്ദ്ധന്മാർ.

(4) (3)-ാം ഉപവകുപ്പ് (എ) മുതൽ (ജി) വരെയുള്ള ഖണ്ഡങ്ങളിൽ പ്രത്യേകം പറഞ്ഞ അംഗങ്ങളല്ലാത്ത അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ അതതുസംഗതിപോലെ അവരെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന തീയതി മുതൽ നാല് വർഷത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു വിദ്യാർത്ഥി എന്ന നിലയ്ക്ക് അക്കാഡമിക് കൗൺസിൽ അംഗമായിട്ടുള്ള ആൾക്ക്, അയാൾ വിദ്യാർത്ഥിയല്ലാതായിത്തീരുമ്പോൾ ഔദ്യോഗിക പദവി അവസാനിക്കുന്നതാണ്.

** ** ** **

25. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും പ്രവൃത്തികളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) വിവിധ പഠനകോഴ്സുകളിലും പരീക്ഷകളിലും വിദ്യാർത്ഥികളെ ചേർക്കുന്നതിനുള്ള യോഗ്യതകളും ഒഴിവുകളനുവദിക്കാവുന്ന സാഹചര്യങ്ങളും നിർണ്ണയിക്കുക;

(vi) വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുവേണ്ടി വിവിധ പഠനക്രമങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന തിനാവശ്യമായ വ്യവസ്ഥകളുണ്ടാക്കുക;

** ** ** **

(viii) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(ix) സർവ്വകലാശാലയ്ക്കാവശ്യമുള്ള പ്രൊഫസർമാരുടെ തസ്തികകളും റീഡർമാരുടെ തസ്തികകളും ലക്ചറർമാരുടെ തസ്തികകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റു തസ്തികകളും ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(x) ഫെല്ലോഷിപ്പുകളും ട്രാവലിംഗ് ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്സ്ഷിപ്പുകളും, മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(xi) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും ഡിപ്ലോമകളും മറ്റ് വിദ്യാ സംബന്ധമായ ബഹുമതികളും നൽകണമെന്ന് നിർണ്ണയിക്കുന്നതിന് നിർദ്ദേശം നൽകുക;

** ** ** **

(xiii) സംയോജിത കോളേജുകളിലേയും അംഗീകൃത സ്ഥാപനങ്ങളിലേയും പഠനവും അദ്ധ്യാപനവും ഏകോകിപ്പിക്കുന്നതിനു വേണ്ടി ഏർപ്പാടുചെയ്യുക.

(xiv) ഈ ആക്റ്റോ പരിനിയമങ്ങളോ ഓർഡിനൻസുകളോ റഗുലേഷനുകളോ ചട്ടങ്ങളോ ഉപനിയമങ്ങളോമൂലം അതിന് നൽകാവുന്നതോ, അതിന്റെമേൽ ചുമത്താവുന്നതോ, ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

26. ഫാക്കൽറ്റികൾ.—(1)

** ** ** **

(3) ഓരോ ഫാക്കൽറ്റിയിലും,—

(എ) ഫാക്കൽറ്റിയിലുൾക്കൊള്ളുന്ന പഠനബോർഡുകളുടെ ചെയർമാൻമാരും;

(ബി) ഓരോ പഠനബോർഡിൽ നിന്നും തെരെഞ്ഞെടുത്ത രണ്ടംഗങ്ങളും;

(സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാതെയും പത്തിൽ കവിയാതെയുമുള്ള അംഗങ്ങളും, ഉണ്ടായിരിക്കേണ്ടതാണ്.

** ** ** **

28. പഠനബോർഡുകൾ.—(1) സർവ്വകലാശാലയുടെ ഓരോ പഠന വകുപ്പിനോടും ചേർന്ന് ഓരോ പഠനബോർഡ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നിരുന്നാലും, ഓരോ വകുപ്പിലേയും ബിരുദാനന്തരപഠനത്തിന് പ്രത്യേകം പഠനബോർഡ് ഉണ്ടായിരിക്കാവുന്നതാണ്.

(2) പഠനബോർഡുകളുടെ ഘടനയും അധികാരങ്ങളും പരിനിയമങ്ങൾമൂലം നിർണ്ണയിക്കപ്പെടേണ്ടതാകുന്നു.

(3) പഠനബോർഡുകളിലെ അംഗങ്ങൾ അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നുവർഷക്കാലം ആ സ്ഥാനം വഹിക്കേണ്ടതാണ്.

29. വിദ്യാർത്ഥികളുടെ കൗൺസിൽ.—(1)

** ** ** **

(2) വിദ്യാർത്ഥികളുടെ കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

എക്സ്-ഒഫിഷ്യോ അംഗങ്ങൾ:

** ** ** **

(ബി) യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ

** ** ** **

30. വിദ്യാർത്ഥികളുടെ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്കു വിധേയമായി വിദ്യാർത്ഥികളുടെ കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും പ്രവൃത്തികളും ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രവർത്തനത്തെ സംബന്ധിച്ച കാര്യങ്ങളായ പഠനക്രമഘടനയേയും ബോധനരീതിയേയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമുള്ള സർവ്വകലാശാലയുടെ സാമാജികജീവിതത്തേയും സർവ്വകലാശയിലെ പാഠ്യപദ്ധതിയോടു ചേർന്നതും പാഠ്യേതര പ്രവർത്തനങ്ങളെയും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും ശുപാർശകൾ സമർപ്പിക്കുക;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കത്തേയോ അല്ലെങ്കിൽ ക്ഷേമത്തേയോ സംബന്ധിച്ച ചട്ടങ്ങൾ, കായികവിനോദങ്ങൾ, സാഹിത്യപരവും മറ്റുമായ സംഘങ്ങൾ, ഹോസ്റ്റലുകളുടേയും വിദ്യാർത്ഥിമന്ദിരങ്ങളുടേയും നിവാസേതര വിദ്യാർത്ഥികേന്ദ്രങ്ങളുടേയും നടത്തിപ്പ്, വികസന പരിപാടി, സാമൂഹ്യപരിപാടി, വിദ്യാർത്ഥികളുടെ ആരോഗ്യം, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർ എന്നിവയേയും, പരിനിയമങ്ങളിൽ പ്രത്യേകം പറയപ്പെടാവുന്ന മറ്റു സംഗതികളേയും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും നിർദ്ദേശങ്ങൾ നൽകുക;

(സി) വിദ്യാർത്ഥികളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തെക്കുറിച്ചും സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്തിനും അതിന്റെ വീക്ഷണങ്ങളും അഭിപ്രായങ്ങളും ശുപാർശകളും അറിയിക്കുക;

എന്നാൽ ഒരു കാര്യം വിദ്യാർത്ഥികളെ സംബന്ധിക്കുന്നതാണോ അല്ലയോ എന്ന ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ ആ പ്രശ്നം വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ തീരുമാനിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഡി) വിദ്യാർത്ഥികളുടെ പൊതു ക്ഷേമത്തിനാവശ്യമായ ഏതൊരു നടപടിയും സ്വീകരിക്കുക;

(ഇ) ഈ ആക്റ്റോ, പരിനിയമങ്ങളോ, ഓർഡിനൻസുകളോ, റഗുലേഷനുകളോ മൂലം നൽകപ്പെടാവുന്നതോ ചുമത്തപ്പെടാവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റു ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(2) വിദ്യാർത്ഥി കൗൺസിൽ ചെയ്തിട്ടുള്ള ശുപാർശകളും നിർദ്ദേശങ്ങളും, ഏതൊരു അധികാരസ്ഥാനങ്ങൾക്കാണോ പ്രസ്തുത ശിപാർശകളും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളത് ആ അധികാരസ്ഥാനങ്ങൾ അവയിൻമേൽ എടുത്തിട്ടുള്ള നടപടികളും വിശദമാക്കുന്ന കായികറിപ്പോർട്ടുകൾ, പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, വൈസ് ചാൻസലർ, സെനറ്റിന്റേയും വിദ്യാർത്ഥി കൗൺസിലിന്റെയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

** ** ** **

31. <u>ഫൈനാൻസ് കമ്മിറ്റി</u>.—(1) സർവ്വകലാശാലയെ സംബന്ധിക്കുന്ന ധനപരമായ ഏതൊരു പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) ഫൈനാൻസ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(എ) വൈസ്ചാൻസലർ - അദ്ദേഹം അതിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പ്രോ-വൈസ് ചാൻസലറുണ്ടെങ്കിൽ അദ്ദേഹം;

(സി) സെനറ്റ് അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഡി) സിൻഡിക്കേറ്റ് അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഇ) അക്കാഡമിക് കൗൺസിലംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(എഫ്) സർക്കാർ ധനകാര്യവകുപ്പ് സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിയ്ക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ജി) സർക്കാർ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയോ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(3) ഫൈനാൻസ് ആഫീസർ ഫൈനാൻസ് കമ്മിറ്റിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും പ്രവൃത്തികളും അതിന്റെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതുൾപ്പെടെ ധനകാര്യങ്ങളിലുള്ള അതിന്റെ നടപടിയും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതാകുന്നു.

** ** ** **

33. <u>അംഗത്വത്തിനുള്ള അയോഗ്യതകൾ</u>.—(1) യാതൊരാളും താഴെപ്പറയുന്ന സംഗതികളിൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുവാനോ നാമനിർദ്ദേശം ചെയ്യപ്പെടുവാനോ, നിയമിക്കപ്പെടുവാനോ അഥവാ അങ്ങനെയുള്ള അംഗമായി തുടരുവാനോ യോഗ്യനായിരിക്കുന്നതല്ല-

** ** ** **

(ബി) ബുദ്ധിസ്ഥിരതയില്ലാത്തവനോ, ബധിരമൂകനോ ആണെങ്കിൽ; അഥവാ

** ** ** **

(ഡി) സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് ഏതെങ്കിലും നീതിന്യായ കോടതിയാൽ ശിക്ഷിക്കപ്പെട്ടവനാണെങ്കിൽ; അഥവാ

** ** ** **

35. <u>പരിനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.—(1) ** **

** ** ** **

(5) സെനറ്റ് ഏതെങ്കിലും പരിനിയമം പാസാക്കുകയാണെങ്കിൽ അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും, ചാൻസലർ പരിനിയമം പുനരാലോചന ചെയ്യുന്നതിനായി സെനറ്റിലേക്ക് മടക്കി അയക്കുകയോ അഥവാ അതിന് അംഗീകാരം നൽകുകയോ, നൽകുന്നത് നിറുത്തിവയ്ക്കുകയോ ചെയ്യാവുന്നതുമാകുന്നു.

** ** ** **

42. <u>സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സർവ്വകലാശാലയുടെ മറ്റ് സമിതികളിലേയ്ക്കും അംഗങ്ങളെ തിരഞ്ഞെടുക്കൽ</u>.—(1) സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സർവ്വകലാശാലയുടെ മറ്റ് സമിതികളിലേയ്ക്കും ഉള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ട് വഴിയായുള്ള ആനുപാതിക പ്രാതിനിദ്ധ്യ സമ്പ്രദായമനുസരിച്ചും, പരിനിയമങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട നടപടിക്രമമനുസരിച്ചും നടത്തേണ്ടതും, അങ്ങനെയുള്ള തിരഞ്ഞെടുപ്പിന് വോട്ടെടുപ്പ് രഹസ്യബാലറ്റുമൂലമായിരിക്കേണ്ടതുമാണ്.

** ** ** **

45. <u>സർവ്വകലാശാലാ ഫണ്ട്</u>.—(1) ** **

(2) കേരള സർവ്വകലാശാലാ ഫണ്ടിലുള്ള എല്ലാ പണവും സർക്കാർ ഖജനാവിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ കീഴിലുള്ള ബാങ്കുകളിലോ, ഗവൺമെന്റ് നിശ്ചയിക്കാവുന്ന പരിധിവരെ സൂക്ഷിക്കേണ്ടതാകുന്നു.

** ** ** **

(4) കേരള സർവ്വകലാശാലാ ഫണ്ടിന്റെ സൂക്ഷിപ്പും, അതിലുള്ള പണം കൊടുക്കലും അതിൽ നിന്ന് പണം എടുക്കലും മറ്റെല്ലാ ഉപകാര്യങ്ങളും ആ ആവശ്യാർത്ഥം ഉണ്ടാക്കിയ പരിനിയമങ്ങൾ, ഓർഡിനൻസുകൾ, ചട്ടങ്ങൾ, ഉപനിയമങ്ങൾ എന്നിവമൂലം ക്രമപ്പെടുത്തേണ്ടതാണ്.

** ** ** **

50. സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റു ചെയ്യൽ.—(1) ** **

** ** ** **

(7) സർവ്വകലാശാല, ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയോ ക്രമക്കേടോ ഉടനടി പരിഹരിക്കുകയും എടുത്തിട്ടുള്ള നടപടിയെപ്പറ്റി ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

53. <u>കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ കോളേജുകൾക്കുവേണ്ടിയുള്ള മാനേജിംഗ് കൗൺസിൽ</u>.—ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് അതിന്റെ മാനേജ്മെന്റിലുള്ള എല്ലാ സ്വകാര്യ കോളേജുകൾക്കുംവേണ്ടി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു മാനേജിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) പരിനിയമങ്ങൾമൂലം നിർണ്ണയിക്കാവുന്നപ്രകാരം റോട്ടേഷൻ സമ്പ്രദായത്തിൽ ഒരു പ്രിൻസിപ്പാൾ;

(ബി) സ്വകാര്യ കോളേജുകളുടെ മാനേജർ;

(സി) പരിനിയമങ്ങളിൽ ആ ആവശ്യാർത്ഥമുള്ള വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി;

(ഇ) പരിനിയമങ്ങളാൽ നിർണ്ണയിക്കാവുന്ന നടപടിക്രമം അനുസരിച്ച് എല്ലാ സ്വകാര്യ കോളേജുകളിലേയും സ്ഥിരം അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന രണ്ട് വ്യക്തികൾ;

(എഫ്) എല്ലാ സ്വകാര്യ കേളേജുകളിലേയും കോളേജ് യൂണിയൻ ചെയർമാൻമാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തി;

(ജി) പരിനിയമങ്ങളാൽ നിർണ്ണയിക്കാവുന്ന നടപടിക്രമം അനുസരിച്ച് എല്ലാ സ്വകാര്യ കോളേജുകളിലേയും സ്ഥിരം ജീവനക്കാർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തി;

(എച്ച്) കോർപ്പറേറ്റ് മാനേജ്മെന്റ് നാമനിർദ്ദേശം ചെയ്യുന്ന, പതിനഞ്ചിൽ കവിയാതെയുള്ള വ്യക്തികൾ.

(2) സ്വകാര്യ കോളേജുകളുടെ മാനേജർ മാനേജിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും ചട്ടങ്ങളിലേയും ഉപനിയമങ്ങളിലേയും അതുപ്രകാരമുണ്ടാക്കിയ ഉത്തരവുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് സ്വകാര്യ കോളേജുകളുടെ ഭരണത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും കോർപ്പറേറ്റ് മാനേജ്മെന്റിനെ ഉപദേശിക്കേണ്ടത് മാനേജിംഗ് കൗൺസിലിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(4) യോഗങ്ങളിൽ ഹാജരായി വോട്ടു ചെയ്യുന്ന അംഗങ്ങളുടെ വെറും ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് കൗൺസിൽ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

** ** ** **

57. <u>സ്വകാര്യകോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കൽ</u>.—(1) സർക്കാരിൽ നിന്നും ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികകളിലേക്കുള്ള നിയമനം, സർക്കാരോ, അഥവാ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, അനുവദിച്ചിട്ടുള്ള തസ്തികകളിലേക്ക് മാത്രമെ നടത്താൻ പാടുള്ളൂ.

** ** ** **

(10) ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും നിയമനംമൂലം പരാതിയുള്ള ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിന് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

60. സ്വകാര്യകോളേജുകളിലെ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ.—(1)** **

** ** ** **

(3) ഒരു സ്വകാര്യകോളേജ് അദ്ധ്യാപകനെ പതിനഞ്ചു ദിവസത്തിൽ കൂടുതൽ കാലത്തേയ്ക്ക് സസ്പെന്റ് ചെയ്യുമ്പോൾ, ആ സംഗതി, സസ്പെന്റ് ചെയ്യുന്നതിനുള്ള കാരണങ്ങളോടോപ്പം വൈസ്ചാൻസലർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **

62. തദ്ദേശ അധികാരസ്ഥാനങ്ങൾ മുതലായവയിലെ അംഗത്വം.— (1) ** **

** ** ** **

(2) സംസ്ഥാന നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗമായി തിരഞ്ഞെടുക്കപ്പെടുകയോ അഥവാ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ഒരു അദ്ധ്യാപകന് നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗത്വകാലം ശമ്പളവും അലവൻസുമില്ലാത്ത അവധിയായി കരുതുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

## അദ്ധ്യായം VIII ബി

## സ്വയംഭരണ കോളേജ്

69 എ. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ താഴെപ്പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്. അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ, കൗൺസിലിന്റെ വൈസ്-ചെയർമാൻ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ് ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതികളുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാഡമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്:

എന്നാൽ സർക്കാരിന്,ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനംവഴി, പിൻവലിക്കാവുന്നതാണ്.

**　　　**　　　**　　　**

69 എസ്. <u>ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കാവുന്നതല്ലെന്ന്</u>.—ഈ അദ്ധ്യായത്തിൻകീഴിൽ സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

**　　　**　　　**　　　**

## <u>അദ്ധ്യായം IX</u>

## പലവക

**　　　**　　　**　　　**

80 എ. <u>സർവ്വകലാശാല നടത്തുന്ന പരീക്ഷകൾ സംബന്ധിച്ച് അദ്ധ്യാപകർ മുതലായവരുടെ കർത്തവ്യങ്ങൾ</u>.—(1) സർവ്വകലാശയിലെ തക്ക അധികാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുകയാണെങ്കിൽ സർവ്വകലാശാല

നടത്തുന്ന ഒരു പരീക്ഷയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജോലി ചെയ്യുന്നത് സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റെയോ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ അഥവാ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്റെയോ അദ്ധ്യാപകന്റെയോ മറ്റു ജീവനക്കാരന്റെയോ കർത്തവ്യമായിരിക്കുന്നതാണ്.

(2) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഏതെങ്കിലും അദ്ധ്യാപകനോ അഥവാ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഏതെങ്കിലും അംഗമോ അഥവാ സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ മറ്റു ജീവനക്കാരനോ,—

(എ) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റേയോ അഥവാ അദ്ധ്യപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ സംഗതിയിൽ ഈ ആവശ്യാർത്ഥം സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയ്ക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനും;

(ബി) സർവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥന്റെയോ അദ്ധ്യാപകന്റെയോ; മറ്റു ജീവനക്കാരന്റെയോ സംഗതിയിൽ വൈസ് ചാൻസലർക്കും ബോദ്ധ്യം വരത്തക്കവണ്ണം മതിയായ കാരണം കൂടാതെ സർവ്വകലാശാലയിലെ തക്ക അധികാരമുള്ള ഉദ്യോസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുമ്പോൾ സർവ്വകലാശാല നടത്തുന്ന ഏതെങ്കിലും പരീക്ഷ സംബന്ധിച്ച ഏതെങ്കിലും ജോലി ചെയ്യുവാൻ വിസ്സമ്മതിക്കുകയാണെങ്കിൽ അയാൾക്ക് അയാൾക്കെതിരായി എടുക്കപ്പെടാവുന്ന മറ്റേതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ പരീക്ഷ തുടങ്ങുന്ന തീയതി മുതൽ ആരംഭിക്കുന്ന രണ്ടു മാസക്കാലത്തേക്കുള്ള ശമ്പളവും അലവൻസും നഷ്ടപ്പെടുന്നതാണ്.

വിശദീകരണം.—സർവ്വകലാശാലയിലെ തക്ക അധികാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുന്നത് അനുസരിക്കാൻ വീഴ്ച വരുത്തുന്നത് ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി വിസ്സമ്മതിക്കലായി കരുതപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ശമ്പളവും അലവൻസും നഷ്ടപ്പെടുന്നത് സംബന്ധിച്ച ഉത്തരവ്,—

(എ) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റെയോ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ സംഗതിയിൽ, പ്രസ്തുത ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻ കീഴിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും;

(ബി) ഒരു സർവ്വകലാശയിലെ ഒരു ഉദ്യോഗസ്ഥന്റെയോ, അദ്ധ്യാപകന്റെയോ മറ്റു ജീവനക്കാരന്റെയോ സംഗതിയിൽ വൈസ് ചാൻസലറും പുറപ്പെടുവിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള ശമ്പളവും അലവൻസും നഷ്ടപ്പെടുന്നത് സംബന്ധിച്ച യാതൊരു ഉത്തരവും അതുമൂലം ബാധിക്കപ്പെടാവുന്ന ആൾക്ക് പറയാനുള്ളത് പറയാൻ സന്ദർഭം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഉത്തരവ് മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവിന്റെ ഒരു പ്രതി അയാൾക്കു നൽകിയ തീയതി മുതൽ അറുപത് ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, അപ്പലേറ്റ് ട്രൈബ്യൂണലിന്, ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകിയ ശേഷവും ആവശ്യമാകാവുന്ന കൂടുതൽ അന്വേഷണവിചാരണയ്ക്ക് ശേഷവും, അതിന്മേൽ അതിന് യുക്തമെന്ന് തോന്നുന്ന ഉത്തരവ് പാസാക്കാവുന്നതാണ്.

**                **                **                **

# 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1975-ലെ 5)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭത്തിന് മറ്റു വിധത്തിൽ ആവശ്യമില്ലാത്ത പക്ഷം,—

** ** ** **

(32) "വൈസ്-ചാൻസലർ" എന്നതിന് സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

4. പ്രാദേശിക പരിധികൾ.—(1) സർവ്വകലാശാലയുടെ അധികാരപരിധി സംസ്ഥാനത്തെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ റവന്യൂ ജില്ലകളിൽ ആയിരിക്കുന്നതാണ്.

** ** ** **

8. പ്രോ-ചാൻസലർ.—(1) തൽക്കാലം സംസ്ഥാനത്ത് വിദ്യാഭ്യാസ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി സർവ്വകലാശാലയുടെ പ്രോ-ചാൻസലറായിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തനശേഷിയില്ലാത്തപ്പോഴോ പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും എല്ലാ കൃത്യങ്ങളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

10. വൈസ്-ചാൻസലർ.— (1) ** **

** ** ** **

(13) സിൻഡിക്കേറ്റോ അക്കാഡമിക് കൗൺസിലോ സമ്മേളിച്ചിരിക്കുമ്പോളൊഴികെ എപ്പോഴെങ്കിലും വൈസ്-ചാൻസലർക്ക് ഈ ആക്റ്റ് മൂലമോ അഥവാ ആക്റ്റ് പ്രകാരമോ,

സിൻഡിക്കേറ്റിലോ അക്കാഡമിക് കൗൺസിലിനേയോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗം ഉൾക്കൊള്ളുന്ന സത്വരനടപടി താൻ എടുക്കേണ്ടതായ ഒരു അടിയന്തിരാവസ്ഥ സംജാതമായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ വൈസ്-ചാൻസലർക്ക് യുക്തമെന്ന് തോന്നുന്ന നടപടി എടുക്കാവുന്നതും താനെടുത്ത നടപടി, അതതുസംഗതി പോലെ, സിൻഡിക്കേറ്റിനേയോ അക്കാഡമിക് കൗൺസിലിനായോ, അതിന്റെ അടുത്ത സമ്മേളനത്തിൽ, പ്രസ്തുത അധികാരസ്ഥാനം ആവശ്യമെന്നു കരുതാവുന്ന നടപടിക്കുവേണ്ടി റിപ്പോർട്ട് ചെയ്യേണ്ടതുമാകുന്നു.

** ** ** **

11. <u>പ്രോ-വൈസ്-ചാൻസലർ</u>.—(1) ചാൻസലർക്ക്, അദ്ദേഹം ആവശ്യമെന്ന് കരുതുകയാണെങ്കിൽ, ഒരു പ്രോ-വൈസ്-ചാൻസലറെ നിയമിക്കാവുന്നതാണ്.

(2) അൻപത്തിയാറു വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) പ്രോ-വൈസ്-ചാൻസലർ മുഴുവൻ സമയവും ജോലി ചെയ്ത് ശമ്പളം പറ്റുന്ന സർവ്വകലാശാലയുടെ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(4) പ്രോ-വൈസ്-ചാൻസലർ നാലുവർഷക്കാലം സ്ഥാനം വഹിക്കുന്നതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

(5) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവനവ്യവസ്ഥകളും ചാൻസലർ നിർണ്ണയിക്കേണ്ടതാണ്.

(6) ഈ ആക്റ്റിലേയും, പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും, റഗുലേഷനുകളിലേയും, വ്യവസ്ഥകൾക്കു വിധേയമായി പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കൃത്യങ്ങളും വൈസ്-ചാൻസലറുമായി ആലോചിച്ച് ചാൻസലർ തീരുമാനിക്കേണ്ടതാണ്.

** ** ** **

18. <u>സെനറ്റിന്റെ പുനസംഘടന</u>.—(1) ** **

** ** ** **

(5) ഒരാൾ സെനറ്റിലെ അംഗമല്ലാതായിത്തീരുമ്പോൾ അദ്ദേഹം സെനറ്റിലെ അംഗത്വം ഹേതുവായി സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്താണോ അംഗമായിരിക്കുന്നത് ആ അധികാരസ്ഥാനത്തെ അംഗമല്ലാതായിത്തീരുന്നതാകുന്നു.

19. <u>സെനറ്റിന്റെ അധികാരങ്ങളും കൃത്യങ്ങളും</u>.—(1) ** **

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ സ്പഷ്ടമായി വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമൊഴികെ സെനറ്റിനു താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും, ഡിപ്ലോമകളും, വിദ്യാസംബന്ധമായ മറ്റു ബഹുമതികളുമാണ് നൽകേണ്ടതെന്ന് നിർണ്ണയിക്കുക;

** ** ** **

(ഡി) ഈ ആക്റ്റിലെയും പരിനിയമങ്ങളിലെയും, ഓർഡിനൻസുകളിലെയും, റഗുലേഷനുകളിലെയും വ്യവസ്ഥകളനുസരിച്ച് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും, വിദ്യാർത്ഥികൾക്ക് വേതനങ്ങളും, മെഡലുകളും, സമ്മാനങ്ങളും, ഏർപ്പെടുത്തുകയും പ്രദർശനങ്ങൾ സംഘടിപ്പിക്കുയും ചെയ്യുക;

(ഇ) പ്രൊഫസർമാരുടെ തസ്തികകളും, റീഡർമാരുടെ തസ്തികകളും, ലെക്ചറർമാരുടെ തസ്തികകളും ആവശ്യമെന്ന് അത് കരുതാവുന്ന അദ്ധ്യാപനപരമോ ഗവേഷണപരമോ ആയ മറ്റ് തസ്തികകളും ഏർപ്പെടുത്തുക;

** ** ** **

(ജെ) പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതെങ്കിലും ഡിഗ്രിയോ, ഡിപ്ലോമയോ സ്ഥാനമോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദു ചെയ്യുക;

** ** ** **

21. <u>സിൻഡിക്കേറ്റ്</u>.— സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണസമിതി ആയിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

<u>ഔദ്യോഗിക നിലയിലുള്ള അംഗങ്ങൾ</u>:

** ** ** **

(ഡി) വിദ്യാഭ്യാസ ഡയറക്ടർ,

** ** ** **

(എഫ്) വിവര സാങ്കേതിക വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന വിവര സാങ്കേതിക വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഒരു ഉദ്യോഗസ്ഥൻ,

** ** ** **

<u>മറ്റംഗങ്ങൾ</u>:

(എ) സെനറ്റ് അവരുടെ ഇടയിൽ നിന്നും തെരെഞ്ഞെടുക്കുന്ന പതിമൂന്ന് അംഗങ്ങൾ, അവരിൽ,—(i) ഏഴ് പേർ അദ്ധ്യാപകരല്ലാത്തവരും അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ടയാളും ആയിരിക്കേണ്ടതാണ്;

(ii) മൂന്ന് പേർ ഒന്നാം ഗ്രേഡ് കോളേജ് പ്രിൻസിപ്പൽമാരും -അവരിൽ ഒരാൾ ഒരു ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(iii) പ്രിൻസിപ്പൽമാരല്ലാത്ത നാല് അദ്ധ്യാപകരും-അവരിൽ ഒരാൾ ഒരു സർവ്വകലാശാലാദ്ധ്യാപകനും ഒരാൾ ഒരു ഗവൺമെന്റു കോളേജ് അദ്ധ്യാപകനുമായിരിക്കേണ്ടതാണ്.

(ബി) 17-ാം വകുപ്പിൽ,—(i) "ഔദ്യോഗിക നിലയിലുള്ള അംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ള (15)-ാം ഇനത്തിലും;

(ii) "തെരെഞ്ഞടുക്കപ്പെടുന്ന അംഗങ്ങൾ എന്ന ശീർഷകത്തിനു താഴെയുള്ള (12)-ാം ഇനത്തിലും;

(iii) "മറ്റംഗങ്ങൾ" എന്ന ശീർഷകത്തിനു താഴെയുള്ള (4)-ഇനത്തിലും പരാമർശിച്ചിട്ടുള്ള അംഗങ്ങളുടെ ഇടയിൽ നിന്നും സെനറ്റ് തെരെഞ്ഞെടുക്കുന്ന ഒരംഗം.

(സി) 17-ാം വകുപ്പിൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (5)-ാം ഇനത്തിൽ പരാമർശിക്കപ്പെട്ട, സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ;

(ഡി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി അതിലെ അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്ത അംഗം.

23. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ</u>.—ഈ ആക്റ്റിലെയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ വകയായുള്ള സ്ഥാപനങ്ങളുടെ മേലുള്ള പൊതുവായ മേലന്വേഷണവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ

നിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അതേപ്രകാരത്തിൽ വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

** ** ** **

(xiv) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും ഈ ആവശ്യാർത്ഥം ഉണ്ടാക്കിയിട്ടുള്ള പരിനിയമങ്ങളിലെ വ്യവസ്ഥകളനുസരിച്ച് അവ സെനറ്റിന് സമർപ്പിക്കുകയും ചെയ്യുക;

(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

** ** ** **

(xvii) പരീക്ഷകൻമാരുടെ പാനൽ അംഗീകരിക്കുകയും അവയുടെ പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;

** ** ** **

(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാട് ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും, അവയിലെ ജീവനക്കാർക്ക് ശരിയായ സേവനവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുവേണ്ടിയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക; അങ്ങനെയുള്ള നിർദ്ദേശങ്ങൾ നിരസിക്കുന്ന സംഗതിയിൽ സംയോജനമോ അംഗീകാരമോ സംബന്ധിച്ച വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ അതിനു ശരിയെന്നു തോന്നുന്ന മറ്റു നടപടികൾ ഈ ആവശ്യത്തിലേക്കായി എടുക്കുകയോ ചെയ്യുക;

** ** ** **

(xxiii) 5-ാം വകുപ്പ് (xxvii)-ാം ഖണ്ഡപ്രകാരമുള്ള സർവ്വകലാശാലയുടെ അധികാരങ്ങൾ വിനിയോഗിക്കുക;

** ** ** **

24. അക്കാഡമിക് കൗൺസിൽ.—(1)

** ** ** **

(3)അക്കാഡമിക് കൌൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

(സി) വിദ്യാഭ്യാസ ഡയറക്ടർ;

** ** ** **

(എൽ) പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് അംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ), അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് പ്രൊഫഷണൽ കോളേജിലെ പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(എം) പൌരസ്ത്യ ഭാഷാ കോളേജ് ഒന്നാം ഗ്രേഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന ഏഴംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ), അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് കോളേജ് പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(എൻ) ജൂനിയർ കോളേജ് പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന രണ്ടംഗങ്ങൾ (ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവർ);

(ഒ) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഊഴമനുസരിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഡീനല്ലാത്ത ഒരു പൗരസ്ത്യഭാഷാ കോളേജിലെ പ്രിൻസിപ്പൽ;

** ** ** **

(ക്യൂ) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല പ്രദേശത്തുള്ള സെക്കൻഡറി സ്കൂളിലെ ഒരു ഹെഡ്‌മാസ്റ്ററും ഒരു അദ്ധ്യാപകനും;

** ** ** **

(എസ്) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പുറമെയുള്ള അഞ്ച് വിദഗ്ധൻമാർ.

(4)(3)-ാം ഉപവകുപ്പ് (എ) മുതൽ (ജി) വരെയുള്ള ഖണ്ഡങ്ങളിൽ പറയുന്ന അംഗങ്ങളല്ലാത്ത അക്കാഡമിക് കൗൺസിലിലെ മറ്റ് അംഗങ്ങൾ അതതുസംഗതിപോലെ അവരെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന തീയതി മുതൽ നാലുവർഷത്തേക്ക് സ്ഥാനം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു വിദ്യാർത്ഥി എന്ന നിലയ്ക്ക് അക്കാഡമിക് കൗൺസിൽ അംഗമായിട്ടുള്ള ആൾ, അയാൾ വിദ്യാർത്ഥിയല്ലാതായിത്തീരുമ്പോൾ പ്രസ്തുത സ്ഥാനം വഹിക്കുന്നയാൾ അല്ലാതായിത്തീരുന്നതാണ്.

25. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും, പ്രവൃത്തികളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) വിവിധ പഠനകോഴ്സുകളിലും പരീക്ഷകളിലും വിദ്യാർത്ഥികളെ ചേർക്കുന്നതിനുള്ള യോഗ്യതകളും ഏതു വ്യവസ്ഥകൾ പ്രകാരം ഒഴിവുകളനുവദിക്കാമെന്നും നിർണ്ണയിക്കുക;

(vi) വിദ്യാഭ്യാസ നിലവാരം നിലനിറുത്തുന്നതിനുവേണ്ടി വിവിധ പഠനക്രമങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനാവശ്യമായ വ്യവസ്ഥകളുണ്ടാക്കുക;

** ** ** **

(viii) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(ix) സർവ്വകലാശാലയ്ക്കാവശ്യമുള്ള പ്രൊഫസർമാരുടെ തസ്തികകളും റീഡർമാരുടെ തസ്തികകളും ലക്ചറർമാരുടെ തസ്തികകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റു തസ്തികകളും ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(x) ഫെല്ലോഷിപ്പുകളും, ട്രാവലിംഗ് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്ഷിപ്പുകളും, മെഡലുകളും, സമ്മാനങ്ങളും, ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(xi) സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളും, ഡിപ്ലോമാകളും, വിദ്യാസംബന്ധമായ മറ്റ് ബഹുമതികളും നൽകണമെന്ന് നിർണ്ണയിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുക;

** ** ** **

(xiii) സംയോജിത കോളേജുകളിലേയും അംഗീകൃത സ്ഥാപനങ്ങളിലേയും പഠനവും അദ്ധ്യാപനവും, ഏകോപിപ്പിക്കുന്നതിനുവേണ്ടി ഏർപ്പാടു ചെയ്യുക;

(xiv) ഈ ആക്ടോ പരിനിയമങ്ങളോ ഓർഡിനൻസുകളോ റെഗുലേഷനുകളോ ചട്ടങ്ങളോ ഉപനിയമങ്ങളോമൂലം അതിന് നൽകാവുന്നതോ അതിന്റെ മേൽ ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

26. ഫാക്കൽറ്റികൾ.— (1)

** ** ** **

(3) ഓരോ ഫാക്കൽറ്റിയിലും,—

(എ) ഫാക്കൽറ്റിയിലുൾക്കൊള്ളുന്ന പഠനബോർഡുകളുടെ ചെയർമാൻമാരും;

(ബി) ഓരോ പഠന ബോഡിൽ നിന്നും തിരഞ്ഞെടുത്ത രണ്ടംഗങ്ങളും;

(സി) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാതെയും പത്തിൽ കവിയാതെയുമുള്ള അംഗങ്ങളും, ഉണ്ടായിരിക്കേണ്ടതാണ്.

** ** ** **

28. പഠനബോർഡ്.—(1) സർവ്വകലാശാലയുടെ ഓരോ പാഠ്യവിഷയത്തേയും സംബന്ധിച്ച് ഒരു പഠനബോർഡ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ഓരോ വിഷയത്തിലുമുള്ള ബിരുദാനന്തര പഠനത്തിനും പ്രത്യേകം പഠനബോർഡ് ഉണ്ടായിരിക്കാവുന്നതാണ്.

(2) പഠനബോർഡുകളുടെ ഘടനയും അധികാരങ്ങളും പരിനിയമങ്ങൾ മൂലം നിർണ്ണയിക്കപ്പെടേണ്ടതാകുന്നു.

(3) പഠനബോർഡുകളിലെ അംഗങ്ങൾ അവർ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്നു വർഷക്കാലം ആ സ്ഥാനം വഹിയ്ക്കേണ്ടതാണ്.

** ** ** **

29. വിദ്യാർത്ഥികളുടെ കൌൺസിൽ.—(1) ** **

(2) വിദ്യാർത്ഥികളുടെ കൌൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

ഔദ്യോഗിക നിലയിലുള്ള അംഗങ്ങൾ

** ** ** **

(ബി) സർവ്വകലാശാല യൂണിയൻ ചെയർമാൻ.

** ** ** **

30. വിദ്യാർത്ഥികളുടെ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും, വ്യവസ്ഥകൾക്കു വിധേയമായി വിദ്യാർത്ഥികളുടെ കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും കൃത്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്,—

(എ) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പ്രവർത്തനത്തെ സംബന്ധിച്ച കാര്യങ്ങളായ പഠനക്രമഘടനയേയും ബോധനരീതിയേയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമുള്ള സർവ്വകലാശാലയുടെ സാമാജിക ജീവിതത്തേയും സർവ്വകലാശാലയിലെ പാഠ്യപദ്ധതിയോടുചേർന്നതും പാഠ്യേതര പ്രവർത്തനങ്ങളേയും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും ശിപാർശകൾ സമർപ്പിക്കുക;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കത്തേയോ അല്ലെങ്കിൽ ക്ഷേമത്തേയോ സംബന്ധിച്ച ചട്ടങ്ങൾ കായികവിനോദങ്ങൾ, സാഹിത്യപരവും മറ്റുമായ സംഘങ്ങളുടെ പ്രവർത്തനം, ഹോസ്റ്റലുകളുടേയും വിദ്യാർത്ഥി മന്ദിരങ്ങളുടേയും നിവാസേതര വിദ്യാർത്ഥി കേന്ദ്രങ്ങളുടെയും നടത്തിപ്പ് വികസന പരിപാടി, സാമൂഹ്യപരിപാടി, വിദ്യാർത്ഥികളുടെ ആരോഗ്യം, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർ എന്നിവയേയും പരിനിയമങ്ങളിൽ പ്രത്യേകം പറയപ്പെടാവുന്ന മറ്റു സംഗതികളെയും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും നിർദ്ദേശങ്ങൾ നൽകുക;

(സി) വിദ്യാർത്ഥികളെ സംബന്ധിക്കുന്ന ഏതൊരു കാര്യത്തെക്കുറിച്ചും സർവ്വകലാശാലയുടെ ഏതൊരുധികാരസ്ഥാനത്തിനും അതിന്റെ അഭിപ്രായങ്ങളും വീക്ഷണങ്ങളും ശുപാർശകളും അറിയിക്കുക;

എന്നാൽ ഒരു കാര്യം വിദ്യാർത്ഥികളെ സംബന്ധിക്കുന്നതാണോ അല്ലയോ എന്ന് ഏതെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ ആ പ്രശ്നം വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ തീരുമാനിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഡി) വിദ്യാർത്ഥികളുടെ പൊതുക്ഷേമത്തിനാവശ്യമായ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക;

(ഇ) ഈ ആക്റ്റോ, പരിനിയമങ്ങളോ ഓർഡിനൻസുകളൊ റഗുലേഷനുകളോ മൂലം നൽകപ്പെടാവുന്നതോ ചുമത്തപ്പെടാവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(2) വിദ്യാർത്ഥി കൗൺസിൽ ചെയ്തിട്ടുള്ള ശുപാർശകളും നിർദ്ദേശങ്ങളും, ഏതൊരു അധികാരസ്ഥാനങ്ങൾക്കാണോ പ്രസ്തുത ശുപാർശകളും നിർദ്ദേശങ്ങളും നൽകിയിട്ടുള്ളത് ആ അധികാരസ്ഥാനങ്ങൾ അവയിൻമേൽ എടുത്തിട്ടുള്ള നടപടികളും വിശദമാക്കുന്ന കാലികറിപ്പോർട്ടുകൾ, പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, വൈസ് ചാൻസലർ സെനറ്റിന്റേയും വിദ്യാർത്ഥി കൗൺസിലിന്റേയും മുമ്പാകെ വയ്പിക്കേണ്ടതാണ്.

31. <u>ഫൈനാൻസ് കമ്മിറ്റി</u>.—(1) സർവ്വകലാശാലയെ സംബന്ധിക്കുന്ന ധനപരമായ ഏതൊരു പ്രശ്നത്തിനും ഉപദേശം നൽകുന്നതിനായി ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) ഫൈനാൻസ് കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ അദ്ദേഹം അതിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പ്രോ-വൈസ് ചാൻസലറുണ്ടെങ്കിൽ അദ്ദേഹം;

(സി) സെനറ്റ് അംഗങ്ങൾ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഡി) സിൻഡിക്കേറ്റ് അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഇ) അക്കാഡമിക് കൗൺസിലംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(എഫ്) ഗവൺമെന്റ് ധനകാര്യ വകുപ്പ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ജി) ഗവൺമെന്റ് ഹയർ എഡ്യൂക്കേഷൻ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(3) ഫൈനാൻസ് ഓഫീസർ ഫൈനാൻസ് കമ്മിറ്റിയുടെ സെക്രട്ടറിയായിരിക്കുന്നതാണ്.

(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും കൃത്യങ്ങളും അതിന്റെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതുൾപ്പെടെ, ധനകാര്യങ്ങളിലുള്ള അതിന്റെ നടപടിയും പരിനിയമങ്ങളാൽ നിർണ്ണയിക്കപ്പെടേണ്ടതാകുന്നു.

** ** ** **

33. <u>അംഗത്വത്തിനുള്ള അയോഗ്യതകൾ</u>.—

** ** ** **

(ബി) ബുദ്ധിസ്ഥിരതയില്ലാത്തവനോ, ബധിരമൂകനോ അഥവാ;

** ** ** **

(ഡി) സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് ഏതെങ്കിലും നീതിന്യായ കോടതിയാൽ ശിക്ഷിക്കപ്പെട്ടവനോ; അഥവാ

** ** ** **

യാതൊരാളും സർവ്വകലാശാലയുടൈ ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുവാനോ നാമനിർദ്ദേശം ചെയ്യപ്പെടുവാനോ, നിയമിക്കപ്പെടുവാനോ അഥവാ അങ്ങനെയുള്ള അംഗമായി തുടരുവാനോ യോഗ്യനായിരിക്കുന്നതല്ല:

** ** ** **

35. പരിനിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) ** **

** ** ** **

(5) സെനറ്റ് ഏതെങ്കിലും പരിനിയമം പാസ്സാക്കുകയാണെങ്കിൽ അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും, ചാൻസലർ പരിനിയമം പുനരാലോചന ചെയ്യുന്നതിനായി സെനറ്റിലേക്ക് മടക്കി അയയ്ക്കുകയോ അഥവാ അതിന് അംഗീകാരം നൽകുകയോ, തന്റെ അംഗീകാരം തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതുമാകുന്നു.

** ** ** **

42. <u>സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സർവ്വകലാശാലയുടെ മറ്റ് സമിതികളിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെടുക്കൽ</u>.—സെനറ്റിലേയ്ക്കും, സിൻഡിക്കേറ്റിലേയ്ക്കും, സർവ്വകലാശാലയുടെ മറ്റ് സമിതികളിലേയ്ക്കും ഉള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ്, കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടു വഴിയായുള്ള ആനുപാതിക പ്രാതിനിദ്ധ്യ സമ്പ്രദായമനുസരിച്ചും, പരിനിയമങ്ങൾപ്രകാരം നിർണ്ണയിക്കപ്പെട്ട നടപടിക്രമമനുസരിച്ചും നടത്തേണ്ടതും, അങ്ങനെയുള്ള തെരഞ്ഞെടുപ്പിന് വോട്ടെടുപ്പ് രഹസ്യബാലറ്റുമൂലമായിരിക്കേണ്ടതുമാണ്.

** ** ** **

45. <u>സർവ്വകലാശാല ഫണ്ട്</u>.— (1) ** **

(2) കോഴിക്കോട് സർവ്വകലാശാല ഫണ്ടിലുള്ള എല്ലാ പണവും സർക്കാർ ഖജനാവിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ കീഴിലുള്ള ബാങ്കുകളിലോ, ഗവൺമെന്റ് നിശ്ചയിക്കാവുന്ന പരിധിവരെ സൂക്ഷിക്കേണ്ടതാകുന്നു.

** ** ** **

(4) കോഴിക്കോട് സർവ്വകലാശാല ഫണ്ടിന്റെ സൂക്ഷിപ്പ്, അതിൽ പണമടയ്ക്കൽ, അതിൽ നിന്ന് പണം എടുക്കൽ എന്നിവയും ബന്ധപ്പെട്ട മറ്റെല്ലാകാര്യങ്ങളും ആ ആവശ്യാർത്ഥം ഉണ്ടാക്കിയ പരിനിയമങ്ങൾ, ഓർഡിനൻസുകൾ, ചട്ടങ്ങൾ, ഉപനിയമങ്ങൾ എന്നിവമൂലം ക്രമപ്പെടുത്തേണ്ടതാണ്.

** ** ** **

50. <u>സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റു ചെയ്യൽ</u>.—(1) ** **

** ** ** **

(7) സർവ്വകലാശാല, ആഡിറ്റർമാർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയോ ക്രമക്കേടോ ഉടനടി പരിഹരിക്കുകയും എടുത്തിട്ടുള്ള നടപടിയെപ്പറ്റി ഗവൺമെന്റിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

** ** ** **

53. <u>കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ കോളേജുകൾക്കുവേണ്ടിയുള്ള മാനേജിംഗ് കൗൺസിൽ</u>.—(1) ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് അതിന്റെ മാനേജ്മെന്റിൻ കീഴിലുള്ള എല്ലാ സ്വകാര്യ കോളേജുകൾക്കും വേണ്ടി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു മാനേജിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) പരിനിയമങ്ങൾമൂലം നിർണ്ണയിക്കാവുന്നപ്രകാരം ഊഴമനുസരിച്ച് ഒരു പ്രിൻസിപ്പാൾ;

(ബി) സ്വകാര്യ കേളേജുകളുടെ മാനേജർ;

(സി) ഈ ആവശ്യാർത്ഥം പരിനിയമങ്ങളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി;

(ഡി) ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരു വ്യക്തി;

(ഇ) പരിനിയമങ്ങളാൽ നിർണ്ണയിക്കാവുന്ന നടപടിക്രമം അനുസരിച്ച് എല്ലാ സ്വകാര്യ കോളേജുകളിലേയും സ്ഥിരം അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന രണ്ട് വ്യക്തികൾ;

(എഫ്) എല്ലാ സ്വകാര്യ കേളേജുകളിലേയും കോളേജ് യൂണിയൻ ചെയർമാൻമാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു വ്യക്തി;

(ജി) പരിനിയമങ്ങളാൽ നിർണ്ണയിക്കാവുന്ന നടപടിക്രമം അനുസരിച്ച് എല്ലാ സ്വകാര്യ കോളേജുകളിലേയും അദ്ധ്യാപകരല്ലാത്ത സ്ഥിരം ജീവനക്കാർ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു വ്യക്തി;

(എച്ച്) കോർപ്പറേറ്റ് മാനേജ്മെന്റ് നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ചിൽ കവിയാതെയുള്ള വ്യക്തികൾ.

(2) സ്വകാര്യ കോളേജുകളുടെ മാനേജർ, മാനേജിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലേയും അതുപ്രകാരമുണ്ടാക്കിയ പരിനിയമങ്ങളിലേയും ഓർഡിനൻസുകളിലേയും റഗുലേഷനുകളിലേയും ചട്ടങ്ങളിലേയും ഉപനിയമങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ച് സ്വകാര്യ കോളേജുകളുടെ ഭരണത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും കോർപ്പറേറ്റ് മാനേജ്മെന്റിനെ ഉപദേശിക്കേണ്ടത് മാനേജിംഗ് കൗൺസിലിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(4) യോഗങ്ങളിൽ ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് കൗൺസിൽ തീരുമാനങ്ങളെടുക്കേണ്ടതാണ്.

** ** ** **

57. <u>സ്വകാര്യ കോളേജുകളിൽ അദ്ധ്യാപകരെ നിയമിക്കൽ</u>.—(1) സർക്കാരിൽ നിന്നും ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികകളിലേക്കുള്ള നിയമനം, സർക്കാരോ അഥവാ സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, അനുവദിച്ചിട്ടുള്ള തസ്തികകളിലേക്ക് മാത്രമേ നടത്താൻ പാടുള്ളൂ.

** ** ** **

(10) ഈ വകുപ്പുപ്രകാരമുള്ള ഏതെങ്കിലും നിയമനംമൂലം സങ്കടമുള്ള ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിനുമുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

60. സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ.—(1)** **

** ** ** **

(3) ഒരു സ്വകാര്യ കോളേജ് അദ്ധ്യാപകനെ പതിനഞ്ചു ദിവസത്തിൽ കൂടുതൽ കാലത്തേക്ക് സസ്പെന്റ് ചെയ്യുമ്പോൾ, ആ സംഗതി, സസ്പെന്റ് ചെയ്യുന്നതിനുള്ള കാരണങ്ങളോടൊപ്പം വൈസ്ചാൻസലർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **

62. തദ്ദേശ അധികാരസ്ഥാനങ്ങൾ മുതലായവയിലെ അംഗത്വം.—(1) ** **

** ** ** **

(2) സംസ്ഥാന നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗമായി തെരഞ്ഞെടുക്കപ്പെടുകയോ അഥവാ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ഒരു അദ്ധ്യാപകന് നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗത്വകാലം ശമ്പളവും അലവൻസുമില്ലാത്ത അവധിയായി കരുതുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

## അദ്ധ്യായം VIII ബി

## സ്വയംഭരണ കോളേജ്

68 ബി. സ്വയംഭരണ അംഗീകാര സമിതി.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്:

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

**　　　**　　　**　　　**

68 റ്റി. <u>ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്</u>.—ഈ അദ്ധ്യായത്തിൻ കീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

**　　　**　　　**　　　**

## അദ്ധ്യായം IX

## പലവക

"79 എ. <u>സർവ്വകലാശാല നടത്തുന്ന പരീക്ഷകൾ സംബന്ധിച്ച അദ്ധ്യാപകർ മുതലായവരുടെ കർത്തവ്യങ്ങൾ</u>.—(1) സർവ്വകലാശാലയിലെ തക്ക അധികാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുകയാണെങ്കിൽ സർവ്വകലാശാല നടത്തുന്ന ഒരു പരീക്ഷയുമായി ബന്ധപ്പെട്ട ഏതെങ്കിലും ജോലി ചെയ്യുന്നത്

സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റെയോ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ അഥവാ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥന്റെയോ അദ്ധ്യാപകരുടേയോ മറ്റു ജീവനക്കാരന്റെയോ കർത്തവ്യമായിരിക്കുന്നതാണ്.

(2) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഏതെങ്കിലും അദ്ധ്യാപകനോ അഥവാ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഏതെങ്കിലും അംഗമോ അഥവാ സർവ്വകലാശാലയിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ മറ്റു ജീവനക്കാരനോ,—

(എ) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റേയോ അഥവാ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ സംഗതിയിൽ ഈ ആവശ്യാർത്ഥം സർക്കാരിനാൽ അധികാരപ്പെടുത്തപ്പെട്ട, കോളേജിയേറ്റ് എഡ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിക്കു താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനും;

(ബി) സർവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥന്റെയോ, അദ്ധ്യാപകന്റേയോ, മറ്റു ജീവനക്കാരന്റേയോ സംഗതിയിൽ വൈസ് ചാൻസലർക്കും ബോദ്ധ്യം വരത്തക്കവണ്ണം മതിയായ കാരണംകൂടാതെ സർവ്വകലാശാലയിലെ തക്ക അധികാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുമ്പോൾ സർവ്വകലാശാല നടത്തുന്ന ഏതെങ്കിലും പരീക്ഷ സംബന്ധിച്ച ഏതെങ്കിലും ജോലി ചെയ്യാൻ വിസമ്മതിക്കുകയാണെങ്കിൽ അയാൾക്ക് അയാൾക്കെതിരായി എടുക്കപ്പെടാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഹാനി കൂടാതെ പരീക്ഷ തുടങ്ങുന്ന തീയതി മുതൽ ആരംഭിക്കുന്ന രണ്ടു മാസക്കാലത്തേക്കുള്ള ശമ്പളവും അലസവൻസും നഷ്ടപ്പെടുന്നതാണ്.

വിശദീകരണം.—സർവ്വകലാശാലയിലെ തക്ക അധികാരമുള്ള ഉദ്യോഗസ്ഥനോ അധികാരസ്ഥാനമോ ആവശ്യപ്പെടുന്നത് അനുസരിക്കാൻ വീഴ്ചവരുത്തുന്നത് ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി വിസമ്മതിക്കലായി കരുതപ്പെടേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പുപ്രകാരമുള്ള ശമ്പളവും അലവൻസും നഷ്ടപ്പെടുത്തുന്നതു സംബന്ധിച്ച ഉത്തരവ്,—

(എ) സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഒരു അദ്ധ്യാപകന്റെയോ അദ്ധ്യാപകരല്ലാത്ത ജീവനക്കാരിലെ ഒരംഗത്തിന്റെയോ സംഗതിയിൽ, പ്രസ്തുത ഉപവകുപ്പിലെ (എ) ഖണ്ഡത്തിൻകീഴിൽ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനും;

(ബി) ഒരു സർവ്വകലാശാലയിലെ ഒരു ഉദ്യോഗസ്ഥന്റെയോ അദ്ധ്യാപന്റെയോ മറ്റു ജീവനക്കാരന്റ്യോ സംഗതിയിൽ വൈസ് ചാൻസലറും പുറപ്പെടുവിക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള ശമ്പളവും അലവൻസും നഷ്ടപ്പെടുത്തുന്നതു സംബന്ധിച്ച യാതൊരു ഉത്തരവും അതുമൂലം ബാധിക്കപ്പെടാവുന്ന ആൾക്ക് പറയാനുള്ളതു പറയാൻ സന്ദർഭം നൽകാതെ പുറപ്പെടുവിക്കാൻ പാടില്ലാത്തതാകുന്നു.

(5) (4)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള ഉത്തരവിന്റെ ഒരു പ്രതി അയാൾക്കു നൽകിയ തീയതി മുതൽ അറുപതു ദിവസത്തിനകം അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും, അപ്പലേറ്റ് ട്രൈബ്യൂണലിന്, ബന്ധപ്പെട്ട കക്ഷികൾക്ക് പറയാനുള്ളത് പറയാൻ അവസരം നൽകിയ ശേഷവും ആവശ്യമാകാവുന്ന കൂടുതൽ അന്വേഷണ വിചാരണയ്ക്കു ശേഷവും, അതിന്മേൽ അതിന് യുക്തമെന്നുതോന്നുന്ന ഉത്തരവ് പാസാക്കാവുന്നതാണ്.

** ** ** **

# 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1985-ലെ 12)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധം ആവശ്യപ്പെടാത്തപക്ഷം,—

** ** ** **

(34) "വൈസ് ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ് ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

8. പ്രോ-ചാൻസലർ.—(1) സംസ്ഥാനത്ത് തൽസമയം വിദ്യാഭ്യാസ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് ജോലി നിർവ്വഹിക്കാൻ കഴിയാതിരിക്കുമ്പോഴോ പ്രോ-ചാൻസലർ, ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതുമാണ്.

** ** ** **

10. വൈസ് ചാൻസലർ.—(1)

** ** ** **

(17) സിൻഡിക്കേറ്റോ അക്കാഡമിക് കൗൺസിലോ സമ്മേളിച്ചിരിക്കുമ്പോൾ ഒഴികെ, എപ്പോഴെങ്കിലും വൈസ് ചാൻസലർക്ക് ഈ ആക്റ്റിൻ കീഴിലോ ആക്റ്റ് പ്രകാരമോ, സിൻഡിക്കേറ്റിലോ അല്ലെങ്കിൽ അക്കാഡമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ പ്രയോഗം ഉൾക്കൊള്ളുന്ന സത്വരനടപടി താൻ എടുക്കേണ്ട ഒരു അടിയന്തരാവസ്ഥ ഉണ്ടായിട്ടുണ്ടെന്ന ബോദ്ധ്യമായാൽ വൈസ് ചാൻസലർക്കു തനിക്ക് യുക്തമെന്നു തോന്നുന്ന നടപടി എടുക്കാവുന്നതും, അതതു സംഗതിപോലെ, സിൻഡിക്കേറ്റിനെയോ അല്ലെങ്കിൽ അക്കാഡമിക് കൗൺസിലിനെയോ അടുത്ത സമ്മേളനത്തിൽ താൻ എടുത്ത നടപടി പ്രസ്തുത അധികാരസ്ഥാനം ആവശ്യമെന്ന് കരുതാവുന്ന പ്രകാരമുള്ള നടപടിക്കുവേണ്ടി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്. വൈസ് ചാൻസലർ സ്വീകരിച്ച നടപടി പരിഗണിച്ചശേഷം,

അത്തരം നടപടി അദ്ദേഹം സ്വീകരിക്കാൻ പാടില്ലായിരുന്നുവെന്ന് ആ അധികാരസ്ഥാനത്തിന് അഭിപ്രായമുണ്ടെങ്കിൽ ആ സംഗതി ചാൻസലർക്ക് റഫർചെയ്യാവുന്നതും അതിൻമേലുള്ള അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

**　　　　**　　　　**　　　　**

11. <u>പ്രോ-വൈസ് ചാൻസലർ</u>.—(1) ചാൻസലർക്ക്, അത് ആവശ്യമാണെന്നു താൻ കരുതുന്നെങ്കിൽ, ഒരു പ്രോ-വൈസ് ചാൻസലറെ വൈസ് ചാൻസലർ, അദ്ദേഹത്തിന് സമർപ്പിക്കുന്ന പേരുകളടങ്ങുന്ന ഒരു പാനലിൽനിന്നും നിയമിക്കാവുന്നതാണ്.

(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ് ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല.

(3) പ്രോ-വൈസ് ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(4) പ്രോ-വൈസ് ചാൻസലർ, അദ്ദേഹത്തിന്റെ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലു വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതും പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

(5) പ്രോ-വൈസ് ചാൻസലറുടെ വേതനവും മറ്റു സേവനവ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിലായിരിക്കുന്നതാണ്.

(6) പ്രോ-വൈസ് ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും ഈ ആക്റ്റിന്റെയും സ്റ്റാറ്റ്യൂട്ടുകളുടെയും ഓർഡിനൻസുകളുടെയും റെഗുലേഷനുകളുടെയും വ്യവസ്ഥകൾക്ക് വിധേയമായി വൈസ് ചാൻസലർ തീരുമാനിക്കേണ്ടതാണ്.

**　　　　**　　　　**　　　　**

17. <u>സെനറ്റ്</u>.—സെനറ്റ് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്നതാണ്, അതായത്.—

**　　　　**　　　　**　　　　**

മറ്റ് അംഗങ്ങൾ

**　　　　**　　　　**　　　　**

(3) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന നാലു വിദ്യാർത്ഥികൾ, അവരിൽ ഒരാൾ "ഹ്യൂമാനിറ്റീസ്" വിഷയത്തിൽ അസാമാന്യകഴിവുള്ള ആളും, ഒരാൾ സയൻസിൽ അസാമാന്യകഴിവുള്ള ആളും, ഒരാൾ സ്പോർട്സിൽ അസാമാന്യകഴിവുള്ള ആളും, ഒരാൾ ലളിതകലകളിൽ അസാമാന്യകഴിവുള്ള ആളും ആയിരിക്കേണ്ടതാണ്.

** ** ** **

18. <u>സെനറ്റിന്റെ പുനഃസംവിധാനം</u>.— (1) ** **

** ** ** **

(8) ചാൻസലറോ സർക്കാരോ നാമനിർദ്ദേശം ചെയ്യുന്ന സെനറ്റിലെ അംഗങ്ങൾക്ക് ചാൻസലർക്കോ സർക്കാരിനോ, അതതുസംഗതിപോലെ, ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

19. <u>സെനറ്റിന്റെ അധികാരങ്ങളും ചുമതലകളും</u>.—ഈ ആക്റ്റിൽ മറ്റുതരത്തിൽ പ്രകടമായി വ്യവസ്ഥചെയ്തിട്ടില്ലാത്തപക്ഷം സെനറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(ഡി) ഉപദേശത്തിനുവേണ്ടി ചാൻസലർ റഫർ ചെയ്യുന്ന ഏതൊരു സംഗതി സംബന്ധിച്ചും അദ്ദേഹത്തെ ഉപദേശിക്കുക.

** ** ** **

21. <u>സിൻഡിക്കേറ്റ്</u>:— സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യഭരണ നിർവ്വഹണ സമിതിയായിരിക്കുന്നതും, അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. അതായത്:—

<u>എക്സ് ഒഫിഷ്യോ അംഗങ്ങൾ</u>

(എ) വൈസ് ചാൻസലർ;

(ബി) പ്രൊ-വൈസ് ചാൻസലർ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(ഡി) സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

(ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

(എഫ്) വിവര സാങ്കേതിക വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന വിവര സാങ്കേതിക വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

മറ്റ് അംഗങ്ങൾ

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ടിൽ കവിയാത്ത അംഗങ്ങൾ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്.

(ബി) റൊട്ടേഷനനുസരിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ മൂന്ന് ഡീൻമാർ.

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുമായി സംയോജിപ്പിക്കപ്പെട്ട കോളേജുകളിലെ രണ്ട് പ്രിൻസിപ്പാൾമാർ.

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് കോളേജ് അദ്ധ്യാപകർ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട ആളായിരിക്കണം.

(ഇ) xxx

(എഫ്) സർക്കാർ നാമനിർദ്ദേശം ചെയ്ത സർവ്വകലാശാലയുടെ പ്രാദേശിക അധികാര പരിധിയിൽവരുന്ന ഏതെങ്കിലും നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭയിലെ ഒരംഗം.

(ജി) xxx

(എച്ച്) xxx

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്ത സർവ്വകലാശാലയിലെ ഒരു ഗവേഷണ വിദ്യാർത്ഥിയോ അല്ലെങ്കിൽ ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയോ.

(ജെ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി അതിന്റെ അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്ത അംഗം.

22. സിൻഡിക്കേറ്റ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—(1) എക്സ് ഒഫിഷ്യോ അംഗങ്ങളല്ലാത്ത സിൻഡിക്കേറ്റ് അംഗങ്ങൾ, തങ്ങളെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ നാലു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ, ഒരു പ്രത്യേക സമിതിയിലെ അംഗമെന്ന നിലയിലോ ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ നാമനിർദ്ദേശം ചെയ്യപ്പെടുന്ന യാതൊരാളും അങ്ങനെയുള്ള അംഗമായിരിക്കുന്നതോ ഉദ്യോഗം വഹിക്കുന്നതോ അവസാനിച്ചതിനു ശേഷം മൂന്നുമാസത്തിൽ കവിഞ്ഞ കാലത്തേക്ക്, അതിനിടിയിൽ താൻ വീണ്ടും ആ സമിതിയുടെ ഒരംഗമാകുകയോ ആ ഉദ്യോഗം വഹിക്കുകയോ ചെയ്യാത്തപക്ഷം. സിൻഡിക്കേറ്റിലെ അംഗമായിരിക്കാൻ പാടുള്ളതല്ല.

എന്നുമാത്രമല്ല, എക്സ് ഒഫിഷ്യോ അംഗമല്ലാത്ത ഒരു അംഗം തന്റെ കാലാവധി അവസാനിച്ചിരുന്നാൽക്കൂടി, തന്റെ പിൻഗാമിയെ നാമനിർദ്ദേശം ചെയ്യപ്പെടുന്നതുവരെ ഉദ്യോഗം വഹിക്കുന്നതാണ്.

എന്നുതന്നെയുമല്ല, എക്സ് ഒഫിഷ്യോ അംഗമല്ലാത്ത യാതൊരാളും തുടർച്ചയായി രണ്ടിൽ കൂടുതൽ തവണ ഉദ്യോഗം വഹിക്കാൻ അർഹനായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 21-ാം വകുപ്പിൽ "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ (സി) ഇനത്തിലോ അല്ലെങ്കിൽ (ഡി) ഇനത്തിലോ പരാമർശിച്ചിട്ടുള്ള സിൻഡിക്കേറ്റിലെ ഒരു അംഗം ആ കാരണംകൊണ്ടുമാത്രം അപ്രകാരമുള്ള അംഗം അല്ലാതായി തീരുന്നതല്ല;

(എ) സർവ്വകലാശാലയുടെ പ്രാദേശികപരിധിക്ക് പുറത്ത് സ്ഥിതി ചെയ്യുന്നതും സംസ്ഥാനത്തിനകത്തുള്ളതുമായ ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റുകയോ; അല്ലെങ്കിൽ

(ബി) താൻ പ്രിൻസിപ്പാൾ ആയിരിക്കുന്നതോ അല്ലെങ്കിൽ അദ്ധ്യാപകനായിരിക്കുന്നതോ ആയ കോളേജ് മറ്റൊരു സർവ്വകലാശാലയിലേക്ക് മാറ്റുകയോ; അല്ലെങ്കിൽ

(സി) ഒരു അദ്ധ്യാപകന്റെ കാര്യത്തിൽ, തന്നെ പ്രിൻസിപ്പാളായി ഉദ്യോഗക്കയറ്റം നൽകുകയോ ചെയ്തിട്ടുണ്ടെന്നുള്ള കാരണത്താൽമാത്രം അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതല്ല.

(3) ചാൻസലറോ സർക്കാരോ നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ അംഗങ്ങൾക്ക് ചാൻസലർക്കോ സർക്കാരിനോ അതതു സംഗതിപോലെ ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗിക സ്ഥാനം വഹിക്കാവുന്നതാണ്.

23. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ</u>.—ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി, സർവ്വകലാശാല സ്ഥാപനങ്ങളുടെമേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ നിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും. അതേപോലുള്ളതിന് വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്.—

** ** ** **

(ii) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക;

** ** ** **

(xii) ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, സ്റ്റുഡന്റ് ഷിപ്പുകൾ, ബർസറികൾ, മെഡലുകൾ, സമ്മാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും നൽകുകയും പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക;

** ** ** **

(xiv) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ പരിഗണിക്കുകയും ഇക്കാര്യത്തിലേക്കുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് അവ സെനറ്റിനു സമർപ്പിക്കുകയും ചെയ്യുക;

(xv) സർവ്വകലാശാല പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

** ** ** **

(xvii) പരീക്ഷകൻമാരുടെ പാനൽ അംഗീകരിക്കുകയും അവരുടെ വേതനം നിശ്ചയിക്കുകയും ചെയ്യുക;

** ** ** **

(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുകയും നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിർത്തുന്നതിനും അവയിലെ ജീവനക്കാർക്ക് ശരിയായ സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനുംവേണ്ടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ സംയോജനമോ അംഗീകാരമോ സംബന്ധിച്ച് വ്യവസ്ഥകൾ ഭേദഗതി ചെയ്യുകയോ ഇതിലേക്ക് യുക്തമെന്നു അതിനുതോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുക;

** ** ** **

(xxvi) ആവശ്യമെന്ന് കരുതുന്ന പ്രൊഫസർഷിപ്പുകൾ, റീഡർഷിപ്പുകൾ, ലക്ചറർഷിപ്പുകൾ എന്നിവയും അപ്രകാരമുള്ള മറ്റ് അദ്ധ്യാപക തസ്തികകളും അല്ലെങ്കിൽ ഗവേഷണ തസ്തികകളും ഏർപ്പെടുത്തുക:

എന്നാൽ, സിൻഡിക്കേറ്റ് യാതൊരു പ്രൊഫസർഷിപ്പോ, റീഡർഷിപ്പോ, ലക്ചറർഷിപ്പോ, അദ്ധ്യാപക ഗവേഷണ തസ്തികകളോ, അത് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതിൽ അധികം ചെലവുവരുന്നതാണെങ്കിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരംകൂടാതെ ഏർപ്പെടുത്താൻ പാടുള്ളതല്ല.

** ** ** **

(xxxiv) നിർണ്ണയിക്കപ്പെട്ട വിധത്തിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി മറ്റ് സർവ്വകലാശാലകളുമായും മറ്റ് അധികാരസ്ഥാനങ്ങളുമായും സഹകരിക്കുക;

(xxxv) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ചട്ടങ്ങളും ബൈലാകളും ഉത്തരവുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

24. <u>അക്കാഡമിക് കൗൺസിൽ</u>.—(1) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ അക്കാഡമിക് നികായം ആയിരിക്കുന്നതാണ്.

(2) അക്കാഡമിക് കൗൺസിലിന്, ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി, സർവ്വകലാശാലയിലെ ബോധനവും വിദ്യാഭ്യാസവും പരീക്ഷയും നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യേണ്ടതും സർവ്വകലാശാലയ്ക്കകത്ത് ബോധനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരീക്ഷകളുടെയും നിലവാരം നിലനിർത്തുന്നതിനുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതും സ്റ്റാറ്റ്യൂട്ടുകൾവഴി അതിന് നൽകപ്പെടാവുന്നതോ അതിന്റെമേൽ ചുമത്തപ്പെടാവുന്നതോ ആയ മറ്റ് അധികാരങ്ങൾ പ്രയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(3) അക്കാഡമിക് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ്, അതായത്:—

(എ) വൈസ് ചാൻസലർ;

(ബി) പ്രോ-വൈസ് ചാൻസലർ;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

(എഫ്) ഗവേഷണവും പഠനവും സംബന്ധിച്ച ഡയറക്ടർ;

(ജി) കായിക വിദ്യാഭ്യാസ ഡയറക്ടർ;

(എച്ച്) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ;

(ഐ) ഫാക്കൽറ്റികളുടെ ഡീനുകൾ;

(ജെ) ******

(കെ) ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്തവരായ പഠനവും ഗവേഷണവും സംബന്ധിച്ച സർവ്വകലാശാലയിലെ എല്ലാ വകുപ്പു തലവൻമാരും;

(എൽ) മറ്റു വിധത്തിൽ അക്കാഡമിക് കൗൺസിൽ അംഗങ്ങളല്ലാത്ത എല്ലാ സിൻഡിക്കേറ്റ് അംഗങ്ങളും;

(എം) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഇടയിൽനിന്നും റൊട്ടേഷൻ അനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ ഡീനുകൾ അല്ലാത്ത അഞ്ച് അംഗങ്ങൾ, അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് പ്രൊഫഷണൽ കോളേജിലെ പ്രിൻസിപ്പാൾ ആയിരിക്കേണ്ടതാണ്;

(എൻ) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ പൗരസ്ത്യഭാഷാ കോളേജുകളല്ലാത്ത ഒന്നാം ഗ്രേഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഇടയിൽനിന്നും റൊട്ടേഷൻ അനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളുടെ ഡീനുകൾ അല്ലാത്ത ഏഴ് അംഗങ്ങൾ, അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പാൾ ആയിരിക്കേണ്ടതാണ്;

(ഒ) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജൂനിയർ കോളേജുകളിലെ പ്രിൻസിപ്പാൾമാരുടെ ഇടയിൽനിന്നും റൊട്ടേഷൻ അനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഡീൻ അല്ലാത്ത രണ്ട് അംഗങ്ങൾ;

(പി) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ക്രമമനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റി ഡീൻ അല്ലാത്ത ഒരു പൗരസ്ത്യഭാഷാ കോളേജിലെ പ്രിൻസിപ്പാൾ;

(ക്യൂ) സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ റൊട്ടേഷൻ അനുസരിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ പഠനവിഷയത്തിനും ഫാക്കൽറ്റി ഡീനോ, സർവ്വകലാശാലയുടെ ഡിപ്പാർട്ട്മെന്റ് അദ്ധ്യക്ഷനോ പ്രിൻസിപ്പാളോ അല്ലാത്ത ഒരംഗം വീതം;

(ആർ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാല പ്രദേശത്തുള്ള ഒരു സെക്കന്ററി സ്കൂളിലെ ഒരു ഹെഡ് മാസ്റ്ററും ഒരു അദ്ധ്യാപകനും;

(എസ്) ഫാക്കൽറ്റിയുടെ മുഴുവൻ സമയ ബിരുദാനന്തര വിദ്യാർത്ഥികൾ തങ്ങളുടെ ഇടയിൽനിന്നും ഓരോ ഫാക്കൽറ്റിയേയും പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(റ്റി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പുറമെനിന്നുള്ള ഏഴ് വിദഗ്ദ്ധൻമാർ, അവരിൽ രണ്ടു പേർ കോമേഴ്സിലോ, ബിസിനസ്സ് മാനേജ്മെന്റിലോ, ഇൻഡസ്ട്രിയൽ ടെക്നോളജിയിലോ വിദഗ്ദ്ധരായിരിക്കണം.

(4) (3)-ാം ഉപവകുപ്പിലെ (എ) മുതൽ (എച്ച്) വരെ ഖണ്ഡങ്ങളിൽ വിനിർദ്ദേശിച്ചിട്ടുള്ള അംഗങ്ങളല്ലാത്ത അക്കാഡമിക് കൺസിലിലെ അംഗങ്ങൾ, അതതു സംഗതിപോലെ, അവരെ നിയമിക്കുകയോ നാമനിർദ്ദേശം ചെയ്യുകയോ ചെയ്യുന്ന തീയതി മുതൽ നാലു വർഷത്തേക്ക് ഉദ്യോഗം വഹിക്കുന്നതാണ്:

എന്നാൽ, ഒരു വിദ്യാർത്ഥി എന്ന നിലയിൽ അക്കാഡമിക് കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ വിദ്യാർത്ഥിയല്ലാതായി തീരുമ്പോൾ അദ്ദേഹം ഉദ്യോഗം ഒഴിയേണ്ടതാണ്.

എന്നുമാത്രമല്ല, ഒരു ബിരുദാനന്തര വിദ്യാർത്ഥി എന്ന നിലയിൽ അക്കാഡമിക് കൗൺസിലിൽ അംഗമായിട്ടുള്ള ഒരാൾ ബിരുദാനന്തര വിദ്യാർത്ഥിയല്ലാതായി തീരുമ്പോൾ ഉദ്യോഗം ഒഴിയേണ്ടതാണ്.

25. അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്കു വിധേയമായി, അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(v) വിവിധ പഠന കോഴ്സുകളിലും പരീക്ഷകളിലും പ്രവേശിപ്പിക്കുന്നതിന് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകളും ഒഴിവുകളനുവദിക്കാവുന്ന ഉപാധികളും നിർണ്ണയിക്കുക;

(vi) വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനുവേണ്ടി വിവിധ പഠന ക്രമങ്ങൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുക;

** ** ** **

(viii) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ix) സർവ്വകലാശാലയ്ക്കാവശ്യമുള്ള പ്രൊഫസർമാരുടെയും റീഡർമാരുടെയും ലക്ചർമാരുടെയും തസ്തികകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റ് തസ്തികകളും ഏർപ്പെടുത്തുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകുക;

(x) ഫെല്ലോഷിപ്പുകളും, ട്രാവലിംഗ് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ് ഷിപ്പുകളും, മെഡലുകളും, സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക;

(xi) സർവ്വകലാശാല ഏതെല്ലാം ബിരുദങ്ങളും ഡിപ്ലോമകളും വിദ്യാസംബന്ധമായ പ്രാഗത്ഭ്യസംജ്ഞകളും നൽകണമെന്ന് തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകുക;

** ** ** **

(xiii) സംയോജിക്കപ്പെട്ട കോളേജുകളിലേയും അംഗീകൃത സ്ഥാപനങ്ങളിലേയും പഠനവും അദ്ധ്യാപനവും ഏകോപ്പിക്കുന്നതിനുവേണ്ട ഏർപ്പാടുണ്ടാക്കുക;

(xiv) ഈ ആക്റ്റോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റെഗുലേഷനുകളോ ചട്ടങ്ങളോ അല്ലെങ്കിൽ ബൈലാകളോമൂലം അതിനു നൽകാവുന്നതോ അതിന്റെമേൽ ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ പ്രയോഗിക്കുകയും മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

26. ഫാക്കൽറ്റികൾ.—(1) ** **

** ** ** **

(3) ഓരോ ഫാക്കൽറ്റിയും,—

(എ) ഫാക്കൽറ്റിയിൽ ഉൾക്കൊള്ളുന്ന പഠനബോർഡുകളുടെ ചെയർമാനും;

(ബി) ഓരോ പഠന ബോർഡിൽനിന്നും റൊട്ടേഷൻ അനുസരിച്ച് സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയിലേയോ, കോളേജുകളിലേയോ, സ്ഥാപനങ്ങളിലേയോ, അദ്ധ്യാപകരായ രണ്ട് അംഗങ്ങൾ;

(സി) റൊട്ടേഷൻ അനുസരിച്ച്, അദ്ധ്യാപകരുടെ ഇടയിൽനിന്നും സിൻഡിക്കേറ്റ് നാമിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാത്തതും പത്തിൽ കവിയാത്തതുമായ അംഗങ്ങൾ;

(ഡി) സർവ്വകലാശാലയ്ക്ക് പുറത്തുനിന്നും സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധജ്ഞാനമുള്ള രണ്ട് അംഗങ്ങൾ.

** ** ** **

28. <u>പഠന ബോർഡുകൾ</u>.—(1) സർവ്വകലാശാലയുടെ ഓരോ പഠന വകുപ്പിനോടും ചേർന്ന് ഒരു പഠന ബോർഡ് ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ഓരോ വകുപ്പിലേയും ബിരുദാനന്തര പഠനങ്ങൾക്ക് പ്രത്യേക പഠന ബോർഡുകൾ ഉണ്ടായിരിക്കാവുന്നതാണ്.

(1 എ) ഓരോ പഠനബോർഡിലും, താഴെപറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(എ) ഡിപ്പാർട്ടുമെന്റ് മേധാവി, അദ്ദേഹം അതിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) സർവ്വകലാശാലയിലേയും കോളേജുകളിലേയും അദ്ധ്യാപകരുടെ ഇടയിൽനിന്നും റൊട്ടേഷൻ അനുസരിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നത്രയും എണ്ണം അംഗങ്ങൾ;

(സി) വിദ്യാഭ്യാസരംഗത്തെ വിദഗ്ദ്ധരുടെ ഇടയിൽനിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്നത്രയും എണ്ണം അംഗങ്ങൾ.

(2) പഠനബോർഡുകളുടെ അധികാരങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

(3) പഠനബോർഡുകളിലെ അംഗങ്ങൾ അവർ ഉദ്യോഗമേല്ക്കുന്ന തീയതി മുതൽ മൂന്നു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കുന്നതാണ്.

** ** ** **

29. വിദ്യാർത്ഥി കൗൺസിൽ.—(1) ** **

(2) വിദ്യാർത്ഥി കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതായത്:—

എക്സ് ഒഫിഷ്യോ അംഗങ്ങൾ

** ** ** **

(ബി) സർവ്വകലാശാലാ യൂണിയൻ ചെയർമാൻ;

** ** ** **

30. വിദ്യാർത്ഥി കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥി കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) വിദ്യാർത്ഥികളുടെ വിദ്യാഭ്യാസപ്രവർത്തനത്തെ ബാധിക്കുന്ന കാര്യങ്ങളായ പഠനക്രമഘടനയും ബോധനരീതിയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളമുള്ള, സർവ്വകലാശാലയിലെ സാമാജികജീവിതവും സർവ്വകലാശാലയിലെ പഠനപദ്ധതിയോട് ചേർന്നതും പാഠ്യേതരവുമായ പ്രവർത്തനങ്ങളും പോലുള്ള കാര്യങ്ങളിൽ സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും ശുപാർശകൾ സമർപ്പിക്കുക;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കത്തെയോ അല്ലെങ്കിൽ ക്ഷേമത്തെയോ സംബന്ധിച്ച ചട്ടങ്ങൾ, കായിക വിനോദങ്ങൾ, സാഹിത്യപരവും മറ്റുമായ സംഘങ്ങളുടെ പ്രവർത്തനം,ഹോസ്റ്റലുകളുടെയും വിദ്യാർത്ഥി മന്ദിരങ്ങളുടെയും സ്ഥലത്ത് താമസിക്കാത്ത വിദ്യാർത്ഥികൾക്കായുള്ള കേന്ദ്രങ്ങളുടെയും നടത്തിപ്പ്, വികസനപരിപാടി, സാമൂഹ്യപരിപാടി, വിദ്യാർത്ഥികളുടെ ആരോഗ്യം, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർ എന്നിവയെയും, സ്റ്റാറ്റ്യൂട്ടുകളിൽ പ്രത്യേകം പറയപ്പെടാവുന്ന മറ്റു സംഗതികളെയും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും നിർദ്ദേശങ്ങൾ നൽകുക;

(സി) വിദ്യാർത്ഥികളെ സംബന്ധിച്ച ഏതെങ്കിലും കാര്യത്തെ സംബന്ധിച്ചും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിനും അതിന്റെ അഭിപ്രായങ്ങളും വീക്ഷണങ്ങളും ശുപാർശകളും അറിയിക്കുക:

എന്നാൽ, ഒരു കാര്യം വിദ്യാർത്ഥികളെ സംബന്ധിക്കുന്നതാണോ അല്ലയോ എന്ന് ഏതെങ്കിലും പ്രശ്നം ഉദിക്കുന്നെങ്കിൽ ആ പ്രശ്നം വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ തീരുമാനിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്;

(ഡി) വിദ്യാർത്ഥികളുടെ പൊതുവായ ക്ഷേമത്തിന് ആവശ്യമാകാവുന്ന നടപടികൾ എടുക്കുക;

(ഇ) ഈ ആക്റ്റോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റെഗുലേഷനുകളോ വഴി നൽകാവുന്നതോ ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ പ്രയോഗിക്കുകയും മറ്റ് ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക.

(2) വിദ്യാർത്ഥി കൗൺസിൽ ചെയ്തിട്ടുള്ള ശുപാർശകളും നിർദ്ദേശങ്ങളും അങ്ങനെയുള്ള ശുപാർശകളും നിർദ്ദേശങ്ങളും നൽകിയ അധികാരസ്ഥാനങ്ങൾ അവയിന്മേൽ എടുത്തിട്ടുള്ള നടപടികളും വിശദമാക്കുന്ന കാലിക റിപ്പോർട്ടുകളും അങ്ങനെയുള്ള ശുപാർശകളും നിർദ്ദേശങ്ങളും നൽകിയിട്ടുള്ള അധികാരസ്ഥാനങ്ങൾ യാതൊരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ സിൻഡിക്കേറ്റിന്റെ മുമ്പാകെ വയ്ക്കാൻ ഏർപ്പാടുചെയ്യേണ്ടതാണ്.

31. <u>ഫൈനാൻസ് കമ്മിറ്റി</u>.—(1) സർവ്വകലാശാലയെ സംബന്ധിക്കുന്ന ധനപരമായ ഏതെങ്കിലും പ്രശ്നത്തിനുപദേശം നൽകുന്നതിനായി ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കുന്നതാണ്.

(2) ഫൈനാൻസ് കമ്മിറ്റി താഴെപ്പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്നതാണ്, അതായത്:—

(എ) വൈസ്ചാൻസലർ, അദ്ദേഹം അതിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പ്രോ-വൈസ്ചാൻസലർ ഉണ്ടെങ്കിൽ അദ്ദേഹം;

(സി) സെനറ്റ് അംഗങ്ങൾ തങ്ങളുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം;

(ഡി) സിൻഡിക്കേറ്റ് അംഗങ്ങൾ അവരുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന മൂന്ന് അംഗങ്ങൾ- അവരിൽ രണ്ടുപേർ ഫാക്കൽറ്റികളുടെ ഡീൻമാരായിരിക്കേണ്ടതാണ്;

(ഇ) അക്കാഡമിക് കൗൺസിൽ അംഗങ്ങൾ തങ്ങളുടെ ഇടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു അംഗം;

(എഫ്) ഗവൺമെന്റിന്റെ ധനകാര്യവകുപ്പ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ജി) ഗവൺമെന്റ് ഉന്നത വിദ്യാഭ്യാസ സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

(3) ഫൈനാൻസ് ആഫീസർ ഫൈനാൻസ് കമ്മിറ്റിയുടെ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും അതിന്റെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതുൾപ്പെടെ ധനകാര്യങ്ങളിലുള്ള അതിന്റെ നടപടിയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്നതാണ്.

** ** ** **

34. അംഗത്വത്തിനുള്ള അയോഗ്യതകൾ.—

** ** ** **

(ബി) ബുദ്ധിസ്ഥിരതയില്ലാത്തയാളോ, ബധിരനോ മൂകനോ ആയ ആളോ; അല്ലെങ്കിൽ

** ** ** **

(ഡി) സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് ഏതെങ്കിലും നീതിന്യായ കോടതിയിൽ ശിക്ഷിക്കപ്പെട്ടയാളോ ; അല്ലെങ്കിൽ

യാതൊരാളും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗമായി തെരഞ്ഞെടുക്കപ്പെടുവാനോ, നാമനിർദ്ദേശം ചെയ്യപ്പെടുവാനോ, അല്ലെങ്കിൽ നിയമിക്കപ്പെടുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗമായി തുടരുവാനോ യോഗ്യനായിരിക്കുന്നതല്ല.

** ** ** **

36. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1) സിൻഡിക്കേറ്റിന് സ്വമേധയാ സ്റ്റാറ്റ്യൂട്ടിന്റെ കരട് ആലോചനയ്ക്കെടുക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ ഒരു സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നതിനു മുൻപ്, സിൻഡിക്കേറ്റ് അദ്ധ്യയനസംബന്ധമായ കാര്യങ്ങളിൽ ആവശ്യമുള്ളപക്ഷം അക്കാഡമിക് കൗൺസിലിന്റെ ഉപദേശം നേടുകയും അത് പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(2) അക്കാഡമിക് കൗൺസിലിന് ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ കരട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള കരട് സിൻഡിക്കേറ്റ് അതിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ്.

(3) അക്കാഡമിക് കൗൺസിൽ നിർദ്ദേശിച്ച കരട് സ്റ്റാറ്റ്യൂട്ട് സിൻഡിക്കേറ്റ് അംഗീകരിക്കുകയും പാസാക്കുകയും ചെയ്യുകയോ അല്ലെങ്കിൽ അത് തള്ളിക്കളയുകയോ സിൻഡിക്കേറ്റ് നിർദ്ദേശിക്കാവുന്ന ഭേദഗതികളോടൊപ്പം പൂർണ്ണമായോ ഭാഗികമായോ അതു പുനഃപരിശോധന ചെയ്യുന്നതിനായി അക്കാഡമിക് കൗൺസിലിലേക്ക് മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ സിൻഡിക്കേറ്റ് മടക്കി അയയ്ക്കുന്ന ഏതെങ്കിലും കരട് സിൻഡിക്കേറ്റ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ഭേദഗതികൾ സഹിതം അക്കാഡമിക് കൗൺസിൽ വീണ്ടും പരിഗണിച്ചശേഷം അത് അതിൻമേലുള്ള അക്കാഡമിക് കൗൺസിലിന്റെ റിപ്പോർട്ടോടുകൂടി വീണ്ടും സിൻഡിക്കേറ്റ് മുമ്പാകെ വയ്ക്കേണ്ടതും അതിനുശേഷം സിൻഡിക്കേറ്റിന് ഉചിതമെന്നു കരുതുന്നപ്രകാരം പ്രസ്തുത കരട് കൈകാര്യം ചെയ്യാവുന്നതുമാണ്.

(5) സിൻഡിക്കേറ്റ് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസാക്കുന്നിടത്ത്, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും ചാൻസലർ സ്റ്റാറ്റ്യൂട്ട് വീണ്ടും പരിഗണിക്കുന്നതിലേക്ക് സിൻഡിക്കേറ്റിലേക്ക് റഫർ ചെയ്യുകയോ അല്ലെങ്കിൽ അതിന് അനുമതി നൽകുകയോ അല്ലെങ്കിൽ തന്റെ അനുമതി തടഞ്ഞുവയ്ക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, സിൻഡിക്കേറ്റ് പാസാക്കിയതും സർവ്വകലാശാല ഫണ്ടിൽ നിന്നും ചെലവുവരുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ട് അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി സർക്കാരിന് സമർപ്പിക്കേണ്ടതും അതിൻമേലുള്ള സർക്കാരിന്റെ അഭിപ്രായത്തോടുകൂടി അതു ചാൻസലർക്ക് അയയ്ക്കേണ്ടതുമാണ്.

(6) സിൻഡിക്കേറ്റ് പാസ്സാക്കുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലറുടെ അനുമതി ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനത്തിന്റെ പദവിയോ അധികാരങ്ങളോ അല്ലെങ്കിൽ സംവിധാനത്തെയോ ബാധിക്കുന്ന സ്റ്റാറ്റ്യൂട്ടിന്റെയോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടിനുള്ള ഭേദഗതിയുടെയോ കരട് അങ്ങനെയുള്ള നിർദ്ദേശം സംബന്ധിച്ച് അങ്ങനെയുള്ള അധികാരസ്ഥാനത്തിന് അഭിപ്രായം പ്രകടിപ്പിക്കുന്നതിന് അവസരം നൽകുന്നതുവരെ, നിർദ്ദേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രകടിപ്പിക്കുന്ന ഏതഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും സിൻഡിക്കേറ്റ് അത് പരിഗണിക്കേണ്ടതുമാണ്.

(8) സ്വകാര്യ കോളേജുകളുടെ സംയോജനം സംബന്ധിച്ച ഉപാധികളോ നടപടിക്രമമോ വ്യവസ്ഥ ചെയ്യുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയല്ലാതെ സിൻഡിക്കേറ്റ് പാസ്സാക്കാൻ പാടുള്ളതല്ല.

** ** ** **

46. സർവ്വകലാശാലാ ഫണ്ട്.—(1) ** **

(2) മഹാത്മാഗാന്ധി സർവ്വകലാശാല ഫണ്ടിലുള്ള എല്ലാ പണവും സർക്കാർ ഖജനാവിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ സബ്സിഡിയറികളിലോ സർക്കാർ നിശ്ചയിക്കാവുന്ന പരിധി വരെ സൂക്ഷിക്കേണ്ടതാണ്.

** ** ** **

52. സർവ്വകലാശാലയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നത്.—(1)

** ** ** **

(8) ഈ വകുപ്പിൻകീഴിൽ ആഡിറ്റർമാരുടെ ഒരു റിപ്പോർട്ട് പരിഗണിക്കുമ്പോൾ സർക്കാരിന്, അങ്ങനെ ചെയ്യുന്നത് ആവശ്യമാണെന്ന് തോന്നുന്നെങ്കിൽ നിർദ്ദേശത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള കാലയളവിനുള്ളിൽ (7)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പാലിക്കാൻ സർവ്വകലാശാലയോട് നിർദ്ദേശിക്കാവുന്നതും സർവ്വകലാശാല അങ്ങനെയുള്ള നിർദ്ദേശം പാലിക്കേണ്ടതുമാണ്.

** ** ** **

55. <u>കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ കോളേജുകൾക്കുവേണ്ടിയുള്ള മാനേജിംഗ് കൗൺസിൽ</u>.— (1) ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് അതിന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്വകാര്യ കോളേജുകൾക്കും വേണ്ടി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു മാനേജിംഗ് കൗൺസിൽ സംവിധാനം ചെയ്യേണ്ടതാണ്, അതായത്:-

(എ) സ്വകാര്യ കോളേജുകളുടെ മാനേജർ;

(ബി) സ്റ്റാറ്റ്യൂട്ടുകൾ വഴി നിർണ്ണയിക്കാവുന്ന പ്രകാരമുള്ള മുറയനുസരിച്ച് ഒരു പ്രിൻസിപ്പാൾ;

(സി) അക്കാര്യത്തിനായി സ്റ്റാറ്റ്യൂട്ടുകളിലുള്ള വ്യവസ്ഥകളനുസരിച്ച് സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഡിഡി) സ്ഥിരം അദ്ധ്യാപകരിൽനിന്നും റൊട്ടേഷൻ അനുസരിച്ച് സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പേർ- അവരിൽ ഒരാൾ <u>പത്തു</u> വർഷമോ

അതിൽ അധികമോ സർവ്വീസ് ഉള്ളവരിൽനിന്നും, മറ്റേ ആൾ പത്തു വർഷത്തിനുതാഴെ സർവ്വീസ് ഉള്ളവരിൽനിന്നും ആയിരിക്കേണ്ടതാണ്;

(ഇ) xxx

(എഫ്) xxx

(ജി) xxx

(എച്ച്) കോർപ്പറേറ്റ് മാനേജ്മെന്റ് നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ചിൽ കവിയാത്ത ആളുകൾ;

(2) സ്വകാര്യ കോളേജുകളുടെ മാനേജർ, മാനേജിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലേയും അതിൻകീഴിലുണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും റെഗുലേഷനുകളിലേയും ചട്ടങ്ങളിലേയും ബൈലാകളിലേയും ഉത്തരവുകളിലേയും വ്യവസ്ഥകൾ അനുസരിച്ച് സ്വകാര്യ കോളേജുകളുടെ ഭരണത്തെ സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും കോർപ്പറേറ്റ് മാനേജ്മെന്റിനെ ഉപദേശിക്കേണ്ടത് മാനേജിംഗ് കൗൺസിലിന്റെ ചുമതലയായിരിക്കുന്നതാണ്.

(4) യോഗങ്ങളിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് കൗൺസിൽ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

** ** ** **

59. <u>സ്വകാര്യ കോളജുകളിൽ അദ്ധ്യാപകരുടെ നിയമനം</u>.—(1) സർക്കാരിൽ നിന്നും ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികകളിലേക്കുള്ള നിയമനം, സർക്കാരോ, അഥവാ സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, അനുവദിച്ചിട്ടുള്ള തസ്തികകളിലേക്ക് മാത്രമേ നടത്താൻ പാടുള്ളൂ.

** ** ** **

(9) ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും നിയമനംവഴി സങ്കടമുള്ള ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിന് മുൻപാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

63. <u>സ്വകാര്യ കോളേജുകളിലെ അദ്ധ്യാപകരുടെമേൽ വിദ്യാഭ്യാസ ഏജൻസിക്കുള്ള ശിക്ഷണാധികാരം</u>.—(1) ** ***

** ** ** **

(3) സ്വകാര്യ കോളേജിലെ ഒരദ്ധ്യാപകനെ പതിനഞ്ചു ദിവസത്തിൽ കൂടുതൽ കാലയളവിലേക്ക് സസ്പെൻഡ് ചെയ്യുമ്പോൾ ആ സംഗതി സസ്പെൻഷനുള്ള കാരണങ്ങളോടൊപ്പം വൈസ് ചാൻസലർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **

66. <u>തദ്ദേശാധികാര സ്ഥാനങ്ങൾ മുതലായവയുടെ അംഗത്വം</u>.—ഒരു തദ്ദേശാധികാര സ്ഥാനത്തിലെയോ അല്ലെങ്കിൽ സംസ്ഥാന നിയമസഭയിലെയോ അല്ലെങ്കിൽ പാർലമെന്റിലെയോ അംഗമായി തെരഞ്ഞെടുക്കപ്പെടുകയോ അല്ലെങ്കിൽ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്തു എന്ന കാരണത്താൽമാത്രം ഒരു സ്വാകര്യ കോളേജ് അദ്ധ്യാപകനെ അങ്ങനെ അദ്ധ്യാപകനായി തുടരുന്നതിൽനിന്നും അയോഗ്യനാക്കാൻ പാടുള്ളതല്ല.

** ** ** **

89. പരീക്ഷകളിൽ ക്രമക്കേടുകൾ കാണിക്കുന്ന അദ്ധ്യാപകർക്കുള്ള ശിക്ഷ.—

(എ) സർവ്വകലാശാല നടത്തുന്ന ഒരു പരീക്ഷയിൽ ഏതെങ്കിലും പരീക്ഷാർത്ഥിയെ അങ്ങനെയുള്ള പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേട് കാണിക്കാൻ മൗനാനുവാദം നൽകുകയോ, അല്ലെങ്കിൽ സഹായിക്കുകയോ അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ഏതെങ്കിലും പരീക്ഷയിൽ, പരിശോധിച്ച്, മാർക്കിടാൻ തനിക്കു നൽകിയ പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ച് മാർക്കിടാനും അവ തിരിച്ചുകൊടുക്കുവാനും കാലതാമസം വരുത്തുകയോ ചെയ്യുന്ന സംയോജിപ്പിക്കപ്പെട്ട ഒരു കോളേജിലെ ഏതെങ്കിലും അദ്ധ്യാപകനോ, അല്ലെങ്കിൽ സർവ്വകലാശാലയിലെ അദ്ധ്യാപകനോ, അയാൾക്കെതിരായി എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്കു ഭംഗം വരാതെ കൂടിയശിക്ഷ ചുമത്തപ്പെടാനുള്ള ശിക്ഷണനടപടിക്കു അർഹനായിരിക്കുന്നതാ ണ്.

** ** ** **

## അദ്ധ്യായം IX

## സ്വയംഭരണ കോളേജുകൾ

103. <u>സ്വയംഭരണ അംഗീകാര സമിതി</u>.—(1) സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്.—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ് ;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് ;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ് ചാൻസലർമാർ ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി ;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി ;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് .

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാരസമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതു സംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ എൽപ്പിച്ചുകൊടുക്കാവുന്നതാണ് ;

എന്നാൽ, സർക്കാരിന്, ഏത് സമയത്തും, അങ്ങനെ ഏൽപ്പിച്ചു കൊടുത്തത്, ഗസറ്റ് വിജ്ഞാപനം വഴി, പിൻവലിക്കാവുന്നതാണ്.

** ** ** **

121. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

# 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (1994-ലെ 5)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ഡബ്ല്യു) "വൈസ്ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ്ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

9. പ്രോചാൻസലർ.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതല വഹിക്കുന്ന മന്ത്രി, തന്റെ ഉദ്യോഗം ഹേതുവായി, സർവകലാശാലയുടെ പ്രോചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത സമയത്തോ, പ്രോചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ ചുമതലകളും നിറവേറ്റേണ്ടതുമാണ്.

(3) ചാൻസലർ രേഖാമൂലമുള്ള ഉത്തരവുമൂലം പ്രോചാൻസലറെ ഏൽപ്പിച്ചുകൊടുക്കുന്ന അപ്രകാരമുള്ള ചാൻസലറുടെ അധികാരങ്ങളും ചുമതലകളും കൂടി പ്രോചാൻസലർ വിനിയോഗിക്കുകയോ നിർവഹിക്കുകയോ ചെയ്യേണ്ടതും അങ്ങനെയുള്ള ഏൽപ്പിച്ചു കൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും, വ്യവസ്ഥകൾക്കും വിധേയമായിരിക്കുന്നതുമാണ്.

** ** ** **

12. സിൻഡിക്കേറ്റ്.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ നിർവ്വഹണാധികാര സ്ഥാനമായിരിക്കുന്നതും, അത് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്നതുമായിരിക്കും, അതായത്:—

എക്സ് ഒഫിഷ്യോ അംഗങ്ങൾ

** ** ** **

(iv) ധനകാര്യവകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ധനകാര്യവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ.

തിരഞ്ഞെടുക്കപ്പെട്ട അംഗം

കേരള നിയമസഭാംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും നാല് വർഷക്കാലത്തേക്ക് തിരഞ്ഞെടുത്ത ഒരംഗം:

എന്നാൽ, അങ്ങനെയുള്ള ഒരംഗം, നിയമസഭാംഗം അല്ലാതായിത്തീർന്ന ശേഷം അദ്ദേഹം വീണ്ടും ഒരു നിയമസഭാംഗം ആയിത്തീരാത്തപക്ഷം മൂന്നുമാസത്തിൽ കൂടുതൽ കാലയളവിൽ, ഔദ്യോഗികസ്ഥാനം വഹിക്കാൻ പാടില്ലാത്തതാണ്.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i) ഒരിക്കൽ നാല് വർഷക്കാലയളവിലേക്ക് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, സംസ്കൃതം, ഭാരതീയ ചരിത്രസാഹിത്യാദികൾ സംബന്ധിച്ച പഠനം, ഭാരതീയ തത്വജ്ഞാനം, ഏതെങ്കിലും ഭാരതീയ ഭാഷ എന്നിവയെ പ്രതിനിധാനം ചെയ്യുന്ന നാല് പ്രഗൽഭ പണ്ഡിതൻമാർ;

(ii) നാല് വർഷക്കാലയളവിലേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നുള്ള വിദ്യാഭ്യാസ വിദഗ്ധരോ പ്രഗൽഭരായ വിദ്യാഭ്യാസ വിചക്ഷണരോ ആയ ഏഴ് പേർ അവരിൽ മൂന്ന് പേർ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകരായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതി/ പട്ടികഗോത്രവർഗ്ഗത്തിൽനിന്നുള്ള ആളും ഒരാൾ വനിതയും ആയിരിക്കേണ്ടതുമാണ്;

(iii) ഒരു വർഷക്കാലത്തേക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, സർവ്വകലാശാലയിലേയോ സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെയോ/സെന്ററുകളിലെയോ പ്രശംസാർഹമായ അക്കാഡമിക് മികവ് പുലർത്തുന്ന ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥി;

(iv) ഊഴമനുസരിച്ച് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫാക്കൽറ്റി ഡീൻ;

(v) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന അംഗം:

എന്നാൽ "നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ചാൻസലറോ സർക്കാരോ നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ അംഗങ്ങൾക്ക് ചാൻസലർക്കോ സർക്കാരിനോ, അതതു സംഗതിപോലെ, ഇഷ്ടമുള്ളിടത്തോളം കാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

** ** ** **

14. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങളും ചുമതലകളും</u>.—(1) ** **

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(വൈ) സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളും ഉണ്ടാക്കുന്നതിനുള്ള അധികാരം ഒഴികെ സിൻഡിക്കേറ്റിന്റെ ഏതെങ്കിലും അധികാരങ്ങൾ വൈസ് ചാൻസലർക്ക് താൽക്കാലികമായോ സ്ഥിരമായോ ഏൽപ്പിച്ചുകൊടുക്കുക;

** ** ** **

16. അക്കാഡമിക് കൗൺസിൽ.—(1) ** **

** ** ** **

(3) അക്കാഡമിക് കൗൺസിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്നതായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

<u>തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>

ഓരോ ഫാക്കൽറ്റിയേയും പ്രതിനിധീകരിച്ചുകൊണ്ട് ആ ഫാക്കൽറ്റിയിലെ അംഗങ്ങൾ തങ്ങൾക്കിടയിൽ നിന്നും ഒരു മൂന്നുവർഷക്കാലയളവിലേക്ക് തിരഞ്ഞെടുത്ത, ഡീനോ വകുപ്പുതലവനോ അല്ലാത്ത, ഓരോ അദ്ധ്യാപകൻ.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) ഒരിക്കൽ ഒരു വർഷക്കാലയളവിലേക്ക് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ബിരുദാനന്തര വിദ്യാർത്ഥിയും ഒരു ഗവേഷണ വിദ്യാർത്ഥിയും;

(ii) ചാൻസിലർ ഒരു സമയം മൂന്നുവർഷക്കാലയളവിലേക്ക് നാമനിർദേശം ചെയ്യുന്ന സംസ്കൃതം, ഭാരതീയചരിത്രാദികൾ, ഭാരതീയ തത്വജ്ഞാനം, ഭാരതീയ ഭാഷകൾ എന്നിവയിലെ, ഒരു സ്ത്രീയും ഉൾപ്പെടുന്ന അഞ്ച് പ്രഗൽഭ പണ്ഡിതന്മാർ.

** ** ** **

17. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും</u>.—(1) ** **

(2) ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(സി) റഗുലേഷനുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ പരിഷ്കരിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

** ** ** **

18. <u>അക്കാഡമിക് കൗൺസിലിന്റെ യോഗങ്ങൾ</u>.—(1) വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതികളിൽ, ആറ് മാസത്തിൽ ഒരിക്കലെങ്കിലും അക്കാഡമിക് കൗൺസിൽ യോഗം ചേരേണ്ടതാണ്.

(2) അക്കാഡമിക് കൗൺസിലിന്റെ ആകെ അംഗസംഖ്യയുടെ നാലിലൊന്ന് ഒരു യോഗത്തിന്റെ കോറം ആയിരിക്കുന്നതാണ്.

(3) വൈസ്-ചാൻസലറോ, അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ പ്രോ-വൈസ് ചാൻസലറോ, ഈ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ ഹാജരായിട്ടുള്ള അംഗങ്ങൾ തങ്ങൾക്കിടയിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരംഗമോ അക്കാഡമിക്ക് കൗൺസിലിന്റെ യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

** ** ** **

21. <u>ഫൈനാൻസ് കമ്മിറ്റി</u>:—(1) സർവ്വകലാശാലയ്ക്ക് താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:-

(i) വൈസ് ചാൻസലർ;

(ii) ധനകാര്യവകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്ത ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iii) ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്ത ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) പ്രോ-വൈസ്-ചാൻസലർ;

(v) രജിസ്ട്രാർ.

(2) ഫൈനാൻസ് കമ്മിറ്റിയ്ക്ക് താഴെ പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്.—

(എ) കാലാകാലങ്ങളിൽ സർവ്വകലാശാലയുടെ ധനസ്ഥിതി പുനരവലോകനം ചെയ്യുകയും സർവ്വകലാശാലയുടെ ധനപരമായ എല്ലാ കാര്യങ്ങളിലും സിൻഡിക്കേറ്റിനും ശുപാർശകൾ നൽകുകയും ചെയ്യുക;

(ബി) സർവ്വകലാശാലയുടെ വാർഷിക ബജറ്റ് എസ്റ്റിമേറ്റുകൾ പരിശോധിക്കുകയും അതിൻമേൽ സിൻഡിക്കേറ്റിന് ഉപദേശം നൽകുകയും ചെയ്യുക;

(സി) ബജറ്റിൽ വിഭാവനം ചെയ്തിട്ടില്ലാത്തതോ അഥവാ ബജറ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ കവിഞ്ഞതോ ആയ ചെലവ് ഉൾപ്പെട്ട എല്ലാ നിർദ്ദേശങ്ങളിൻമേലും സിൻഡിക്കേറ്റിന് ശുപാർശകൾ നൽകുക;

(ഡി) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടേയ്ക്കാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുക.

** ** ** **

26. <u>വൈസ് ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1)

** ** ** **

(7) സിൻഡിക്കേറ്റോ അക്കാഡമിക് കൗൺസിലോ സമ്മേളനത്തിലല്ലാതെ ഏതൊരു സമയത്തും, സിൻഡിക്കേറ്റിലോ അക്കാഡമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗം ഉൾക്കൊള്ളുന്ന നടപടി സത്വരമായി താൻ എടുക്കേണ്ടതായ ഒരു അടിയന്തിര പരിതഃസ്ഥിതി സംജാതമായിട്ടുണ്ടെന്ന് വൈസ് ചാൻസലർക്ക് ബോദ്ധ്യമാകുന്നപക്ഷം, ഉചിതമെന്ന് അദ്ദേഹത്തിന് തോന്നുന്ന പ്രകാരമുള്ള നടപടി എടുക്കാവുന്നതും അങ്ങനെ എടുത്ത നടപടി ബന്ധപ്പെട്ട അധികാരസ്ഥാനത്തിന്റെ അടുത്ത യോഗത്തിൽ അംഗീകാരത്തിനായി റിപ്പോർട്ട് ചെയ്യേണ്ടതും, വൈസ് ചാൻസലർ എടുത്ത നടപടി അങ്ങനെയുള്ള അധികാരസ്ഥാനം അംഗീകരിക്കാത്തപക്ഷം, ആ സംഗതി അദ്ദേഹം ചാൻസലർക്ക് റഫർ ചെയ്യേണ്ടതും അതിൻമേലുള്ള ചാൻസലറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

** ** ** **

27. പ്രോ-വൈസ്-ചാൻസലർ.— (1) ചാൻസലർ, പ്രോ-ചാൻസലർ സമർപ്പിച്ച പാനലിൽ നിന്നും പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) നിയമനസമയത്ത് പ്രോ-വൈസ്-ചാൻസലർക്ക് അറുപത്തഞ്ച് വയസ് പൂർത്തിയായിരിക്കാൻ പാടില്ലാത്തതാകുന്നു.

(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്.

(4) പ്രോ-വൈസ്-ചാൻസലർ, താൻ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതും, പുനർ നിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

(5) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന ഉപാധികളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടേക്കാവുന്ന വിധത്തിലായിരിക്കേണ്ടതാണ്.

(6) ചാൻസലർ, ആക്റ്റിലെയും, സ്റ്റാറ്റ്യൂട്ടുകളിലെയും, ഓർഡിനൻസുകളിലെയും, റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കു വിധേയമായി, വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും തീരുമാനിക്കേണ്ടതാണ്.

** ** ** **

31. അദ്ധ്യാപകരുടേയും ആഫീസർമാരുടേയും സ്റ്റാഫിന്റേയും നിയമനം.– (1) സർവ്വകലാശാലയിലെ അദ്ധ്യാപകരേയും ആഫീസർമാരേയും മറ്റു ജീവനക്കാരേയും ഈ ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന രീതിയിൽ രൂപീകരിച്ചിട്ടുള്ള അനുയോജ്യമായ സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശത്തിന്മേൽ വൈസ് ചാൻസലർ നിയമിക്കേണ്ടതാണ്.

** ** ** **

38. അക്കൗണ്ടുകളും ആഡിറ്റും.—(1)

** ** ** **

(10) സർവകലാശാലയുടെ ആഡിറ്റു ചെയ്യപ്പെട്ട കണക്കുകൾ അച്ചടിപ്പിക്കേണ്ടതും അതിന്റെ പകർപ്പുകൾ, ആഡിറ്റു റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടിന്മേൽ സർവ്വകലാശാല കൈക്കൊണ്ട നടപടി സംബന്ധിച്ച ഒരു പ്രസ്താവനയും സഹിതം, വൈസ് ചാൻസലർ സിൻഡിക്കേറ്റിനും ഗവൺമെന്റിനും ചാൻസലർക്കും നൽകേണ്ടതും ഗവൺമെന്റ് അതിന്റെ ഒരു പകർപ്പ് നിയമസഭ മുൻപാകെ വയ്പിക്കേണ്ടതുമാണ്.

** ** ** **

40. സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—(1)

** ** ** **

(4) സ്റ്റാറ്റ്യൂട്ടിന്, ഭേദഗതി ചെയ്തപ്രകാരമോ അല്ലാതെയോ ചാൻസലർ അനുമതി നൽകേണ്ടതാണ്.

** ** ** **

47. വിദ്യാർത്ഥിക്ഷേമ ഡയറക്ടർ.—രജിസ്ട്രാർ സർവ്വകലാശാലയുടെ എക്സ് ഒഫിഷ്യോ വിദ്യാർത്ഥിക്ഷേമ ഡയറക്ടർ ആയിരിക്കുന്നതാണ്.

** ** ** **

52. വാർഷിക റിപ്പോർട്ട്.—(1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് വൈസ് ചാൻസലറുടെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും ഭേദഗതികളോടുകൂടിയോ അല്ലാതെയോ സിൻഡിക്കേറ്റ് അത് അംഗീകരിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട്, സിൻഡിക്കേറ്റ് അക്കാഡമിക് കൗൺസിലിന്റെ മുൻപാകെ അതിന്റെ തൊട്ടടുത്ത യോഗത്തിൽ വയ്ക്കേണ്ടതും അക്കാഡമിക് കൗൺസിലിന് അതിന്റെ അഭിപ്രായം പ്രകടിപ്പിക്കാവുന്നതും വാർഷിക റിപ്പോർട്ടിൻമേലുള്ള അതിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതുമാണ്.

(3) വാർഷിക റിപ്പോർട്ട് അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് ശേഷം, ആവശ്യമെന്നു തോന്നുന്ന അപ്രകാരമുള്ള അഭിപ്രായങ്ങൾ സഹിതം വൈസ് ചാൻസലർ ഗവൺമെന്റിന് അയച്ചു കൊടുക്കേണ്ടതാണ്.

(4) (3)-ാം ഉപവകുപ്പുപ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ഗവൺമെന്റ്, ഉടൻതന്നെ, ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള അഭിപ്രായങ്ങളും നിരീക്ഷണങ്ങളും സഹിതം, അത് നിയമസഭ സമ്മേളനത്തിലാണെങ്കിൽ, സഭയുടെ മേശപ്പുറത്ത് വയ്പിക്കേണ്ടതും, സഭ സമ്മേളനത്തിലല്ലായെങ്കിൽ, അപ്രകാരം ലഭിച്ചതിനു ശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പിക്കേണ്ടതുമാണ്.

** ** ** **

# 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്ടിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1996-ലെ 22)

** ** ** **

2. നിർവ്വചനങ്ങൾ.—ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(xxxiii) "വൈസ്-ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

** ** ** **

8. പ്രോ-ചാൻസലർ.—(1) തൽസമയം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വിഷയം കൈകാര്യം ചെയ്യുന്ന മന്ത്രി സർവ്വകലാശാലയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ, അദ്ദേഹത്തിനു പ്രവർത്തിക്കുവാൻ കഴിയാതിരിക്കുമ്പോഴോ പ്രോ-ചാൻസലർ ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കുകയും എല്ലാ ചുമതലകളും നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

** ** ** **

11. വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1)സിൻഡിക്കേറ്റോ, അക്കാഡമിക് കൗൺസിലോ, സമ്മേളിച്ചിരിക്കുമ്പോൾ ഒഴികെ, ഏതുസമയത്തും, വൈസ്-ചാൻസലർക്ക് ഈ ആക്റ്റ്പ്രകാരമോ അതിൻകീഴിലോ, സിൻഡിക്കേറ്റിലോ അക്കാഡമിക് കൗൺസിലിലോ നിക്ഷിപ്തമായ ഏതെങ്കിലും അധികാരത്തിന്റെ വിനിയോഗം ഉൾക്കൊള്ളുന്ന സത്വരനടപടി താൻ എടുക്കേണ്ട ഒരു അടിയന്തിരഘട്ടം സംജാതമായിട്ടുണ്ടെന്നു വൈസ്-ചാൻസർക്ക് ബോദ്ധ്യമായാൽ അദ്ദേഹത്തിന് യുക്തമെന്നു തോന്നുന്ന നടപടി എടുക്കാവുന്നതും, അതതു സംഗതിപോലെ, സിൻഡിക്കേറ്റിന്റെയോ അല്ലെങ്കിൽ അക്കാഡമിക് കൗൺസിലിന്റെയോ അടുത്ത സമ്മേളനത്തിൽ താൻ എടുത്ത നടപടി, പ്രസ്തുത അധികാരസ്ഥാനത്തിന് ആവശ്യമെന്നു കരുതാവുന്ന പ്രകാരമുള്ള നടപടിക്കുവേണ്ടി റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

** ** ** **

13. പ്രോ-വൈസ്-ചാൻസലർ.—(1) ചാൻസലർക്ക്, വൈസ്-ചാൻസലറുമായി കൂടിയാലോചിച്ച് പ്രോ-വൈസ്-ചാൻസലറെ നിയമിക്കേണ്ടതാണ്.

(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല.

(3) പ്രോ-വൈസ്-ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതാണ്.

(4) പ്രോ-വൈസ്ചാൻസലർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതും പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

(5) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും ചാൻസലർ നിശ്ചയിക്കാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(6) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും, ഓർഡിനൻസുകളിലെയും, റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും ചുമതലകളും, വൈസ്-ചാൻസലറുമായി ആലോചിച്ച്, ചാൻസലർ തീരുമാനിക്കേണ്ടതാണ്.

** ** ** **

19. സെനറ്റ്.—സെനറ്റ്, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

** ** ** **

മറ്റ് അംഗങ്ങൾ

** ** ** **

(iii) വിദ്യാർത്ഥികളിൽ നിന്നും ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന നാലംഗങ്ങൾ, അവരിൽ ഒരാൾ, മാനവിക വിഷയങ്ങളിൽ ശ്രദ്ധേയമായ കഴിവുള്ളയാളും, ഒരാൾ ശാസ്ത്ര വിഷയത്തിൽ ശ്രദ്ധേയമായ അക്കാഡമിക് കഴിവുള്ളയാളും, ഒരാൾ കായിക വിനോദങ്ങളിൽ ശ്രദ്ധേയമായ കഴിവുള്ളയാളും, ഒരാൾ ലളിതകലകളിൽ ശ്രദ്ധേയമായ കഴിവുള്ളയാളും ഒരാൾ ഒരു കാമ്പസിലെയോ ഒരു സർവ്വകലാശാല വകുപ്പിലെയോ ഒരു

വിദ്യാർത്ഥിയും, മറ്റൊരാൾ ഒരു അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജിലെ ഒരു വിദ്യാർത്ഥിയും ആയിരിക്കേണ്ടതാണ്.

** ** ** **

20. സെനറ്റിന്റെ പുനഃസംഘടന.—(1)

** ** ** **

(7) ഒരാൾ സെനറ്റിലെ ഒരംഗമല്ലാതായിത്തീരുന്നതോടുകൂടി സെനറ്റിലെ അംഗത്വത്തിന്റെ ബലത്തിൽ അദ്ദേഹം അംഗമാകാനിടയായ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളിൽ യാതൊന്നിലും അംഗമല്ലാതായിത്തീരുന്നതാണ്.

21. <u>സെനറ്റിന്റെ അധികാരങ്ങളും ചുമതലകളും</u>.—ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തപ്രകാരമൊഴികെ സെനറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

** ** ** **

(ഡി) ഉപദേശത്തിനായി അതിന് റഫർ ചെയ്തേക്കാവുന്ന ഏതൊരു വിഷയത്തെ സംബന്ധിച്ചും ചാൻസലറെ ഉപദേശിക്കുക;

** ** ** **

23. <u>സിൻഡിക്കേറ്റ്</u>.—സിൻഡിക്കേറ്റ് സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതിയായിരിക്കുന്നതും, അത് താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതുമാണ്, അതായത്:—

<u>എക്സ്-ഓഫിഷ്യോ അംഗങ്ങൾ</u>

(എ) വൈസ്-ചാൻസിലർ;

(ബി) പ്രോ-വൈസ്-ചാൻസിലർ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന, ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(ഡി) ധനകാര്യവകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ഒരു ഉദ്യോഗസ്ഥൻ ;

(ഇ) വിവര സാങ്കേതിക വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(എഫ്) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ.

<u>മറ്റ് അംഗങ്ങൾ</u>

(എ) *****;

(ബി) ചാൻസിലർ, റൊട്ടേഷൻ വഴി നാമനിർദ്ദേശം ചെയ്യുന്ന ഫാക്കൽറ്റികളിലെ മൂന്ന് ഡീനുകൾ;

(സി) സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പ്രിൻസിപ്പൽമാർ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അദ്ധ്യാപകർ, അവരിൽ ഒരാൾ സർവ്വകലാശാലാ വകുപ്പിൽ നിന്നും രണ്ട് പേർ അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുമായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതി/പട്ടികഗോത്രവർഗ്ഗത്തിൽ നിന്നുമായിരിക്കേണ്ടതുമാണ്;

(ഇ) ഉന്നത വിദ്യാഭ്യാസ മേഖലയിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറിൽ കവിയാത്ത വിദഗ്ദ്ധർ, അവരിൽ ഒരാൾ വനിതയായിരിക്കേണ്ടതാണ്:

എന്നാൽ, "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ചാൻസലറോ സർക്കാരോ നാമനിർദ്ദേശം ചെയ്യുന്ന സിൻഡിക്കേറ്റിലെ അംഗങ്ങൾക്ക് ചാൻസലർക്കോ സർക്കാരിനോ, അതതു സംഗതിപോലെ, ഇഷ്ടമുള്ളിടത്തോളംകാലം തങ്ങളുടെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്.

(എഫ്) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നിർവ്വാഹക സമിതി അതിലെ അംഗങ്ങളിൽ നിന്നും നാമനിർദ്ദേശം ചെയ്ത അംഗം;

(ജി) 19-ാം വകുപ്പിലെ "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (xi)-ാം ഇനത്തിലെ അംഗങ്ങൾക്കിടയിൽനിന്നും സെനറ്റ് തെരഞ്ഞെടുത്ത ഒരംഗം.

24. <u>സിൻഡിക്കേറ്റ് അംഗങ്ങളുടെ ഉദ്യോഗ കാലാവധി</u>.—(1) എക്സ്-ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള സിൻഡിക്കേറ്റംഗങ്ങൾ, അവരുടെ നാമനിർദ്ദേശ തീയതി മുതൽ 4 വർഷക്കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

എന്നാൽ ഒരു പ്രത്യേക നികായത്തിലെ അംഗമെന്ന നിലയിലോ, ഒരു പ്രത്യേക ഉദ്യോഗം വഹിക്കുന്ന ആളെന്ന നിലയിലോ നാമനിർദ്ദേശം ചെയ്യപ്പെടുന്ന യാതൊരാളും, അദ്ദേഹം അങ്ങനെയുള്ള അംഗമായിരിക്കുകയോ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നത് അവസാനിച്ചശേഷം മൂന്ന് മാസത്തിൽ കൂടുതലല്ലുള്ള ഒരു കാലയളവിൽ, അതിനിടയിൽ അദ്ദേഹം വീണ്ടും ആ നികായത്തിലെ ഒരംഗമാകുകയോ ആ ഉദ്യോഗം വഹിക്കുന്ന ആളാവുകയോ ചെയ്യാത്തപക്ഷം, സിൻഡിക്കേറ്റിലെ അംഗമായിരിക്കാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, എക്സ്-ഒഫിഷ്യോ അംഗമൊഴികെയുള്ള, ഒരംഗം തന്റെ കാലാവധി അവസാനിച്ചിരുന്നാൽ കൂടി, തന്റെ പിൻഗാമിയെ നാമനിർദ്ദേശം ചെയ്യുന്നതുവരെ ആ ഉദ്യോഗം തുടർന്നും വഹിക്കേണ്ടതാണ്:

എന്നുതന്നെയുമല്ല, എക്സ്-ഒഫിഷ്യോ അംഗമൊഴികെയുള്ള യാതൊരാൾക്കും തുടർച്ചയായ രണ്ട് കാലാവധികളിൽ കൂടുതൽ ഉദ്യോഗം വഹിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ ഒന്നാം ക്ലിപ്തനിബന്ധനയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 23-ാം വകുപ്പിലെ " മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (സി) ഇനത്തിലോ (ഡി) ഇനത്തിലോ പരാമർശിക്കപ്പെട്ട സിൻഡിക്കേറ്റിലെ ഒരു അംഗം,—

(എ) സംസ്ഥാനത്തിനകത്ത് സർവ്വകലാശാലയുടെ പ്രാദേശികാതിർത്തിക്ക് വെളിയിൽ സ്ഥിതിചെയ്യുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിലേക്ക് അദ്ദേഹത്തെ സ്ഥലം മാറ്റിയെന്നോ; അല്ലെങ്കിൽ

(ബി) താൻ ഒരു പ്രിൻസിപ്പൽ ആയിരിക്കുകയോ ഒരദ്ധ്യാപകനായിരിക്കുകയോ ചെയ്യുന്ന കോളേജ് മറ്റൊരു സർവ്വകലാശാലയിലേക്ക് മാറ്റിയെന്നോ; അല്ലെങ്കിൽ

(സി) ഒരദ്ധ്യാപകന്റെ സംഗതിയിൽ, അദ്ദേഹത്തിന് പ്രിൻസിപ്പലായി ഉദ്യോഗക്കയറ്റം നൽകിയെന്നോ ഉള്ള കാരണത്താൽ മാത്രം അങ്ങനെയുള്ള അംഗമല്ലാതായിത്തീരുന്നതല്ല.

** ** ** **

25. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ</u>.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാല സ്ഥാപനങ്ങളിൻമേലുള്ള സാമാന്യ

മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ, സർവ്വകലാശാലയുടെ ഭരണനിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അങ്ങനെയുള്ള വ്യവസ്ഥകൾക്ക് വിധേയമായി, സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) ** ** ** **

(ii) സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും ഉണ്ടാക്കുകയോ, അവ ഭേദഗതി ചെയ്യുകയോ, റദ്ദാക്കുകയോ ചെയ്യുക;

** ** ** **

(xv) സർവ്വകലാശാലാ പരീക്ഷകൾ നടത്തുകയും, അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യുക;

** ** ** **

(xvii) പരീക്ഷകരുടെ പാനൽ അംഗീകരിക്കുകയും അവരുടെ വേതനം നിശ്ചയിക്കുകയും ചെയ്യുക;

** ** ** **

(xx) സ്വകാര്യ കോളേജുകളുടെ കാര്യങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് ഏർപ്പാടു ചെയ്യുകയും, നിർദ്ദേശം നൽകുകയും ചെയ്യുക, അവയുടെ കാര്യക്ഷമത നിലനിറുത്തുന്നതിനും, അവയിലെ ജീവനക്കാർക്ക് ശരിയായ സേവന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും, അവർക്ക് മതിയായ ശമ്പളം ലഭ്യമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക, അങ്ങനെയുള്ള നിർദ്ദേശങ്ങൾ അവഗണിക്കുന്ന സംഗതിയിൽ, അഫിലിയേഷനോ അംഗീകാരമോ സംബന്ധിച്ച വ്യവസ്ഥകൾക്ക് മാറ്റം വരുത്തുകയോ ഇതിലേക്ക് യുക്തമെന്ന് അതിനുതോന്നുന്ന മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുക;

** ** ** **

(xxvi) ആവശ്യമെന്ന് അതു കരുതുന്ന പ്രൊഫസർ തസ്തികകളും റീഡർ തസ്തികകളും ലക്ച്ചർ തസ്തികകളും, അദ്ധ്യാപനമോ ഗവേഷണപരമോ ആയ മറ്റു തസ്തികകളും സൃഷ്ടിക്കുക;

എന്നാൽ അങ്ങനെയുള്ള പ്രൊഫസർ തസ്തികയോ റീഡർ തസ്തികയോ ലക്ചർ തസ്തികയോ അദ്ധ്യാപനമോ ഗവേഷണപരമോ ആയ മറ്റു തസ്തികയോ അതു ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതിനേക്കാൾ ചെലവ് ഉണ്ടാക്കുന്നപക്ഷം സർക്കാരിന്റെ

മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, സിൻഡിക്കേറ്റ് സൃഷ്ടിക്കുവാൻ പാടുള്ളതല്ല.

** ** ** **

(xxxiv) മറ്റു സർവ്വകലാശാലകളും മറ്റു അധികാരസ്ഥാനങ്ങളുമായി അതു തീരുമാനിക്കാവുന്ന പ്രകാരമുള്ള രീതിയിലും അങ്ങനെയുള്ള അവശ്യത്തിനും സഹകരിക്കുക;

** ** ** **

26. അക്കാഡമിക് കൗൺസിൽ.—(1) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ വിദ്യാസംബന്ധമായ നികായമായിരിക്കുന്നതാണ്.

(2) അക്കാഡമിക് കൗൺസിലിൽ ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയിലെ ശിക്ഷണവും വിദ്യാഭ്യാസവും പരീക്ഷകളും നിയന്ത്രിക്കുകയും ക്രമീകരിക്കുകയും അവയുടെ നിലവാരം നിലനിർത്തുന്നതിന് ഉത്തരവാദിയായിരിക്കുകയും സ്റ്റാറ്റ്യൂട്ടുകളാൽ അതിന് നൽകാവുന്ന തോ അതിന്റെ മേൽ ചുമത്താവുന്നതോ ആയ മറ്റു അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതുമാകുന്നു.

(3) അക്കാഡമിക് കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ;

(ബി) പ്രോ-വൈസ് -ചാൻസലർ;

(സി) പൊതു വിദ്യാഭ്യാസ ഡയറക്ടർ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(ഇ) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ;

(എഫ്) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ;

(ജി) ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ;

(എച്ച്) വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ;

(ഐ) വിദ്യാഭ്യാസ ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സംസ്ഥാന കൗൺസിലിന്റെ ഡയറക്ടർ;

(ജെ) ഫാക്കൽറ്റികളുടെ ഡീനുകൾ;

(കെ) ഫാക്കൽറ്റികളുടെ ഡീനുകളല്ലാത്ത സർവ്വകലാശാലയിലെ പഠനവും ഗവേഷണവും സംബന്ധിച്ച എല്ലാ ഡിപ്പാർട്ടുമെന്റുകളിലെയും തലവൻമാർ;

(എൽ) അക്കാഡമിക് കൗൺസിലിൽ മറ്റു വിധത്തിൽ അംഗങ്ങളല്ലാത്ത എല്ലാ സിൻഡിക്കേറ്റ് അംഗങ്ങളും;

(എം) പ്രൊഫഷണൽ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഇടയിൽനിന്നും ഫാക്കൽറ്റികളുടെ ഡീനുകൾ അല്ലാത്ത മൂന്ന് അംഗങ്ങൾ, അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് പ്രൊഫഷണൽ കോളേജിലെ പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(എൻ) പൗരസ്ത്യ ഭാഷാ കോളേജുകളല്ലാത്ത ഒന്നാം ഗ്രേഡ് കോളേജുകളിലെ പ്രിൻസിപ്പൽമാർ അവരുടെ ഇടയിൽ തെരഞ്ഞെടുത്ത ഫാക്കൽറ്റികളുടെ ഡീനുകൾ അല്ലാത്ത ഏഴ് അംഗങ്ങൾ, അവരിൽ ഒരാളെങ്കിലും ഒരു ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പൽ ആയിരിക്കേണ്ടതാണ്;

(ഒ) പൗരസ്ത്യ ഭാഷാ കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ ഇടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഫാക്കൽറ്റികളുടെ ഡീനുകൾ അല്ലാത്ത ഒരു അംഗം;

(പി) ഓരോ പഠനവിഷയത്തിൽ നിന്നും ഫാക്കൽറ്റി ഡീനോ സർവ്വകലാശാല ഡിപ്പാർട്ടുമെന്റ് മേധാവിയോ പ്രിൻസിപ്പലോ അല്ലാത്ത ആ വിഷയത്തിലെ അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും തെരഞ്ഞെടുത്ത ഒരംഗം വീതം;

(ക്യൂ) സർവ്വകലാശാല പ്രദേശത്തുള്ള സെക്കന്ററി സ്കൂളുകളിലെ ഹെഡ്മാസ്റ്റർ മാരുടേയും അദ്ധ്യാപകരുടേയും ഇടയിൽനിന്ന് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം വീതം;

(ആർ) ഫാക്കൽറ്റികളുടെ മുഴുവൻസമയ ബിരുദാനന്തര വിദ്യാർത്ഥികൾ തങ്ങളുടെ ഇടയിൽ നിന്നും ഓരോ ഫാക്കൽറ്റിയേയും പ്രതിനിധീകരിച്ച് തെരഞ്ഞെടുക്കുന്ന ഒരു അംഗം; കൂടാതെ

(എസ്) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പുറമെനിന്നുള്ള ഏഴ് വിദഗ്ധൻമാർ, അവരിൽ രണ്ട്പേർ, കോമേഴ്സിലോ, ബിസിനസ് മാനേജ്മെന്റിലോ, ഇൻഡസ്ട്രിയൽ ടെക്നോളജിയിലോ വിദഗ്ദരായിരിക്കണം.

(4) (3)-ാം ഉപവകുപ്പിലെ (എ) മുതൽ (ഐ) വരെ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള അംഗങ്ങളല്ലാതെയുള്ള അക്കാഡമിക് കൗൺസിലിലെ അംഗങ്ങൾ കൗൺസിൽ രൂപീകരിക്കുന്ന തീയതി മുതൽ നാലുവർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു ബിരുദാനന്തര ബിരുദ വിദ്യാർത്ഥി എന്ന നിലയിൽ അക്കാഡമിക് കൗൺസിലിൽ അംഗമായിത്തീർന്ന ഒരാൾ ബിരുദാനന്തര ബിരുദ വിദ്യാർത്ഥിയല്ലാതായിത്തീരുമ്പോൾ അംഗമല്ലാതായിത്തീരുന്നതാണ്.

27. അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അക്കാഡമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും പ്രവൃത്തികളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(v) വിവിധ പഠന കോഴ്സുകളിലും പരീക്ഷകളിലും ഉള്ള പ്രവേശനത്തിന് വിദ്യാർത്ഥികൾക്ക് വേണ്ട യോഗ്യതകളും ഇളവുകളുമനുവദിക്കുന്നതിനുള്ള നിബന്ധനകളും നിർണ്ണയിക്കുക;

(vi) വിദ്യാഭ്യാസ നിലവാരം നിലനിറുത്തുന്നതിനുവേണ്ടി വിവിധ പഠന കോഴ്സുകൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുക;

** ** ** **

(viii) ഗവേഷണത്തിനും വിജ്ഞാനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(ix) സർവ്വകലാശാലയ്ക്കാവശ്യമുള്ള പ്രൊഫസർ തസ്തികകളും റീഡർ തസ്തികകളും ലക്ചറർ തസ്തികകളും അദ്ധ്യാപനവും ഗവേഷണവും സംബന്ധിച്ച മറ്റ് തസ്തികകളും സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക;

(x) ഫെല്ലോഷിപ്പുകളും, ട്രാവലിംഗ് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും സ്റ്റുഡന്റ് ഷിപ്പുകളും, മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുക;

(xi) സർവ്വകലാശാല ഏതെല്ലാം ബിരുദങ്ങളും ഡിപ്ലോമകളും വിദ്യാ സംബന്ധമായ ഡിസ്റ്റിംഗ്ഷനുകളും നൽകണമെന്ന് തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകുക;

** ** ** **

(xiii) അഫിലിയേറ്റ് ചെയ്ത കോളേജുകളിലെയും അംഗീകൃത സ്ഥാപനങ്ങളിലെയും പഠനവും അദ്ധ്യാപനവും ഏകോപിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക;

(xiv) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും റഗുലേഷനുകളാലും, ചട്ടങ്ങളാലും, ബൈലാകളാലും അതിൽ നിക്ഷിപ്തമാക്കാവുന്നതോ അതിന്മേൽ ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുകയും ചെയ്യുക.

28. ഫാക്കൽറ്റികൾ.— (1) ** **

(3) ഓരോ ഫാക്കൽറ്റിയും, താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(എ) ഫാക്കൽറ്റിയിൽ ഉൾപ്പെടുന്ന പഠന ബോർഡുകളുടെ ചെയർമാൻമാർ;

(ബി) ഓരോ പഠന ബോർഡിൽ നിന്നുള്ള രണ്ട് അംഗങ്ങൾ;

(സി) സിൻഡിക്കേറ്റ്, അദ്ധ്യാപകരുടെ ഇടയിൽ നിന്നും നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാതെയും പത്തിൽ കവിയാതെയും ഉള്ള അംഗങ്ങൾ;

(ഡി) സർവ്വകലാശാലയ്ക്ക് പുറത്തുള്ളവരും തങ്ങളുടെ വൈദഗ്ദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്നവരുമായ രണ്ടുപേർ.

** ** ** **

30. <u>പഠന ബോർഡുകൾ</u>.—(1) സർവ്വകലാശാലയുടെ പഠനത്തിനുള്ള ഓരോ ഡിപ്പാർട്ടുമെന്റിനോടും ചേർന്ന് ഒരു പഠനബോർഡ് ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ, ഓരോ ഡിപ്പാർട്ടുമെന്റിലേയും ബിരുദാനന്തര പഠനങ്ങൾക്ക് പ്രത്യേക പഠന ബോർഡുകൾ ഉണ്ടാകാവുന്നതാണ്.

(2) പഠന ബോർഡുകളുടെ ഘടനയും അധികാരങ്ങളും ചുമതലകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

(3) പഠന ബോർഡുകളിലെ അംഗങ്ങൾ അവർ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതി മുതൽ രണ്ട് വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ്.

31. <u>വിദ്യാർത്ഥി കൗൺസിൽ</u>.— (1) ** **

** ** ** **

(2) വിദ്യാർത്ഥി കൗൺസിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

** ** ** **

(ബി) സർവ്വകലാശാല യൂണിയൻ ചെയർമാൻ;

** ** ** **

32. വിദ്യാർത്ഥി കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—(1) ഈ ആക്റ്റിലെയും, സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, വിദ്യാർത്ഥി കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും, കർത്തവ്യങ്ങളും, ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) കോഴ്സുകളുടെ ഘടനയും, ശിക്ഷണരീതിയും വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം, സർവ്വകലാശാലയിലെ സംഘടിത ജീവിതവും, സർവ്വകലാശാലയിലെ പഠന പദ്ധതിയിലുള്ളതും, പാഠ്യേതരവുമായ പ്രവർത്തനങ്ങളും പോലുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സംബന്ധമായ പ്രവർത്തനത്തെ ബാധിക്കുന്ന കാര്യങ്ങളിൽ സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും ശുപാർശകൾ സമർപ്പിക്കുക;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കവും ക്ഷേമവും, കായിക വിനോദങ്ങൾ, സാഹിത്യ സമാജങ്ങളുടെയും മറ്റു സമാജങ്ങളുടെയും പ്രവർത്തനം, ഹോസ്റ്റലുകളുടെയും, വിദ്യാർത്ഥി മന്ദിരങ്ങളുടെയും, സ്ഥലത്ത് താമസിക്കാത്ത വിദ്യാർത്ഥികൾക്കായുള്ള കേന്ദ്രങ്ങളുടെയും നടത്തിപ്പ്, വികസനപരിപാടി, സാമൂഹ്യപരിപാടി, വിദ്യാർത്ഥികളുടെ ആരോഗ്യം, നാഷണൽ സർവ്വീസ് സ്കീം, നാഷണൽ കേഡറ്റ് കോർ എന്നിവയും സ്റ്റാറ്റ്യൂട്ടുകളിൽ പ്രത്യേകം പറയപ്പെടാവുന്ന മറ്റു സംഗതികളോടും ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും സംബന്ധിച്ച് സിൻഡിക്കേറ്റിനും അക്കാഡമിക് കൗൺസിലിനും നിർദ്ദേശങ്ങൾ നൽകുക;

(സി) വിദ്യാർത്ഥികളെ സംബന്ധിച്ച ഏതൊരു സംഗതിയെയും സംബന്ധിച്ച് സർവ്വകലാശാലയുടെ ഏതൊരു അധികാരസ്ഥാനത്തെയും അതിന്റെ അഭിപ്രായങ്ങളും, വീക്ഷണങ്ങളും ശുപാർശകളും അറിയിക്കുക:

എന്നാൽ ഒരു സംഗതി, വിദ്യാർത്ഥികളെ സംബന്ധിക്കുന്നതാണെന്നോ അല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉദിക്കുന്നെങ്കിൽ ആ പ്രശ്നം വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ തീരുമാനിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ഡി) വിദ്യാർത്ഥികളുടെ സാമാന്യമായ ക്ഷേമത്തിന് ആവശ്യമായ നടപടികൾ എടുക്കുക; കൂടാതെ

(ഇ) ഈ ആക്റ്റിനാലോ, സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ, റെഗുലേഷനുകളാലോ അതിനു നൽകാവുന്നതോ, ചുമത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

(2) വിദ്യാർത്ഥി കൗൺസിൽ നൽകിയ ശിപാർശകളും നിർദ്ദേശങ്ങളും വിശദമാക്കുന്ന കാലിക റിപ്പോർട്ടുകളും, അങ്ങനെയുള്ള ശിപാർശകളും നിർദ്ദേശങ്ങളും ഏത് അധികാരസ്ഥാനങ്ങൾക്കാണോ നൽകിയിട്ടുള്ളത് ആ അധികാരസ്ഥാനങ്ങൾ അവയിന്മേൽ എടുത്തിട്ടുള്ള നടപടിയും അങ്ങനെയുള്ള ശിപാർശകളും നിർദ്ദേശങ്ങളും നൽകിട്ടുള്ള അധികാരസ്ഥാനങ്ങൾ യാതൊരു നടപടിയും എടുത്തില്ലെങ്കിൽ അതിനുള്ള കാരണവും, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ, സിൻഡിക്കേറ്റിന്റേയും വിദ്യാർത്ഥി കൗൺസിലിന്റേയും മുമ്പാകെ വയ്പിക്കാൻ ഏർപ്പാടു ചെയ്യേണ്ടതാണ്.

33. ഫൈനാൻസ് കമ്മിറ്റി.—(1) സർവ്വകലാശാലയെ സംബന്ധിച്ച ധനപരമായ ഏതൊരു പ്രശ്നത്തിലും ഉപദേശം നൽകുന്നതിനായി ഒരു ഫൈനാൻസ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഫൈനാൻസ് കമ്മിറ്റി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയതായിരിക്കേണ്ടതാണ്, അതായത്:—

(എ) വൈസ്-ചാൻസലർ - അദ്ദേഹം അതിന്റെ ചെയർമാനായിരിക്കുന്നതാണ്;

(ബി) പ്രോ-വൈസ് ചാൻസലർ;

(സി) സെനറ്റ് അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഡി) സിൻഡിക്കേറ്റ് അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരംഗം;

(ഇ) അക്കാഡമിക് കൗൺസിൽ അംഗങ്ങൾ തങ്ങളുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു അംഗം;

(എഫ്) ധനകാര്യവകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ; കൂടാതെ

(ജി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിക്ക് താഴെയല്ലാത്ത ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ.

(3) സർവ്വകലാശാലാ ഫൈനാൻസ് ആഫീസർ ഫൈനാൻസ് കമ്മിറ്റിയുടെ സെക്രട്ടറി ആയിരിക്കേണ്ടതാണ്.

(4) ഫൈനാൻസ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും അതിന്റെ അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതുൾപ്പെടെ, ധനകാര്യങ്ങളിലുള്ള അതിന്റെ നടപടിക്രമവും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതാണ്.

** ** ** **

36. <u>അംഗത്വത്തിനുള്ള അയോഗ്യതകൾ</u>.— (1) ഒരാൾ,—

(എ) ** ** ** **

(ബി) ബുദ്ധിസ്ഥിരതയില്ലാത്തയാളോ, ബധിരനോ മൂകനോ ആയ ആളോ; അല്ലെങ്കിൽ

** ** ** **

(ഡി) സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് ഏതെങ്കിലും നീതിന്യായ കോടതിയിൽ ശിക്ഷിക്കപ്പെട്ടയാളോ ; അല്ലെങ്കിൽ

** ** ** **

സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെടുവാനോ നാമനിർദ്ദേശം ചെയ്യപ്പെടുവാനോ അല്ലെങ്കിൽ നിയമിക്കപ്പെടുവാനോ അല്ലെങ്കിൽ അങ്ങനെയുള്ള അംഗമായി തുടരുവാനോ യോഗ്യനായിരിക്കുന്നതല്ല.

** ** ** **

38. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം</u>.— സിൻഡിക്കേറ്റിന് സ്വമേധയാ ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരട് പരിഗണനയ്ക്കെടുക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും സംഗതിയിൽ, ഒരു സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നതിന് മുൻപ് സിൻഡിക്കേറ്റ്, അദ്ധ്യയന സംബന്ധമായ കാര്യങ്ങളിൽ ആവശ്യമുള്ളപക്ഷം അക്കാഡമിക് കൗൺസിലിന്റെ ഉപദേശം നേടുകയും അത് പരിഗണിക്കുകയും ചെയ്യേണ്ടതാണ്.

(2) അക്കാഡമിക് കൗൺസിലിന് ഏതൊരു സ്റ്റാറ്റ്യൂട്ടിന്റെയും കരട് സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള കരട് സിൻഡിക്കേറ്റ് അതിന്റെ അടുത്ത യോഗത്തിൽ പരിഗണിക്കേണ്ടതുമാണ്.

(3) അക്കാഡമിക് കൗൺസിൽ നിർദ്ദേശിച്ച ഒരു കരട് സ്റ്റാറ്റ്യൂട്ട് സിൻഡിക്കേറ്റിന് അംഗീകരിക്കുകയും പാസ്സാക്കുകയും ചെയ്യുകയോ അല്ലെങ്കിൽ അത് തള്ളിക്കളയുകയോ സിൻഡിക്കേറ്റ് നിർദ്ദേശിക്കാവുന്ന ഭേദഗതികളോടൊപ്പം പൂർണ്ണമായോ ഭാഗികമായോ അത് പുനഃപരിശോധനയ്ക്ക് അക്കാഡമിക് കൗൺസിലിലേക്ക് മടക്കി അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൻ കീഴിൽ സിൻഡിക്കേറ്റ് മടക്കി അയയ്ക്കുന്ന ഏതൊരു കരടും സിൻഡിക്കേറ്റ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ഭേദഗതികളോടൊപ്പം അക്കാഡമിക് കൗൺസിൽ വീണ്ടും പരിഗണിച്ചശേഷം അത് അതിന്മേലുള്ള അക്കാഡമിക് കൗൺസിലിന്റെ റിപ്പോർട്ടോടുകൂടി വീണ്ടും സിൻഡിക്കേറ്റ് മുൻപാകെ വയ്ക്കേണ്ടതും അതിനുശേഷം സിൻഡിക്കേറ്റിന് ഉചിതമെന്നു തോന്നുന്ന ഏതെങ്കിലും രീതിയിൽ പ്രസ്തുത കരട് കൈകാര്യം ചെയ്യാവുന്നതുമാണ്.

(5) സിൻഡിക്കേറ്റിന് ഏതെങ്കിലും സ്റ്റാറ്റ്യൂട്ട് പാസ്സാക്കുന്നിടത്ത്, അത് ചാൻസലർക്ക് സമർപ്പിക്കേണ്ടതും ചാൻസലർ കൂടുതൽ പരിഗണനയ്ക്ക് സ്റ്റാറ്റ്യൂട്ട് സിൻഡിക്കേറ്റിലേക്ക് തിരിച്ച് റഫർ ചെയ്യുകയോ അല്ലെങ്കിൽ അതിന് തന്റെ അംഗീകാരം നൽകുകയോ അംഗീകാരം നൽകാതിരിക്കുകയോ ചെയ്യാവുന്നതാണ്.

(6) സിൻഡിക്കേറ്റ് പാസ്സാക്കുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലറുടെ അംഗീകാരം ലഭിക്കുന്നതുവരെ സാധുവായിരിക്കുകയോ പ്രാബല്യത്തിൽ വരികയോ ചെയ്യുന്നതല്ല.

(7) അക്കാഡമിക് കൗൺസിൽ സർവ്വകലാശാലയുടെ ഏതെങ്കിലും അധികാര സ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ അല്ലെങ്കിൽ സംവിധാനത്തെയോ

ബാധിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടിന്റെയോ സ്റ്റാറ്റ്യൂട്ടിന്റെ ഭേദഗതിയുടെയോ കരട് അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ആ നിർദ്ദേശത്തെക്കുറിച്ച് ഒരു അഭിപ്രായം പ്രകടിപ്പിക്കുന്നതിനൊരവസരം നൽകുന്നതുവരെ, നിർദ്ദേശിക്കാൻ പാടില്ലാത്തതും അപ്രകാരം പ്രകടിപ്പിക്കുന്ന ഏതൊരഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും സിൻഡിക്കേറ്റ് അത് പരിഗണിക്കേണ്ടതുമാണ്.

(8) സ്വകാര്യ കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച ഉപാധികളോ നടപടിക്രമമോ വ്യവസ്ഥചെയ്യുന്ന യാതൊരു സ്റ്റാറ്റ്യൂട്ടും സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയല്ലാതെ സിൻഡിക്കേറ്റ് പാസാക്കാൻ പാടുള്ളതല്ല.

** ** ** **

45. <u>സർവ്വകലാശാലയുടെ സെനറ്റിലേക്കും മറ്റു നികായങ്ങളിലേക്കും അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്</u>.—സർവ്വകലാശാലയുടെ സെനറ്റിലേക്കും മറ്റു നികായങ്ങളിലേക്കുമുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടു വഴിയായുള്ള ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ചും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട നടപടിക്രമമനുസരിച്ചും നടത്തേണ്ടതും അങ്ങനെയുള്ള തിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് രഹസ്യ ബാലറ്റുമൂലമായിരിക്കേണ്ടതുമാണ്.

** ** ** **

48. <u>സർവ്വകലാശാലാ ഫണ്ട്</u>.— (1) ** **

(2) കണ്ണൂർ സർവ്വകലാശാലാ ഫണ്ടിലുള്ള എല്ലാ പണവും സർക്കാർ ഖജനാവിലോ അല്ലെങ്കിൽ ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ സബ്സിഡിയറികളിലോ സർക്കാർ നിശ്ചയിക്കാവുന്ന പരിധിവരെ സൂക്ഷിക്കേണ്ടതാണ്.

** ** ** **

55. <u>സർവ്വകലാശാലാ കണക്കുകളുടെ ആഡിറ്റ്</u>.— സർവ്വകലാശാലയുടെ കണക്കുകൾ, 1994-ലെ കേരള ലോക്കൽഫണ്ട് ആഡിറ്റ് ആക്റ്റിൽ (1994-ലെ 14) വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ ആഡിറ്റ് ചെയ്യേണ്ടതാണ്.

** ** ** **

58. <u>കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ കോളേജുകൾക്കായുള്ള മാനേജിംഗ് കൗൺസിൽ.</u>—(1) ഒരു കോർപ്പറേറ്റ് മാനേജ്മെന്റ് അതിന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്വകാര്യ കോളേജുകൾക്കുമായി താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു മാനേജിംഗ് കൗൺസിൽ രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) സ്വകാര്യ കോളേജുകളുടെ മാനേജർ;

(ബി) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആവർത്തന ക്രമമനുസരിച്ച് ഒരു പ്രിൻസിപ്പൽ;

(സി) ഇതിലേക്ക് സ്റ്റാറ്റ്യൂട്ടുകളിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(ഇ) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമമനുസരിച്ച് എല്ലാ സ്വകാര്യകോളേജുകളിലെയും സ്ഥിരം അദ്ധ്യാപകരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന അഞ്ച് ആളുകൾ;

(എഫ്) എല്ലാ സ്വകാര്യ കോളേജുകളിലെയും കോളേജ് യൂണിയനുകളുടെയും ചെയർമാൻമാരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾ;

(ജി) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നടപടിക്രമമനുസരിച്ച് എല്ലാ സ്വകാര്യ കോളേജുകളിലെയും അനദ്ധ്യാപക ജീവനക്കാരിലെ സ്ഥിരം അംഗങ്ങളുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരാൾ;

(എച്ച്) കോർപ്പറേറ്റ് മാനേജ്മെന്റ് നാമനിർദ്ദേശം ചെയ്യുന്ന പതിനഞ്ചിൽ കവിയാതെയുള്ള ആളുകൾ;

(2) സ്വകാര്യ കോളേജുകളുടെ മാനേജർ, മാനേജിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും ചട്ടങ്ങളിലെയും ബൈലാകളിലെയും ഉത്തരവുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി സ്വകാര്യ കോളേജുകളുടെ ഭരണത്തെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും കോർപ്പറേറ്റ് മാനേജ്മെന്റിനെ ഉപദേശിക്കേണ്ടത് മാനേജിംഗ് കൗൺസിലിന്റെ കർത്തവ്യമായിരിക്കുന്നതാണ്.

(4) യോഗങ്ങളിൽ ഹാജരായി വോട്ടുചെയ്യുന്ന അംഗങ്ങളുടെ കേവല ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ മാനേജിംഗ് കൗൺസിൽ തീരുമാനങ്ങൾ എടുക്കേണ്ടതാണ്.

** ** ** **

62. <u>സ്വകാര്യ കോളേജുകളിൽ അദ്ധ്യാപകരുടെ നിയമനം.</u>—(1) സർക്കാരിൽ നിന്നും ശമ്പളം ലഭിക്കാൻ അർഹതയുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം, സർക്കാരോ, അഥവാ സർക്കാർ അധികാരപ്പെടുത്തിയേക്കാവുന്ന അങ്ങനെയുള്ള ഉദ്യോഗസ്ഥനോ, അനുവദിച്ചിട്ടുള്ള തസ്തികളിലേക്ക് മാത്രമേ നടത്താൻ പാടുള്ളൂ.

** ** ** **

(9) ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും നിയമനംമൂലം സങ്കടമുള്ള ഏതൊരാൾക്കും അപ്പലേറ്റ് ട്രൈബ്യൂണലിന് മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

** ** ** **

66. സ്വകാര്യ കോളേജദ്ധ്യാപകരുടെമേലുള്ള അച്ചടക്കനടപടിക്ക് വിദ്യാഭ്യാസ ഏജൻസിക്കുള്ള അധികാരം.— (1)

** ** ** **

(3) ഒരു സ്വകാര്യ കോളേജദ്ധ്യാപകനെ പതിനഞ്ച് ദിവസത്തിൽ കൂടുതലുള്ള ഒരു കാലയളവിലേക്ക് സസ്പെന്റ് ചെയ്യുമ്പോൾ ആ സംഗതി സസ്പെൻഷനുള്ള കാരണങ്ങൾ സഹിതം വൈസ് ചാൻസലർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

** ** ** **

69. തദ്ദേശാധികാര സ്ഥാനങ്ങൾ മുതലായവയുടെ അംഗത്വം.— (1) ** **

(2) സംസ്ഥാന നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗമായി തിരഞ്ഞെടുക്കപ്പെടുകയോ അഥവാ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ഒരു അദ്ധ്യാപകന് നിയമസഭയിലേയോ അഥവാ പാർലമെന്റിലേയോ അംഗത്വകാലം ശമ്പളവും അലവൻസുമില്ലാത്ത അവധിയായി കരുതുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

** ** ** **

## അദ്ധ്യായം VIII എ

## സ്വയംഭരണ കോളേജ്

74 എ. സ്വയംഭരണ അംഗീകാര സമിതി.—സർക്കാരിൽ, താഴെ പറയുന്ന അംഗങ്ങളടങ്ങിയ ഒരു സ്വയംഭരണ അംഗീകാര സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്;

(ബി) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ;

(സി) ഗവൺമെന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്;

(ഡി) കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നിവയുടെ വൈസ്-ചാൻസലർമാർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഒരു പ്രതിനിധി;

(എഫ്) കേരള സർക്കാരിന്റെ നിയമ സെക്രട്ടറി;

(ജി) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.

(2) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ്-ചെയർമാൻ സ്വയംഭരണ അംഗീകാര സമിതിയുടെ വൈസ്-ചെയർമാൻ ആയിരിക്കുന്നതും ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(3) ഗവൺമെന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സ്വയംഭരണ അംഗീകാര സമിതിയുടെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്.

(4) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സ്വയംഭരണ അംഗീകാര സമിതി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ, അത് അക്കാദമിക സ്വയംഭരണം നൽകുന്നതുമായി ബന്ധപ്പെട്ടിടത്തോളം, സർവ്വകലാശാല പാലിക്കേണ്ടതാണ്.

(5) സ്വയംഭരണ അംഗീകാര സമിതിയുടെ എല്ലാ നിർദ്ദേശങ്ങളും സമിതിയുടെ ഉത്തരവുകളുടെയോ പരിപത്രങ്ങളുടെയോ അല്ലെങ്കിൽ കത്തുകളുടെയോ രൂപത്തിൽ പുറപ്പെടുവിക്കേണ്ടതാണ്.

(6) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, സ്വയംഭരണ അംഗീകാര സമിതിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ അധികാരങ്ങളും ചുമതലകളും, അതതുസംഗതിപോലെ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക കൗൺസിൽ എന്നിവ നിർവ്വഹിക്കുന്നതിനായി സർവ്വകലാശാലയ്ക്കോ അല്ലെങ്കിൽ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്:

എന്നാൽ, സർക്കാരിന്, ഏതുസമയത്തും, അങ്ങനെ ഏൽപ്പിച്ചുകൊടുത്തത്, ഗസറ്റ് വിജ്ഞാപനംവഴി, പിൻവലിക്കാവുന്നതാണ്.

** ** ** **

74 എസ്. ഈ അദ്ധ്യായത്തിനുകീഴിലുള്ള സമിതികളിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ ഏതെങ്കിലും നടപടിയെ അസാധുവാക്കുന്നതല്ലെന്ന്.—ഈ അദ്ധ്യായത്തിൻകീഴിൽ, സ്വയംഭരണ അംഗീകാര സമിതിയുടെയോ ഒരു സ്വയംഭരണ കോളേജിന്റെ അക്കാദമിക കൗൺസിലിന്റെയോ ഒരു സ്വയംഭരണ കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസിന്റെയോ ഗവേണിംഗ് കൗൺസിലിന്റെയോ യാതൊരു തീരുമാനവും അങ്ങനെയുള്ള സമിതിയിലോ കൗൺസിലുകളിലോ ബോർഡുകളിലോ ഉള്ള ഒഴിവുകൾ നികത്തിയിട്ടില്ല എന്ന കാരണത്താൽ അസാധുവാകുന്നതല്ല.

** ** ** **

## അദ്ധ്യായം IX

## പലവക

** ** ** **

91. പരീക്ഷകളിൽ അദ്ധ്യാപകരുടെ ക്രമക്കേടുകൾക്കുള്ള ശിക്ഷ.—(1) അഫിലിയേറ്റ് ചെയ്ത ഒരു കോളേജിലെ ഏതെങ്കിലും അദ്ധ്യാപകനോ അല്ലെങ്കിൽ സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകനോ,—

(എ) സർവ്വകലാശാല നടത്തുന്ന ഒരു പരീക്ഷയിൽ ഏതെങ്കിലും പരീക്ഷാർത്ഥിയെ അങ്ങനെയുള്ള പരീക്ഷയിൽ എന്തെങ്കിലും ക്രമക്കേട് കാണിക്കുന്നതിന് മൗനാനുവാദം നൽകുകയോ, അല്ലെങ്കിൽ സഹായിക്കുകയോ; അല്ലെങ്കിൽ

(ബി) അങ്ങനെയുള്ള ഏതെങ്കിലും പരീക്ഷയിൽ, മൂല്യനിർണ്ണയം ചെയ്യാൻ അദ്ദേഹത്തിനു നൽകിയ പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുവാനും അവ തിരിച്ചുനൽകുവാനും കാലതാമസം വരുത്തുകയോ;

ചെയ്യുന്നവെങ്കിൽ, അയാൾക്കെതിരെ എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം വരാത്തവിധം അച്ചടക്ക നടപടിക്ക് വിധേയനാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ നടപടി എടുക്കാനുദ്ദേശിക്കുന്ന എല്ലാ സംഗതികളിലും അദ്ധ്യാപകന്റെ നിയമനത്തിനുള്ള അംഗീകാരം സസ്പെൻഡ് ചെയ്യാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **